

# മാർ കരിയാറ്റിയും
# കത്തോലിക്കാ കോൺഗ്രസ്സും

ജോൺ കച്ചിറമറ്റം

www.malankaralibrary.com

L. Andrews

# മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686651
ഫോൺ 04822 260434
Mob: 9447662076

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

(Malayalam)

**MAR KARIATTIYUM CATHOLICA CONGRESSUM**

By

**JOHN KACHIRAMATTAM**

First Edition
26.01.2015

Copy right
Dr. Kachiramattam Foundation

Published by
Dr. Kachiramattam Foundation

DTP setting
C-CAD Graphics, Erattupetta Ph: 272852

Cover design
Joseph Francies Pala Ph:9447137342

Printed at
Penta offset, Kottayam

Price Rs.75/-

Distributor
Dr. Kachiramattam Foundation
Pizhak P.O.
686655

## ജോൺ കച്ചിറമറ്റം

*രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി.*

*കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി., കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യുണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാസമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. കച്ചിറമറ്റം ഇതിനകം 48 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ലോകപര്യടനം നടത്തിയിട്ടുണ്ട്. സീറോ മലബാർ സഭയുടെ ഏറ്റവും വലിയ ബഹുമതിയായ സഭാതാരം ഉൾപ്പെടെ 26 അവാർഡുകൾക്കർഹനായിട്ടുണ്ട്.*

www.malankaralibrary.com

# ജോൺ കച്ചിറമറ്റം രചിച്ച ഗ്രന്ഥങ്ങൾ

| | | |
|---|---|---|
| 1. | കേരളസഭാരത്നങ്ങൾ ഒന്നാംഭാഗം | - ജീവചരിത്രം |
| 2. | കേരളസഭാരത്നങ്ങൾ രണ്ടാംഭാഗം | - ജീവചരിത്രം |
| 3. | കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം | - ജീവചരിത്രം |
| 4. | തച്ചിൽ മാത്തുത്തരകൻ | - ജീവചരിത്രം |
| 5. | ഷെവ.കുഞ്ഞിത്തൊമ്മൻ | - ജീവചരിത്രം |
| 6. | ബാരിസ്റ്റർ ജോർജ്ജ് ജോസഫ് | - ജീവചരിത്രം |
| 7. | എം.എം. വർക്കി | - ജീവചരിത്രം |
| 8. | എം.ഒ. ജോസഫ് നെടുങ്കുന്നം | - ജീവചരിത്രം |
| 9. | ബി. വെല്ലിംഗ്ടൺ | - ജീവചരിത്രം |
| 10. | നിധീരിക്കലച്ചനും ജാത്യൈക്യസംഘവും | - ജീവചരിത്രം |
| 11. | എം.എം. ജേക്കബ്ബ് | - ജീവചരിത്രം |
| 12. | തടവറയിലെ വടക്കനച്ചൻ | - ജീവചരിത്രം |
| 13. | വേലുത്തമ്പി ദളവായും കുണ്ടറവിളംബരവും | - ജീവചരിത്രം |
| 14. | വലിയകപ്പിത്താനും ദേവസഹായം പിള്ളയും | - ജീവചരിത്രം |
| 15. | അവിസ്മരണീയ വ്യക്തികൾ അപൂർവ്വ സംഭവങ്ങൾ ഒന്നാംഭാഗം | - ജീവചരിത്രം |
| 16. | അവിസ്മരണീയ വ്യക്തികൾ- അപൂർവ്വ സംഭവങ്ങൾ രണ്ടാംഭാഗം | - ജീവചരിത്രം |
| 17. | ഡോ. കച്ചിറമറ്റം ചരിത്രസ്മൃതികൾ | - ജീവചരിത്രം |
| 18. | ഹെന്ദോ-ഇന്ത്യയിലെ സഭ | - ജീവചരിത്രം |
| 19. | ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ | - ജീവചരിത്രം |
| 20. | എം.ഒ. ജോസഫ് ലഘുചരിത്രം | - ജീവചരിത്രം |
| 21. | തര്യത് കുഞ്ഞിത്തൊമ്മൻ വർഗ്ഗീയ വാദിയോ? | - ജീവചരിത്രം |
| 22. | ടി.ജെ. സാർ | - ജീവചരിത്രം |
| 23. | കുടിയേറ്റമേഖലയിലെ സൂര്യതേജസ് | - ജീവചരിത്രം |
| 24. | ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും | - ചരിത്രം |
| 25. | കാത്തലിക് ഗ്രീവൻസസ് | - ചരിത്രം |
| 26. | വിമോചനസമരം ഒരു ആമുഖം | - ചരിത്രം |
| 27. | വിദ്യാഭ്യാസ സമരചരിത്രം | - ചരിത്രം |
| 28. | സത്യത്തിന് നേരെ കണ്ണടയ്ക്കരുത് | - ചരിത്രം |
| 29. | നായർ ഈഴവ ഐക്യം | - ചരിത്രം |
| 30. | തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ | - ചരിത്രം |
| 31. | പനമ്പള്ളി പദ്ധതി - സത്യമെന്ത്? | - ചരിത്രം |
| 32. | എ.കെ.സി.സി. ലഘുചരിത്രം | - ചരിത്രം |
| 33. | സമുദായ സംഘടനകളുടെ നാൾവഴികൾ | - ചരിത്രം |
| 34. | മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസും | - ചരിത്രം |
| 35. | ലക്ഷ്യം തെറ്റുന്ന പൊതുപ്രവർത്തനം | - ജനറൽ |
| 36. | സാർവത്രിക സൂനഹദോസുകൾ | - ജനറൽ |
| 37. | സമുദായ സ്നേഹികളെ ഉണരൂ | - ജനറൽ |
| 38. | അണികളെ ആവശ്യമുണ്ട് | - ജനറൽ |
| 39. | കേരളം ചുവന്നതെങ്ങനെ? | - ജനറൽ |
| 40. | ഇടിമുഴക്കം കേട്ടതെപ്പോൾ | - ജനറൽ |
| 41. | ഓശാന ഗവേഷണങ്ങളുടെ തനിനിറം | - ജനറൽ |
| 42. | യേശുക്രിസ്തുമോസ്കോവിലോ? | - ജനറൽ |
| 43. | പ്രസിഡന്റിന്റെ കത്തുകൾ | - ജനറൽ |
| 44. | എന്റെ കലഹവും സംവാദവും (ഒന്നാംഭാഗം) | - ജനറൽ |
| 45. | എന്റെ കലഹവും സംവാദവും (രണ്ടാംഭാഗം) | - ജനറൽ |
| 46. | അൽമായരും കാലിക പ്രശ്നങ്ങളും | - ജനറൽ |
| 47 | ചവിട്ടുകൊട്ടയിൽനിന്നും സത്യം ഉയിർത്തെഴുന്നേൽക്കും | - ജനറൽ |
| 48. | പാപ്പായുടെ നാട്ടിൽ | - യാത്രാവിവരണം |

www.malankaralibrary.com

# ഉള്ളടക്കം


പുറം

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ

1. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും ................ 7
2. മാർ കരിയാറ്റി മെത്രാപ്പോലീത്ത ................ 13
3. മാർ കരിയാറ്റിയുടെ മരണശേഷം ................ 19
4. വിസ്മരിക്കപ്പെട്ട കരിയാറ്റി ................ 22
5. മാർ കരിയാറ്റി കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ................ 26
6. മാർ കരിയാറ്റി കമ്മറ്റിയുടെ അനന്തര പ്രവർത്തനവും വിജയസമാപ്തിയും ................ 32
7. ഞാൻ എന്റെ ദൃഷ്ടിയിൽ ................ 37
8. എറണാകുളം മിസ്സത്തിലെ റിപ്പോർട്ട് ................ 48
9. മാർ കാവുകാട്ട്, വി.സി. ജോർജ്ജ് എന്നിവരുടെ പ്രസംഗങ്ങൾ ........ 55
10. പുനഃസംസ്കാര നടപടികളെപ്പറ്റി അഭിവന്ദ്യപിതാക്കന്മാർ ................ 59
11. മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം ................ 62

www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ



കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 -ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 -ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ. ബി. യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിറ്റിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേറ്റ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാറ്റിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള

www.malankaralibrary.com

കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നില കളിൽ സേവനം അനുഷ്ഠിക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈറ്റ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയ മിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരി ക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിറ്ററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനി യുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമറ്റത്തിന്റെ പാവനസ്മ രണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ. 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം 57 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. ജോൺ കച്ചിറമറ്റം രചിച്ച 48-ാമത്തെ ഗ്രന്ഥമാണ് മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും. ഇതുകൂടാതെ നിരവധി ലഘു ലേഖകളും അച്ചടിച്ച് പ്രസദ്ധീകരിച്ചിട്ടുണ്ട്. ദീപിക സുഹൃത്തുക്കളെ ഉണരുക എന്ന ലഘുലേഖയുടെ 70000 കോപ്പികളാണ് 1966-ൽ അച്ചടിച്ചത്.

www.malankaralibrary.com

# 1. മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും

## പ്രീതി നോക്കാതെയും പേടികൂടാതെയും

മാറിനിന്ന് മെത്രാന്മാരെയും സന്യാസസഭാധികാരികളെയും കുറ്റം പറയുന്നത് വലിയൊരു വിനോദമാണിന്ന്. വൈദികരെപ്പറ്റി അൽമായരും ഇതുതന്നെ ചെയ്യുന്നു. എന്നാൽ ബന്ധപ്പെട്ട അധികാരി നേരെവന്നാൽ വിമർശകർ ആദരവോടെ കുമ്പിടുകയും ഉള്ളുതുറന്ന് സംസാരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. അഭിപ്രായപ്രകടനത്തിനുള്ള ഈ വൈമനസ്യം സഭയ്ക്ക് ദോഷം ചെയ്യുന്നുണ്ട്. സിയന്നായിലെ വി. കാതറിനോട് ഇവർ ശക്തിക്കും വെളിച്ചത്തിനും പ്രാർത്ഥിക്കണം. ആ വിശുദ്ധ മാർപാപ്പായുടെ മുഖത്തുനോക്കി കാര്യം പറയുവാൻ തന്റേടം കാണിച്ചു "കർദ്ദനാൾ മാർ ആന്റണി പടിയറ തന്റെ ധ്യാനപ്രസംഗങ്ങൾ ഒന്നിൽ പറഞ്ഞതാണിത്. പറയാനുള്ളത് മുഖത്തുനോക്കി പറയണമെന്നാണ് പടിയറ പിതാവിന്റെ നിലപാട്. പ്രീതിനോക്കാതെയും പേടികൂടാതെയും എന്ന് പിതാവ് പലപ്പോഴും ആവർത്തിക്കാറുണ്ട്. മാർ പടിയറ പിതാവിന്റെ വാക്കുകളുടെ ചൈതന്യം ഉൾക്കൊണ്ടാണ് ഈ ഗ്രന്ഥം ഞാൻ രചിക്കുന്നത്.

മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥം എഴുതേണ്ടിവരുമെന്നോ എഴുതണമെന്നോ ഞാൻ ഒരിക്കൽ പോലും വിചാരിച്ചിട്ടില്ല എന്നാൽ അങ്ങനെയൊരു ഗ്രന്ഥം ഞാൻ എഴുതാൻ ബാദ്ധ്യസ്ഥനായിരിക്കുന്നു.

പല ചരിത്ര സംഭവങ്ങൾക്കും പിൽക്കാലത്ത് വ്യാഖ്യാനങ്ങൾ നല്കി ശരിയായ ദിശയിൽ നിന്നും തിരിച്ചുവിടാൻ പലരും ശ്രമിക്കാറുണ്ട്. വ്യാഖ്യാനിക്കാൻ എന്തെങ്കിലും പഴുതുകൾ കണ്ടുപിടിക്കും എന്നിട്ട് സത്യത്തെ കുഴിച്ചുമൂടും. പലരംഗത്തും അത് നാം കണ്ടുകൊണ്ടിരിക്കുന്നു. സത്യത്തിൽ നിന്നും വ്യതിചലിച്ച് നടത്തുന്ന വ്യാഖ്യാനങ്ങൾ ശരിയാണെന്ന് ചിലരെങ്കിലും വിശ്വസിക്കാൻ ഇടയാകും. ശക്തിയും പ്രതാപവുമുള്ളവരാണ് അതിന് നേതൃത്വം നല്കുന്നതെങ്കിൽ അത് സാധാരണ ജനങ്ങളിൽ ഒട്ടേറെ തെറ്റിദ്ധാരണകൾ വളർത്തുവാൻ ഇടയാക്കും.

കേരള കത്തോലിക്കരുടെ സമുദായ സംഘടനയാണ് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ്. കേരളത്തിന്റെ ചരിത്രഗതിയെ തിരിച്ചു വിട്ട സംഘടനയാണതെന്ന് കേരളചരിത്രം പഠിക്കുന്നവർ തുറന്നു സമ്മതിക്കും.

www.malankaralibrary.com

എന്നാൽ ഇന്ന് ഉത്തരവാദപ്പെട്ടവരും ഉന്നതരുമായ ആളുകൾവരെ കത്തോലിക്കാ കോൺഗ്രസ് കഴിഞ്ഞ കാലങ്ങളിൽ ഒന്നും ചെയ്തിട്ടില്ലെന്നും ഒരു കടലാസ് സംഘടന മാത്രമായിരുന്നുവെന്നും പ്രചരിപ്പിക്കുകയും ചെയ്യുന്നു. കഴിഞ്ഞകാലപ്രവർത്തകരെയും പ്രവർത്തനങ്ങളെയും വിമർശിക്കുമ്പോൾ ഇന്നുള്ളവർ സന്തോഷിക്കുകയും ചെയ്യും. കേരള സമുദായ ചരിത്രം പഠിക്കാതെ വെറും കൈയടിക്കുവേണ്ടി നടത്തുന്ന പ്രസംഗങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന അപകടകരമായ സ്ഥിതിവിശേഷം നാം മനസ്സിലാക്കുന്നില്ല.

ആരും ഇന്നുവരെ നിഷേധിക്കപ്പെടാത്തതും എല്ലാവരും ഇന്നുവരെ അംഗീകരിച്ചതുമായ വസ്തുതയെ മനഃപൂർവ്വം മറച്ചുവക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. മനഃപൂർവ്വമാണെന്ന് ഞാൻപറയുന്നില്ല. ഇങ്ങനെയൊക്കെയേ സംഭവിക്കൂവെന്ന മുൻവിധിയാണ് അവരെ അങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്.

2014 നവംബർ 5-ാം തീയതി കേരളത്തിലെ ഒരു വന്ദ്യവൈദിക ശ്രേഷ്ഠനെ ഞാൻ സന്ദർശിച്ച് സമുദായസംഘടനയുടെ കഴിഞ്ഞ 100 വർഷത്തെ നാൾവഴികൾ വിശദീകരിക്കുകയുണ്ടായി. കേരളത്തിലെ വൈദിക മേലദ്ധ്യക്ഷന്മാർക്കു മാത്രം നല്കാനായി ഞാൻ തയ്യാറാക്കിയ നാൾവഴികളുടെ പ്രൂഫ് കൊടുത്തുകൊണ്ട് 20 മിനിട്ടോളം ആ പിതാവുമായി സംസാരിച്ചു. രണ്ടാംവത്തിക്കാൻ കൗൺസിൽ ആരംഭിക്കുന്നതിന് നാലര ദശാബ്ദങ്ങൾക്കു മുൻപ് ആരംഭിച്ച ഒരു സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സെന്നും ജനാധിപത്യ രീതിയിൽ ആണ് കോൺഗ്രസ്സ് ഇന്നുവരെ ചലിച്ചിരുന്നതെന്നും ഇന്ന് ആ മഹത്തായ പൈതൃകം തകർത്തുകൊണ്ട് കത്തോലിക്കാ കോൺഗ്രസിനെ ഒരു നോമിനേറ്റഡ് സംഘടനയാക്കി തീർത്തിരിക്കുന്നത് നിർഭാഗ്യകരവും വേദനാജനകവുമാണെന്നും അഭിവന്ദ്യ പിതാവിനോട് ഞാൻ പറയുകയുണ്ടായി. അപ്പോൾ പിതാവ് പറഞ്ഞു “നമ്മുടെ സമുദായത്തിൽ ഇതൊക്കെയേ നടക്കുകയുള്ളുവെന്ന്. രണ്ടാംവത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ കേരളത്തിൽ എങ്ങിനെ നടപ്പാക്കാൻ സാധിക്കുമെന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ. 1968-ൽ ആലുവായിൽ നടന്ന റീജയണൽ സെമിനാറിന്റെ തീരുമാനങ്ങൾ ഞാൻ പിതാവിന്റെ ശ്രദ്ധയിൽപ്പെടുത്തി നമ്മുടെ സമുദായത്തിൽ ഇതൊക്കെയേ നടക്കൂവെന്ന് പറഞ്ഞത് വേദനാജനകമാണെന്നും വിനയപൂർവ്വം പറയുകയും ചെയ്തു.

തുടർന്നു നടന്ന ചർച്ചയിൽ കത്തോലിക്കാ കോൺഗ്രസ്സിന് മെത്രാൻ സംഘം നല്കിയിട്ടുള്ള ആംഗീകാരത്തെപ്പറ്റിയും പ്രോത്സാഹനത്തെപ്പറ്റിയും പിതാവ് സംസാരിച്ചു. എനിക്ക് ആ വിഷയത്തെപ്പറ്റി ഒരു കാര്യം മാത്രമേ പറയാനുള്ളുവെന്ന് ഞാൻ പിതാവിനോട് പറഞ്ഞു. 1986-ൽ മാർ കരിയാറ്റിയുടെ 200-ാം ചരമവാർഷികവും പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 250-ാം ജന്മവാർഷികവും സംയുക്തമായി രാമപുരത്ത് വച്ച് ആഘോഷിച്ചു. കേരളത്തിലെ സീറോമലബാർ രൂപതകളിലെ എല്ലാ മെത്രാന്മാരെയും

www.malankaralibrary.com

ഞാനും രാമപുരം പള്ളി വികാരി ഫാ. മാത്യു മഠത്തിക്കുന്നേലുംകൂടി നേരിട്ട് ക്ഷണിച്ചു. അഭിവന്ദ്യപിതാക്കന്മാർ എല്ലാവരുംകൂടി ഈ ആഘോഷത്തോടനുബന്ധിച്ച് ഒരു സംയുക്ത ഇടയലേഖനം എഴുതണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. ഒരു ഡ്രാഫ്റ്റ് തയ്യാറാക്കിക്കൊണ്ടുവരുവാൻ അന്നത്തെ മേജർ ആർച്ച് ബിഷപ്പ് പറഞ്ഞു. അന്നത്തെ രാമപുരം ഫൊ. പള്ളി വികാരിയുമായി ആലോചിച്ച് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കി. ആ ഡ്രാഫ്റ്റിലെ ഒരു വാചകം നീക്കി ബാക്കി മുഴുവനും അതേപടി പ്രസിദ്ധീകരിച്ചു. ഒരു വാചകം മാത്രമേ മാറ്റിയുള്ളുവെന്ന് ഞാൻ പറഞ്ഞു. അതെന്താണ് മാറ്റിയ ഭാഗമെന്ന് പിതാവ് ആകാംഷയോടെ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: "മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിച്ചത് അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലാണ്." ഈ ഒരു വാചകം മാത്രമേ വിട്ടുകളഞ്ഞുള്ളു എന്ന് ഞാൻ പറഞ്ഞു. ഇതാണ് കത്തോലിക്കാ കോൺഗ്രസ്സിന് ലഭിച്ച അംഗീകാരവും പ്രോത്സാഹനവും. ആ ഒരു വാചകവുംകൂടി അതിൽ ചേർത്തിരുന്നുവെങ്കിൽ എന്ത് അപകടമായിരുന്നു ഉണ്ടാകുന്നതെന്ന് ഞാൻ ചോദിച്ചു.

ഒരു നിമിഷം പിതാവ് നിശബ്ദമായിരുന്നു. തുടർന്ന് പിതാവ് പറഞ്ഞു. നിങ്ങൾ എഴുതി കൊടുത്തതിലാണ് തെറ്റു പറ്റിയത്. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ഹൈരാർക്കിയുടെ ശ്രമങ്ങളോട് കത്തോലിക്കാ കോൺഗ്രസ് സഹകരിച്ചുവെന്നായിരുന്നു എഴുതേണ്ടിയിരുന്നത്. എങ്കിൽ ഇടയലേഖനത്തിൽ അതുകൂടി ചേർക്കുമായിരുന്നു.

ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഇന്നുവരെ ആരും പറയാത്ത കാര്യം-നിഷേധിക്കാത്ത കാര്യമാണ് പിതാവ് പറഞ്ഞത്. സത്യം എന്റെ സമുദായത്തെ അറിയിക്കണമെന്ന ചിന്ത എന്റെ മനസ്സിൽ രൂപം കൊണ്ടു. അതിനെന്തെല്ലാം മാറ്ററുകളാണ് ശേഖരിക്കേണ്ടത് ഞാൻ ചിന്തിച്ചു.

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കുന്നതിന് നേതൃത്വം നല്കുവാൻ കത്തോലിക്കാ കോൺഗ്രസ് ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തിരുന്നു. ആ കമ്മറ്റിയുടെ റിപ്പോർട്ടുമതി സത്യം ഗ്രഹിക്കാൻ. അത് കത്തോലിക്കാ കോൺഗ്രസ് തയ്യാറാക്കിയ റിപ്പോർട്ടാണെന്ന് വേണമെങ്കിൽ ആക്ഷേപം ഉന്നയിക്കാം. ഞാൻ സത്യദീപം ഓഫീസിൽ പോയി ഭൗതികാവശിഷ്ട പുനഃ സംസ്കാരത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്പെഷ്യൽ കണ്ടു. ഞാൻ അതിലെ പല ഭാഗങ്ങളും പകർത്തിയെടുത്തു. അത് എല്ലാംകൂടി ചേർക്കുമ്പോൾ പേജ് വളരെയാകും. പുനഃസംസ്കാര ചടങ്ങിനോടനുബന്ധിച്ച് ഷെവ. വി.സി. ജോർജ്ജ് പ്രസദ്ധീകരിച്ച സ്മരണിക അന്വേഷിച്ചു കണ്ടെത്തുവാൻ സാധിച്ചില്ല. 1961 സെപ്റ്റംബർ ലക്കം മിസ്സം കണ്ടു. അതിലും വളരെയധികം കാര്യങ്ങൾ കത്തോലിക്കാ

www.malankaralibrary.com

കോൺഗ്രസ്സിന് അനുകൂലമായിട്ട് ഞാൻ കണ്ടു. അതു മുഴുവൻ പ്രസിദ്ധീകരിക്കുന്നത് വലിയ പണചിലവാകും. അങ്ങനെയിരിക്കുമ്പോഴാണ് കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ എഴുതിയ ഞാൻ എന്റെ ദൃഷ്ടിയിൽ എന്ന ഗ്രന്ഥം ഒന്നുകൂടി വായിക്കാൻ കൈയിലെടുത്തത്. കത്തോലിക്കാ കോൺഗ്രസ്സാണ് മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചതെന്ന് ആ ഗ്രന്ഥത്തിൽ പാറേക്കാട്ടിൽ സംശയരഹിതമായി പറഞ്ഞിരിക്കുന്നു. കൂടുതൽ തെളിവുകൾ തേടി പോകേണ്ട കാര്യമില്ല. ആവശ്യത്തിന് ഇത് പ്രസിദ്ധീകരിച്ചാൽ മതിയാകുമെന്ന് എനിക്കു തോന്നി. കാർഡിനൽ പാറേക്കാട്ടിൽ എഴുതിയ രണ്ടാംഭാഗത്തിൽ 336 മുതൽ 347 വരെയുള്ള ഭാഗങ്ങൾ അതേപടി ചേർക്കുന്നു. സത്യം ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ആത്മകഥയിലെ ഭാഗം മാത്രം മതി.

## കൂടുതൽ തെളിവുകൾ

മാർസെബാസ്റ്റ്യൻ വയലിൽ, മാർ മാത്യു കാവുകാട്ട്, ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തുടങ്ങിയ പിതാക്കന്മാരുടെ കത്തുകളും പ്രസംഗങ്ങളും ഉദ്ധരിക്കാൻ ധാരാളമുണ്ട്. അവയൊക്കെ ഉദ്ധരിച്ച് സമയവും പണവും വ്യയം ചെയ്യേണ്ടതില്ല. സത്യദീപത്തിന്റെയും എറണാകുളം മിസ്സത്തിന്റെയും ഇതോടനുബന്ധിച്ചുള്ള സ്പെഷ്യലിൽ ചേർത്ത കാര്യങ്ങൾ തന്നെ വളരെയധികം പേജുകൾ വരും. അതുകൊണ്ട് ആ സാഹസത്തിന് ഞാൻ മുതിരുന്നില്ല.

തെറ്റായ വസ്തുതകളെ പലയവസരത്തിലും ഞാൻ എതിർക്കുകയും ധാരാളം തെളിവുകൾ ഹാജരാക്കി ശരിയായ വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. അതിനൊക്കെ കിട്ടാവുന്ന തെളിവുകൾ മുഴുവൻ ഞാൻ ഹാജരാക്കി. ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

വേലുത്തമ്പി ദളവായുടെ കുണ്ടറ വിളംബരത്തെയും വേലുത്തമ്പിയേയും പ്രശംസിച്ച് ചില കത്തോലിക്കാ പ്രസദ്ധീകരണങ്ങളിൽ പല പ്രാവശ്യം ലേഖനങ്ങൾ വന്നു. അത് എന്നെ വല്ലാതെ വേദനിപ്പിച്ചു. സഭയ്ക്കും സമുദായത്തിനും നിരവധി സേവനങ്ങൾ ചെയ്ത തച്ചിൽ മാത്തുത്തരകന് എതിരായും ലേഖനങ്ങൾ വന്നു. അതിലെ സത്യവിരുദ്ധമായ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവരുവാൻ 128 പേജിൽ ഞാൻ ഒരു ഗ്രന്ഥം പ്രസിദ്ധം ചെയ്തു. കുണ്ടറവിളംബരം പൂർണ്ണമായി അതിൽ ചേർത്തു. തച്ചിൽ മാത്തുത്തരകനെയും വേലുത്തമ്പിയേയും പറ്റിയുള്ള സത്യസന്ധമായ കാര്യങ്ങൾ ഞാൻ പ്രസിദ്ധീകരിച്ചു. അതിനുവേണ്ടി ഞാൻ 30000ത്തോളം രൂപ ചിലവാക്കി. ആ പുസ്തകത്തിന്റെ 50 കോപ്പികൾ പോലും ചിലവഴിക്കാൻ സാധിച്ചിട്ടില്ല.

വിമോചനസമരത്തിന്റെ ആദ്യ വെടിപൊട്ടിച്ചത് സുകുമാർ അഴീക്കോട് മാതൃഭൂമി പത്രത്തിൽ കൂടിയാണെന്ന് ഒരു ലേഖകൻ ഒരു കത്തോലിക്കാ

www.malankaralibrary.com

പ്രസിദ്ധീകരണത്തിൽ കൂടി 6 ലക്കങ്ങളിലായി ലേഖനം എഴുതി. അതു സത്യവിരുദ്ധമാണെന്നും വിമോചനസമരത്തിന്റെ ആദ്യ വെടി പൊട്ടിച്ചത് ദീപികയാണെന്നും തുടർന്ന് കേരളത്തിലെ മെത്രാന്മാർ ആയിരുന്നുവെന്നും തീയതികൾ കൃത്യമായി ഉദ്ധരിച്ചുകൊണ്ട് കഴിയുന്നത്ര വിവരങ്ങൾ ശേഖരിച്ച് ഞാൻ ഒരു ചെറുഗ്രന്ഥം 70 പേജിൽ എഴുതി. ഈ സമുദായത്തിന്റെ അഭിമാനം സംരക്ഷിക്കുവാനാണ് 18000 രൂപ മുടക്കി ആ പുസ്തകം പ്രസിദ്ധീകരിച്ചത്. 23 കോപ്പികൾ വിറ്റഴിച്ചു.

തിരുവിതാംകൂറിൽ നടന്ന ഉത്തരവാദ ഭരണപ്രക്ഷോഭണത്തിൽ ക്രൈസ്തവർ വേണ്ടതുപോലെ പ്രവർത്തിച്ചില്ലെന്നും കത്തോലിക്കർ സി.പി. യുടെ പുറകെ നടക്കുകയായിരുന്നുവെന്നും കാണിച്ച് ഒരു കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ ലേഖനം വന്നു. തിരുവിതാംകൂർ നാഷണൽ കോൺഗ്രസ്സ് ഉണ്ടാക്കാൻ സി.പി.യുടെ കൂട്ടത്തിൽ കൂടിയവരാണ് കത്തോലിക്കർ എന്നും ആ ലേഖനത്തിൽ എഴുതിപിടിപ്പിച്ചു. ആ വസ്തുതയെ ഞാൻ ഖണ്ഡിതമായി എതിർത്ത് ഒരു ഗ്രന്ഥം എഴുതി. തിരുവിതാംകൂർ നാഷണൽ കോൺഗ്രസിന്റെ യഥാർത്ഥ ശില്പികളുടെ പേര് എടുത്തുപറഞ്ഞ് കത്തോലിക്കരുടെ സംഭാവനകളെ എടുത്തുകാണിച്ചുകൊണ്ടും ഞാൻ ഒരു ചെറു പുസ്തകം തയ്യാറാക്കി 16000 രൂപാ അതിനുവേണ്ടി ചിലവാക്കി. എന്റെ സമുദായത്തിന്റെ അഭിമാനം സംരക്ഷിക്കുവാനാണ് ഞാൻ ആ ഗ്രന്ഥം രചിച്ചത്. വളരെ നന്നായി എന്ന് എല്ലാവരും തന്നെ പറഞ്ഞു പക്ഷെ 50 കോപ്പികൾ പോലും ആരും വാങ്ങിയില്ല.

ഒരു കത്തോലിക്കാ മഹായോഗത്തിൽ വച്ച് അഭിവന്ദ്യപിതാക്കന്മാരെ സാക്ഷി നിറുത്തി ഒരു കത്തോലിക്കൻ പറഞ്ഞു പനമ്പള്ളി പദ്ധതിയെ ഫാ. വില്യം പിന്താങ്ങി. അത് കത്തോലിക്കർക്ക് സ്വീകാര്യമായിരുന്നു. കച്ചിറമറ്റം പമ്പള്ളി പദ്ധതിയെ എതിർത്തത് ശരിയായില്ലായെന്നു പറഞ്ഞു.

1950-ലെ മലബാർ മെയിലും ദീപികയും ഞാൻ പരിശോധിച്ചു. ആ പദ്ധതിയെ കത്തോലിക്കാ സമുദായം ഒന്നാകെ എതിർത്തുവെന്നും സ്ഥാപിച്ചുകൊണ്ട് സമുദായ നേതാക്കളുടെ അക്കാലത്തെ പ്രസ്താവനകൾ ഉദ്ധരിച്ചുകൊണ്ട് പനമ്പള്ളി പദ്ധതി സത്യം എന്ത്? എന്ന ശീർഷകത്തിൽ ഞാൻ ഒരു പുസ്തകം എഴുതി. 160 പേജ്. അഭിവന്ദ്യ പിതാക്കന്മാരടക്കം പലരും എന്റെ ആ ഗ്രന്ഥത്തെ പ്രശംസിച്ചു. 22000 രൂപ ഞാൻ സത്യം വെളിച്ചത്തു കൊണ്ടുവരുവാൻ ചിലവഴിച്ചു. 30 കോപ്പികൾ വിൽക്കുവാൻ സാധിച്ചു.

തര്യത് കുഞ്ഞിത്തൊമ്മൻ നിയമസഭയിൽ രണ്ടു ജിറാഫിൽ ഒന്ന് കത്തോലിക്കനായിരിക്കണമെന്ന് വാദിച്ചതായി ഒരു സരസൻ ഒരു വിനോദ ഭാവന നടത്തി. അതു മുഴുവൻ ശരിയാണെന്നും കുഞ്ഞിത്തൊമ്മൻ ഒരു വർഗീയവാദിയായിരുന്നുവെന്നും സ്ഥാപിച്ചുകൊണ്ട് ഒരു ലേഖനം കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ വന്നു. ഉടൻതന്നെ തര്യത് കുഞ്ഞിത്തൊമ്മൻ ഒരു വർഗീയ വാദിയോ എന്ന ശീർഷകത്തിൽ ഒരു പുസ്തകം ഞാൻ 19000

www.malankaralibrary.com

രൂപാ ചിലവാക്കി എഴുതി കുഞ്ഞിത്തൊമ്മനെപ്പറ്റി പട്ടം, മന്നം, കേശവൻ, രാജരാജവർമ്മ, തുടങ്ങിയവർ എഴുതിയിട്ടുള്ള പ്രശംസാവാക്കുകൾ ചേർത്ത് ഒരു ഗ്രന്ഥം തയ്യാറാക്കി, ജിറാഫ് കഥ സംഭവിച്ചതല്ലെന്നും ഒരു കഥയാണെന്നും ഞാൻ സ്ഥാപിച്ചു. അതിനും 14000 രൂപാ ചിലവായി.

ഇങ്ങനെ ഈ സമുദായത്തിന് എതിരായി വരുന്ന എല്ലാ ആരോപണങ്ങളെയും നിഷേധിച്ചുകൊണ്ട് എഴുതിയ പുസ്തകങ്ങളും അതിന് ചിലവാക്കേണ്ടിവന്ന പണവും എത്രയെന്ന് ഞാൻ കണക്കു കൂട്ടുന്നില്ല. കിട്ടാവുന്ന തെളിവുകൾ എല്ലാം സംഘടിപ്പിച്ചാണ് ഞാൻ ഈ ചരിത്ര രേഖകൾ വെളിച്ചത്തുകൊണ്ടുവന്നത്. ലഭ്യമായ എല്ലാ തെളിവുകളും ഞാൻ ഹാജരാക്കി. എന്തു പ്രയോജനം എന്ന് ചിലപ്പോൾ ചിന്തിക്കാറുണ്ട്. എന്നെങ്കിലും എന്റെ വിശകലനങ്ങൾ സമുദായത്തിന് ഗുണം ചെയ്യുമെന്ന വിശ്വാസം എനിക്കുണ്ട്.

സത്യം കണ്ടെത്താനുള്ള എന്റെ ശ്രമത്തിന്റെ ഭാഗമായിട്ടാണ് മാർ കരിയാറ്റിയും കത്തോലിക്കാ കോൺഗ്രസ്സും എന്ന ഗ്രന്ഥം ഞാൻ തയ്യാറാക്കിയത്. കൂടുതൽ തെളിവുകളും സാക്ഷ്യങ്ങളും ഹാജരാക്കാൻ ഞാൻ തയ്യാറാണ്.

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവരുന്നതിന് ഹൈരാർക്കി നല്കിയ നേതൃത്വത്തോട് കത്തോലിക്കാ കോൺഗ്രസ് സഹകരിച്ചതേയുള്ളുവെന്ന് ആരുപറഞ്ഞാലും അത് അംഗീകരിക്കുവാൻ സാധിക്കുകയില്ല. കത്തോലിക്കാ കോൺഗ്രസിന്റെ ഇന്നത്തെ സാരഥികൾ നോമിനേറ്റ് ചെയ്യപ്പെട്ടവരാണ്. നോമിനേറ്റ് ചെയ്തവർ എന്തു പറഞ്ഞാലും അതംഗീകരിക്കുവാൻ മാത്രമേ ഇന്നത്തെ ഭാരവാഹികൾക്കു സാധിക്കുകയുള്ളു. അവർക്ക് ചരിത്രമല്ല കാര്യം, ഒത്തൊത്തു പറഞ്ഞ് എല്ലാം കൈപ്പടിയിൽ ഒതുക്കുക മാത്രമാണ് അവരുടെ ലക്ഷ്യം. അവരുടെ മുൻപിൽ ഈ ചരിത്രരേഖകൾക്ക് യാതൊരു പ്രസക്തിയുമില്ലെന്ന് എനിക്കറിയാം.



മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളുമായി എ.കെ.സി.സി. പ്രതിനിധികൾ എറണാകുളം ഠൗൺ റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ നല്കിയ സ്വീകരണം.

www.malankaralibrary.com

# 2. മാർ കരിയാറ്റി മെത്രാപ്പോലീത്ത

ഭാരത കത്തോലിക്കാ സഭാചരിത്രത്തിൽ മായാത്ത വ്യക്തിമുദ്രപതിച്ച മാർകരിയാറ്റി യൗസേപ്പ് മെത്രാപ്പോലീത്താ തിരുവിതാംകൂർ രാജ്യത്തിലെ ആലങ്ങാട്ട് ഇടവകയിൽ കരിയാറ്റിൽ കുടുംബത്തിൽ 1742 മെയ് 6-ാം തീയതി ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസാനന്തരം പതിമൂന്നാമത്തെ വയസ്സിൽ വൈദികവിദ്യാഭ്യാസത്തിനായി റോമിലെ പ്രൊപ്പഗാന്താ സർവ്വകലാശാലയിലേക്ക് അയയ്ക്കപ്പെട്ടു. 1755 ഏപ്രിൽ 7-ാം തീയതി റോമിലെത്തി പഠനം ആരംഭിച്ചു. പഠനത്തിൽ അതിസമർത്ഥനായ ജോസഫ് ഒരു മാതൃകാ വിദ്യാർത്ഥിയായിരുന്നു. 1766 ഫെബ്രുവരി 25-ാം തീയതി റോമിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. തത്വശാസ്ത്രത്തിലും സഭാ നിയമത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റ് ബിരുദം നേടി കേരളത്തിൽ തിരിച്ചെത്തിയ ജോസഫ് അച്ചൻ ആലങ്ങാട്ട് വൈദിക സെമിനാരിയിലെ മല്പാനായി നിയമിതനായി. ഡോക്ടർ ബിരുദം നേടിയ പ്രഥമ ഭാരതീയൻ എന്ന ബഹുമതി അദ്ദേഹം കരസ്ഥമാക്കി.

1653-ലെ കൂനൻകുരിശ് സത്യത്തെ തുടർന്ന് നസ്രാണി സമുദായം പുത്തൻകൂറ്റ് എന്നും പഴയകൂറ്റ് എന്നും രണ്ടായി പിളരുകയുണ്ടായല്ലോ. കൂനൻകുരിശ് സത്യത്തെ തുടർന്ന് യാക്കോബായ കൂട്ടുകെട്ടിൽ പെട്ടുപോയ സ്വസഹോദരങ്ങളെ മാതൃസഭയിലേക്ക് ആനയിക്കുന്നതിനുള്ള ശ്രമങ്ങൾ പല കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. കേരളസഭയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട വിദേശ മേധാവിത്വം അവസാനിപ്പിക്കാനുള്ള ശ്രമവും ആദ്യം മുതൽ തന്നെ നസ്രാണി ക്രിസ്ത്യാനികൾ നടത്തി. പള്ളിവീട്ടിൽ ചാണ്ടി മെത്രാനെ കേരളസഭയുടെ ഏതദ്ദേശീയ മെത്രാനായി വാഴിച്ചതോടെ പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണനുകത്തിനെതിരെ ഉയർന്നു വന്ന ബഹുജന രോഷം താൽക്കാലികമായി ശമിക്കുകയുണ്ടായി. ചാണ്ടി മെത്രാന്റെ പരിശ്രമഫലമായി പുത്തൻകൂറിലേക്ക് തിരിഞ്ഞ വലിയ ഒരു ജനത മാതൃസഭയെ അക്കാലത്തു തന്നെ ആശ്ലേഷിച്ചു. ചാണ്ടി മെത്രാനുശേഷം ഭരണം വീണ്ടും പോർട്ടുഗീസ് പിടിയിലായി. സെന്റ് തോമസിനാൽ സ്ഥാപിതമായ കേരളസഭയുടെ മേൽ വിദേശമേധാവിത്വം അടിച്ചേൽപ്പിക്കുവാൻ പോർട്ടുഗീസ് മെത്രാന്മാർ ശക്തമായ പ്രവർത്തനം ആരംഭിച്ചു. പുനരൈക്യ ശ്രമങ്ങളെ അവർ എതിർക്കുകയും ചെയ്തു. അക്കാലത്ത് യാക്കോബായ കൂട്ടുകെട്ടിൽ എൺപതിനായിരത്തോളം ആളുകൾ ആറാം മാർത്തോമ്മായുടെ (മാർ ദിവാന്നാസ്യോസ് പ്രഥമൻ) കീഴിൽ ഉണ്ടായിരുന്നു. അവരെയും കൂടി

www.malankaralibrary.com

മാർപ്പാപ്പയുടെ കൊടിക്കീഴിൽ കൊണ്ടുവരാനുള്ള എല്ലാ ശ്രമങ്ങളെയും വിദേശ മിഷനറിമാർ എതിർക്കുകയാണ് ചെയ്തത്.

പൗരസ്ത്യ ആചാരമര്യാദകളോടു കൂടിയ കേരളത്തിലെ ക്രൈസ്തവ സമുദായത്തെ ലത്തിനീകരിക്കുവാൻ പോർട്ടുഗീസ് ഭരണാധികാരികൾ സ്വീകരിച്ച കുത്സിതമാർഗ്ഗങ്ങളുടെ ആരംഭമായിരുന്നല്ലോ 1559-ലെ ഉദയം പേരൂർ സൂനഹദോസ്. അതുമുതൽ ഒരു വശത്ത് വിദേശമിഷനറിമാരുടെ ലത്തീനീകരണ ശ്രമവും മറുവശത്ത് ആ കുടുക്കിൽ നിന്നും രക്ഷപെടുവാനും സ്വന്തം വ്യക്തിത്വം നിലനിർത്തുവാനുമുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ യത്നവുമാണ് കേരളചരിത്രത്തിൽ നാം കാണുന്നത്. കേരള ക്രൈസ്തവ സമുദായം അതിന്റെ മുഴുവൻ കഴിവും ശക്തിയും ഈ സ്വാതന്ത്ര്യസമരത്തിൽ കേന്ദ്രീകരിച്ചിരുന്നുവെന്ന് പറയാം.

ആറാം മാർത്തോമ്മാ പുനരൈക്യത്തിനായി അങ്ങേയറ്റം ആഗ്രഹിച്ചു. പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും അതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്തു. ആറാം മാർത്തോമ്മാ കൊടുങ്ങല്ലൂരിലേയും വരാപ്പുഴയിലേയും മെത്രാന്മാരെ സമീപിച്ച് പുനരൈക്യത്തിനായി ശ്രമിച്ചു. അനുകൂലമായ തീരുമാനം ഉണ്ടായില്ല. ഈ അവസരത്തിൽ കരിയാറ്റി യൗസേപ്പു മല്പാൻ നിരണത്തുചെന്ന് ആറാം മാർത്തോമ്മായെ സന്ദർശിച്ചു. കത്തോലിക്കാസഭയിലേക്ക് ചേരുവാൻ താൻ എന്താണ് ചെയ്യേണ്ടതെന്ന് ആറാം മാർതോമ്മാ ആത്മാർത്ഥതയോടുകൂടി മാർ കരിയാറ്റിയോടു ചോദിച്ചു. മലബാറിന്റെ വികാരി അപ്പസ്തോലിക് ആയ സാലസ് മെത്രാന് ഒരു അപേക്ഷ അയയ്ക്കണമെന്നും അദ്ദേഹം അതിന് അനുകൂലിക്കാത്തപക്ഷം ഇക്കാര്യസാദ്ധ്യത്തിനായി സ്വന്തം ജീവൻപോലും പണയംവച്ച് റോമിന് പോകാമെന്നും കരിയാറ്റിമൽപാൻ മറുപടി പറഞ്ഞു. സാലസ് മെത്രാൻ, ആറാം മാർത്തോമ്മായുടെ അപേക്ഷ നിരസിക്കുകയും മെത്രാൻ പദവിയോടുകൂടി പുനരൈക്യത്തിന് അനുവദിക്കുകയില്ലെന്ന് അറിയിക്കുകയും ചെയ്തു. സാലസ് മെത്രാന്റെ ഈ നയം സുറിയാനി ക്രിസ്ത്യാനികളെ വല്ലാതെ വേദനിപ്പിച്ചു. ഒരു പ്രക്ഷോഭണത്തിലേക്ക് അവരെ തള്ളിവിടുകയും ചെയ്തു. കേരളത്തിലെ സുറിയാനിപ്പള്ളി പ്രതിനിധികൾ അങ്കമാലിപ്പള്ളിയിൽ ഒരുമിച്ചുകൂടി സുറിയാനി ക്രിസ്ത്യാനികളുടെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ റോമിൽ ധരിപ്പിക്കുന്നതിനും പ്രശ്നപരിഹാരത്തിനായി പരിശ്രമിക്കുന്നതിനുമായി ഒരു നിവേദകസംഘത്തെ തെരഞ്ഞെടുത്തു. യാത്രയ്ക്കാവശ്യമായ പണം പള്ളികളിൽ നിന്നും പിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു.

ആറാം മാർത്തോമ്മായുടെ പുനരൈക്യം സാധിക്കുക, മലബാറിലെ പ്രേക്ഷിതരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും പ്രതിവിധികളും റോമിനെ ബോദ്ധ്യപ്പെടുത്തുക, ലത്തീൻ മെത്രാന്മാരുടെ ഭരണഫലമായിയുണ്ടായ ഭിന്നിപ്പും അധഃപതനവുമെല്ലാം പരിഹരിച്ച് സ്വന്തം വ്യക്തിത്വവും

www.malankaralibrary.com

പാരമ്പര്യവും കാത്തുസൂക്ഷിക്കുവാൻ സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുക, മിഷനറിമാരുടെ സ്വഭാവദുഷ്യം മൂലം മലബാർകാർക്കുണ്ടായ ഉതപ്പും കോട്ടവുമെല്ലാം റോമിലെ മേലധികാരികളെ അറിയിച്ച് പരിഹാരം കണ്ടെത്തുക, എന്നീ ലക്ഷ്യങ്ങളോടെയാണ് നിവേദകസംഘത്തെ റോമിലേക്ക് കരിയാറ്റി മൽപാന്റെ നേതൃത്വത്തിൽ അയക്കുവാൻ തീരുമാനിച്ചത്.

മാർപ്പാപ്പയ്ക്ക് സമർപ്പിക്കുവാൻ ഒരു പൊതു ഹർജി എഴുതി യോഗം മൽപാനെ ഏൽപിച്ചു. യാത്രാചെലവിനുവേണ്ട പണം സുറിയാനി പള്ളിക്കാർ വീതിച്ചെടുത്തു. മൂന്നു വൈദീകരും രണ്ടു വൈദീകവിദ്യാർത്ഥികളുമടക്കം 32 പേർ യാത്രയ്ക്കൊരുങ്ങി. അവർ മൈലാപ്പൂരിൽ എത്തി. യാത്രയുടെ ദുർവഹമായ ചെലവും മറ്റു വൈഷമ്യങ്ങളും പരിഗണിച്ച് അധികമാളുകൾ കപ്പലിൽ കയറണ്ടായെന്ന് തീരുമാനിച്ചു. കരിയാറ്റി മെത്രനും കടനാട് പള്ളി വികാരിയും രാമപുരം ഇടവകക്കാരനുമായ പാറേമാക്കൽ തോമ്മാക്കത്തനാരും രണ്ടു വൈദികവിദ്യാർത്ഥികളും മാത്രം യാത്രപുറപ്പെട്ടു. യാത്രാസംഘം ഒരു പാക്കപ്പലിൽ മദ്രാസിൽ നിന്നും കയറി ദക്ഷിണേന്ത്യ ചുറ്റി, ആഫ്രിക്ക ചുറ്റി തെക്കേ അമേരിക്കയിലെ ബ്രസീൽവഴി യൂറോപ്പിലെത്തി. 1778 ഒക്ടോബർ 14 ന് പുറപ്പെട്ട സംഘം 1779 ആഗസ്റ്റിലാണ് പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ ചെന്ന് എത്തിയത്.

ലിസ്ബണിൽ ചെന്നെത്തിയ കരിയാറ്റിയും തോമ്മാക്കത്തനാരും പോർട്ടുഗീസ് രാജ്ഞിയേയും ലിസ്ബണിലെ മാർപ്പാപ്പയുടെ പ്രതിനിധിയേയുംകണ്ട് ഇടയനില്ലാതിരുന്ന കൊടുങ്ങല്ലൂർ ഇടവകയ്ക്ക് ഒരു മെത്രാപ്പോലീത്തായെ നിയമിക്കണമെന്നും, ആറാം മാർത്തോമ്മായേയും അനുയായികളേയും കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യണമെന്നും, 32 പേരെ പഠിപ്പിക്കുന്നതിന് സൗകര്യമുള്ള ഒരു സെമിനാരിയുടെ നടത്തിപ്പിന് വേണ്ട ആനുകൂല്യങ്ങൾ നൽകണമെന്നും അഭ്യർത്ഥിച്ചു.

മേൽപറഞ്ഞ കാര്യങ്ങൾ സാധിച്ചു കിട്ടുന്നതിന് മാർപ്പാപ്പയുടേയും മറ്റ് വൈദികാധികാരികളുടേയും സമക്ഷം അപേക്ഷ സമർപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ലിസ്ബണിലെ അധികാരികൾ പറഞ്ഞതിനാൽ മൽപാന്നും തോമ്മാക്കത്തനാരും വിദ്യാർത്ഥികൾ രണ്ടുപേരുംകൂടി 1779 ഒക്ടോബർ 4-ാം തീയതി റോമിന് പുറപ്പെട്ടു. 1780 ജനുവരിയിൽ റോമിലെത്തി പ്രൊപ്പഗാന്താ കോൺഗ്രിഗേഷന്റെ അധികാരികളേയും മാർപ്പാപ്പയേയും കണ്ട് നിവേദനങ്ങൾ സമർപ്പിച്ചു. വൈദിക വിദ്യാർത്ഥികളെ പ്രൊപ്പഗാന്താ കോളേജിൽ ചേർക്കുകയും ചെയ്തു. മിഷനറിമാരുടെ പ്രതികൂല റിപ്പോർട്ടുകൾ കാരണം പല പ്രതിബന്ധങ്ങളേയും നേരിടേണ്ടി വന്നു. ആറാം മാർത്തോമ്മായുടെ വിശ്വാസസത്യവും അപേക്ഷയും മാർപ്പാപ്പയ്ക്ക് സമർപ്പിച്ചു. പോർട്ടുഗലിൽ – ലിസ്ബണിൽ – നൽകിയ അപേക്ഷയിൽ പറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി ഒരു മെമ്മോറാണ്ടവും സമർപ്പിച്ചു. എന്നാൽ കൊടുങ്ങല്ലൂർ

www.malankaralibrary.com

അതിരൂപതപാദ്രുവാദോ ഭരണത്തിൽ ആയിരുന്നതുകൊണ്ട് അവിടുത്തെ ഭരണാധിപനെ നിയമിക്കുന്നതിന് പോർട്ടുഗൽ രാജാധികാരത്തിലെ ശുപാർശ ആവശ്യമായിരുന്നു.

മാർ കരിയാറ്റിയും, പാറേമാക്കൽ തോമ്മാക്കത്തനാരും റോമായിൽ നിന്നും 1780 ജൂൺ 20-ാം തീയതി ലിസ്ബണിലേക്ക് പുറപ്പെട്ടു. ജനോവാവഴി ജൂലായ് മദ്ധ്യത്തിൽ ലിസ്ബണിൽ എത്തിച്ചേർന്നു. മലബാർ (വരാപ്പുഴ) അപ്പസ്തോലിക്കാ വികാരിയാത്തിൽ പ്രൊപ്പഗാന്താ അധികാരത്തിൻ കീഴി ലായിരുന്ന കരിയാറ്റി മൽപാനും കൊടുങ്ങല്ലൂർ പദ്രുവാദോ ഭരണത്തിൻ കീഴിലായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരും റോമിലെ അനുഭ വങ്ങളും അവിടെ നിന്ന് ലഭിച്ച അറിവുകളും പോർട്ടുഗീസ് രാജ്ഞിയെ ധരിപ്പിച്ചു. രാജ്ഞിയും അവിടുത്തെ ചില പ്രധാന ഉദ്യോഗസ്ഥന്മാരും കരി യാറ്റിയുടെ വിശിഷ്ടഗുണങ്ങളും വിജ്ഞാനവും മാർത്തോമ്മാ ക്രിസ്ത്യാ നികളുടെ സുസ്ഥിതിക്കുവേണ്ടി നടത്തുന്ന അക്ഷീണ പരിശ്രമങ്ങളും കണ്ട് സന്തുഷ്ടരായി. 1782 ഡിസംബർ 16-ന് താഴെ കാണുന്ന കല്പന രാജ്ഞി മൽപാനെ ഏൽപ്പിച്ചു. "തന്നിലുള്ള പുണ്യങ്ങളും എഴുത്തുകളും മറ്റ് സ്തുതി ക്കടുത്ത തരങ്ങളും തന്റെ പെരുമസൂഖം വിചാരിച്ചു കണ്ടാറെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായിട്ടു തന്നെ പേരു വിളിപ്പാൻ തനിക്ക് (രാജ്ഞിക്ക്) പ്രസാദിക്കുകയും ചെയ്തു. എന്നാൽ ആയതിനും തനിക്കു വേണ്ടുന്ന പ്രാപ്തികളിന്മേലും ഉറപ്പിന്നടുത്ത തന്റെ പിടിപാട് സാധനത്തിന് വേണ്ടുന്ന വസ്തുക്കളുടെ യാത്രയാക്കിപ്പിന് മേലും ക്ലേശിപ്പാൻ വശമാക്കുവാൻ ഈ അവസ്ഥ തന്നോട് ഞാൻ അറിയിക്കുകയും ചെയ്യുന്നു." ആറാം പീയൂസ് മാർപ്പാപ്പ ഈ നിയമനം അംഗീകരിക്കുകയും ചെയ്തു. നസ്രാണികളുടെ ദീർഘസ്വപ്നം ഫലമണിഞ്ഞു. മാർ കരിയാറ്റിയെ ലത്തീൻ റീത്തുകാരനാ ക്കി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടാണ് മാർപ്പാപ്പ യുടെ ഉത്തരവുകിട്ടിയത്. പാലിയം ധരിക്കുന്നതിനുള്ള അനുവാദം നൽ കുന്ന മറ്റൊരു ബുളയും അതേ തീയതിയിൽ തന്നെ എഴുതപ്പെട്ടു. മാർ കരിയാറ്റിയുടെ മെത്രാഭിഷേകത്തെപ്പറ്റി പാറേമാക്കലിന്റെ ദൃക്സാക്ഷി വിവ രണം. "മിശിഹാ പിറന്നിട്ട് 1783-ാം മാണ്ട് കുംഭമാസം 17-ാം തീയതി 70-ാം ഞായർ എന്നു ചെല്ലപ്പെടുന്ന നോയമ്പിന്റെ പെത്രത്താ ഞായറാഴ്ചയുടെ തലെത്തലെ ഞായറാഴ്ച നാൾ ലിസ്ബോആയിൽ മാർ ബനദിക്കോസ് പുണ്യാളന്റെ ദർശനക്കാരുടെ സംബന്തു എന്ന ആശ്രമദേവാലയത്തിൽ വച്ച് മാർ പ്രംസീസ്കോസ ദെഅബസൂദ എന്ന ഗോവയുടെ പഴയ മെത്രാപ്പോലീ ത്തായിൽ നിന്നും മയ്യ എന്ന ദേശത്തിന്റെ മെത്രാൻ മാർ ബർത്തൽമയും മക്ക എന്ന ദേശത്തിന്റെ മെത്രാൻ മാർ അലക്കസന്ത്രയോസും നിന്നു സഹായിക്കുന്നപ്പോൾ മാർ യൗസേപ്പ് കരിയാറ്റി മുമ്പിൽ അങ്കമാലി എന്നും ഇന്ന് കൊടുങ്ങല്ലൂർ എന്നും ചൊല്ലപ്പെട്ട മലങ്കര ഇടവകയുടെയൊക്കെയും മെത്രാപ്പോലീത്താ വാഴ്ച കൈക്കൊള്ളുകയും ചെയ്തു."

www.malankaralibrary.com

മാർ കരിയാറ്റിയെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കുന്നതിൽ കേരളത്തിലെ കർമ്മലീത്താ മിഷനറിമാരും പോർട്ടുഗലിലെ ചില ഭരണാധികാരികളും അടങ്ങാത്ത അമർഷം കാണിച്ചുകൊണ്ടിരുന്നു. വരാൻ പോകുന്ന അപകടങ്ങൾ മുൻകൂട്ടികണ്ടുകൊണ്ട് നാലു സംഗതികൾ ചേർത്ത് രാജ്ഞിക്ക് ഒരപേക്ഷ സമർപ്പിച്ചു. മാർത്തോമ്മാ മെത്രാന്റെ പുനരൈക്യം, മലങ്കരക്കാർക്ക് സെമിനാരി തുടങ്ങുന്നതിനുള്ള അനുവാദവും. മലങ്കരക്കാരെ പദ്രുവോദായിൽപ്പെടുത്തിയതുകൊണ്ട് അതനുസരിച്ച് ശമ്പളം കൊടുക്കൽ എന്നീ കാര്യങ്ങളാണ് അപേക്ഷയിൽ ഉണ്ടായിരുന്നത്. മെത്രാപ്പോലീത്തായേയും തോമ്മാക്കത്തനാരേയും എത്രയും വേഗം മലങ്കരക്ക് തിരിച്ചയക്കണമെന്നും അപേക്ഷയിൽ പ്രത്യേകം എടുത്ത് പറഞ്ഞിരുന്നു.

കരിയാറ്റി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടശേഷവും ഒരു സുറിയാനിക്കാരൻ മെത്രാനായി വന്നാലുണ്ടാകുന്ന ഭവിഷത്തുകളെപ്പറ്റി പ്രതിപാദിച്ചുകൊണ്ടും അദ്ദേഹത്തെ മലയാളക്കരക്ക് തിരിച്ചയക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടും കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വിദേശമിഷനറിമാർ ലിസ്ബണിലേക്കും റോമിലേക്കും എഴുതിയിരുന്നു. മാർത്തോമ്മായുടെ പുനരൈക്യത്തിന് വിപരീതമായി അവർ അപേക്ഷ അയച്ചിരുന്നു. എതിർപ്പുകളെയെല്ലാം അതിജീവിച്ചുകൊണ്ട് നിരണം മെത്രാപ്പോലീത്തായെ അദ്ദേഹത്തിന്റെ രൂപതയെ ഭരിക്കുന്നതിനുള്ള അവകാശത്തോടുകൂടി കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് കരിയാറ്റിയെ അധികാരപ്പെടുത്തിക്കൊണ്ട് പ്രൊപ്പഗാന്താ തിരുസംഘം ജൂലൈ 10-ാം തീയതി എഴുതിയ കല്പന ലിസ്ബണിൽ അദ്ദേഹത്തിനു ലഭിച്ചു. വിവിധ ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിനും നൽകുന്നതിനും ഉള്ള അനുവാദങ്ങളും ചില വൈദികർക്ക് പ്രത്യേക അധികാരങ്ങൾ കൊടുത്ത് ഭരണം സുഗമമാക്കുന്നതിനും ദേശീയ സൂനഹദോസ് വിളിച്ചു കൂട്ടുന്നതിനും ഉള്ള അധികാരങ്ങളും മാർ കരിയാറ്റിക്ക് റോമിൽ നിന്നും ലഭിച്ചു.

കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണം ഏൽക്കുന്നതിനുമുമ്പായി അതിരൂപത സംബന്ധിച്ചുള്ള ഒട്ടേറെ സംഗതികൾ ഗോവാമെത്രാപ്പോലീത്തായുമായി ആലോചിച്ച് തീരുമാനിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പോർട്ടുഗൽ രാജ്ഞിയുടെ ഒരു കൽപന മാർ കരിയാറ്റിക്ക് ലഭിക്കുകയുണ്ടായി. യാത്രാചെലവിനുള്ള പണവും രാജഭണ്ഡാരത്തിൽ നിന്നും അനുവദിക്കപ്പെട്ടു. അതിനുശേഷം മടക്കയാത്രക്കുള്ള ഒരുക്കങ്ങൾ പുർത്തിയാക്കി. 1785 ജൂൺ 23-ാം തീയിത അമേരിക്കയിലെ ബയ്യാ എന്ന പട്ടണത്തിലെത്തി. സംസ്ഥാന അതിഥിയായി മാർ കരിയാറ്റി രണ്ടുമാസം അവിടെ താമസിച്ചു. കാറ്റിന്റെ ഗതി അനുകൂലമായപ്പോൾ ബയ്യായിൽ നിന്ന് 1785 ആഗസ്റ്റ് 30-ാം തീയതി പുറപ്പെട്ടു. 1786 മാർച്ച് 18-ാം തീയതി സിലോണിൽ എത്തി. സിലോണിൽ നിന്നും കൊച്ചി വഴി ഗോവയിലേക്കാണവർ പുറപ്പെട്ടത്. കൊച്ചി തുറമുഖത്തിനടുത്തുവച്ച് പാറേമ്മാക്കൽ തോമ്മാക്കത്തനാർ 1786 ഏപ്രിൽ

www.malankaralibrary.com

2-ാം തീയതി മലയാളത്തെ പള്ളികൾക്ക് അയച്ച കത്തിൽ ഇപ്രകാരം പറയുന്നു. "ഇനിയും പല സംഗതികളും തീരുമാനിക്കേണ്ടതായിട്ടുണ്ട്. കൊച്ചിയിൽ കപ്പലിന് താമസമൊട്ടുമില്ല. അതുകൊണ്ട് മലബാറിൽ ഇറങ്ങാതെ ഞങ്ങൾ ധൃതിയിൽ ഗോവയിലേക്ക് പോവുകയാണ്. ഞങ്ങൾ ഗോവയിൽ എത്തുമ്പോൾ എന്തെല്ലാം കൗടില്യങ്ങൾ ഞങ്ങളുടെ പ്രതിയോഗികൾ പ്രയോഗിക്കുമെന്ന് അറിയാത്തതിനാൽ അവിടെ അടുത്ത സെപ്റ്റംബർ വരെ ഞങ്ങൾ താമസിക്കേണ്ടിവരുമെന്ന് തോന്നുന്നു. ആകയാൽ അടുത്ത സെപ്റ്റംബർ മാസം കഴിഞ്ഞിട്ടും ഞങ്ങൾ മലബാറിൽ എത്തുന്നില്ലെങ്കിൽ എല്ലാ പള്ളികളുടെയും നാമത്തിൽ എഴുതുകയോ കഴിയുമെങ്കിൽ നിങ്ങൾ ഏതാനും പേർ ഗോവയിലേക്ക് വരികയോ വേണം." ഉത്കണ്ഠാകുലരായ കേരളീയ നസ്രാണികൾ അവരുടെ കേരളത്തിലേക്കുള്ള ആഗമനം ത്വരിതപ്പെടുത്തുന്നതിനായി ഗോവ മെത്രാപ്പോലീത്തായ്ക്കും വൈസ്രോയിക്കും ഹർജികൾ അയക്കുന്നതിനും ഒരു ദൗത്യസംഘത്തെ ഗോവയിലേക്കയക്കുന്നതിനും സന്നദ്ധരായി.

1786 മെയ് 1-ാം തീയതി മാർ കരിയാറ്റിയും തോമ്മാക്കത്തനാരും ഗോവയിൽ എത്തിച്ചേർന്നു. മാർത്തോമ്മയുടെ പുനരൈക്യം തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യുവാൻ മാർ കരിയാറ്റിക്ക് കുറേ നാൾ കൂടി ഗോവിയിൽ താമസിക്കേണ്ടി വന്നു. ഫാ. തോമസ് അരയത്തിനാൽ പറഞ്ഞിരിക്കുന്നതുപോലെ "അവിടെത്താമസിച്ചു വരവെ ആറാം മാർത്തോമ്മയുടേയും അദ്ദേഹത്തിന്റെ അനുയായികളുടെയും പുനരൈക്യം സാധിച്ച് കേരളത്തിലെ മതഭിന്നതകൾക്ക് അന്ത്യം വരുത്തുവാൻ ജീവാർപ്പണം ചെയ്യുന്നതിനുപോലും സന്നദ്ധനായി പുറപ്പെട്ട മഹാ പ്രേക്ഷിതൻ, വിദേശീയ ഭരണാധിപന്മാരുടെ കാർക്കശത്തിൽ നിന്നും സ്വസമുദായത്തെ മോചിപ്പിക്കുവാൻ ഉദ്യുക്തനായി രംഗത്തിറങ്ങിയ ധീരസേനാനി, കേരളസഭയിൽ സമാധാനവും ഐക്യവും കൈവരുത്തുന്നതിനായി പോർട്ടുഗൽ രാജാധികാരത്താലും പരിശുദ്ധസിംഹാസനത്താലും അത്ഭുതപൂർവ്വമായ വിധത്തിൽ നിയുക്തനായ പ്രമുഖ ഏതദ്ദേശീയ മെത്രപ്പോലീത്ത, മാർ ജോസഫ് കരിയാറ്റി കേരളസഭയെ ആകമാനം ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1786 സെപ്റ്റംബർ 10-ാം തീയതി 45-ാമത്തെ വയസ്സിൽ ആകസ്മികമായി അന്തരിച്ചു!" തോമ്മാക്കത്തനാർ എഴുതിയ വർത്തമാനപ്പുസ്തകത്തിന്റെ അടിക്കുറിപ്പിൽ ഇങ്ങനെ കാണുന്നു. "ചെന്നതിന്റെ ശേഷം ഗോവാ മാങ്ങാതിന്നു എന്നും അതിനാൽ പനി പിടിച്ചുവെന്നും ഒരു പനി ഉണ്ടായി എന്നും പറയുന്നുണ്ട്. പനിക്കു കൊടുത്ത ഔഷധികൾ ഒന്നും പനി പോകാൻ അല്ലായിരുന്നു. ബ. പാറേമാക്കൽ തോമ്മാച്ചനെ ദീനക്കാരനായിരുന്ന മെത്രാപ്പോലീത്തായെ കാട്ടിയതുമില്ല". മെത്രാപ്പോലീത്തായുടെ നിര്യാണത്തോടെ നസ്രാണി സമുദായത്തിന്റെ ആശകളും പ്രതീക്ഷകളും തകർന്നുതരിപ്പണമായിപ്പോയി.

www.malankaralibrary.com

# 3. മാർ കരിയാറ്റിയുടെ മരണശേഷം

യാക്കോബായാക്കാരുടെ പുനരൈക്യവും കേരളസഭയ്ക്ക് സഭാംഗങ്ങളിൽ നിന്നു തന്നെ ഭരണാധികാരികളെയും നേടിയെടുക്കുന്നതിനു വേണ്ടിയാണ് കരിയാറ്റി യൗസഫ് മല്പാനും തോമാക്കത്തനാരും കൂടി സാഹസികമായ യാത്രനടത്തിയത്. മാർ കരിയാറ്റിയെ മെത്രാപ്പോലീത്തയായി വാഴിച്ചതോടെ ഒരു പ്രശ്നം പരിഹരിക്കപ്പെട്ടു. അധികം താമസിയാതെ പുനരൈക്യാനുമതിയും ലഭിച്ചു. വിജയശ്രീലാളിതരായി സ്വദേശത്തേക്ക് മടങ്ങവേ ഭരണസംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനായി ഗോവായിൽ കുറേക്കാലം താമസിക്കുന്നതിനിടയിൽ മാർ കരിയാറ്റി സംശയാസ്പദമായ നിലയിൽ മരണമടഞ്ഞു. മാർ കരിയാറ്റിയുടെ മരണം അപായമരണമാണെന്ന് വിശ്വസിച്ച മലങ്കര ക്രസ്ത്യാനികൾ ക്ഷുഭിതരായി കഴിഞ്ഞുകൂടി.

ആസന്ന മരണനായ മാർ കരിയാറ്റി തന്റെ വിശ്വസ്ത സഹചരനായിരുന്ന പാറേമാക്കൽ തോമ്മാകത്തനാരെ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോർ ആയി നിയമിച്ചു. 1786 ഡിസംബർ 29-ന് കേരളത്തിൽ വന്നെത്തിയ തോമ്മാക്കത്തനാർ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മറിയം മെത്രാനെ സന്ദർശിക്കുകയും കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണം ഏറ്റെടുക്കുകയും ചെയ്തു. മലങ്കര ക്രിസ്ത്യാനികളുടെ വികാരം മനസ്സിലാക്കിയ ഗോവാ ആർച്ചുബിഷപ്പ് പാറേമാക്കലച്ചന്റെ നിയമനത്തെ അംഗീകരിച്ചു. വികാരി അപ്പസ്ത്തോലിക്കായുടെ കീഴിലുള്ള സുറിയാനി പള്ളികളുടെ ഭരണം ഗോവർണ്ണദോർക്കു നല്കുകയും സഭാകാര്യങ്ങളിൽ വിദേശ മിഷനറിമാർ പ്രവേശിക്കുകയില്ലെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. ഗോവർണ്ണദോർ അങ്കമാലിയിൽ ഇരുന്നുകൊണ്ടാണ് സഭാഭരണം നടത്തിയത്. ടിപ്പുസുൽത്താന്റെ പടയോട്ടത്തെ തുടർന്ന് വടയാറ്റിലേക്ക് ഭരണകേന്ദ്രം മാറ്റുകയും ചെയ്തു. ഗോവർണ്ണദോറെ സുറിയാനിക്കാരുടെ മെത്രാനായി ലഭിക്കുന്നതിന് സുറിയാനിക്കാർ വളരെയധികം ആഗ്രഹിച്ചു.

1787 ഫെബ്രുവരി 1-ാം തീയതി അങ്കമാലിയിൽ 84 പള്ളികളിലെ പ്രതിനിധികൾ ചേർന്ന് വിദേശമിഷനറിമാർ മുഖാന്തിരം സുറിയാനിക്കാർ അനുഭവിക്കേണ്ടിവന്നിട്ടുള്ള ദുരിതങ്ങളെപ്പറ്റി വിലയിരുത്തുകയും പാറേമാക്കൽ തോമ്മാകത്തനാരെ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കണമെന്ന് അഭ്യർത്ഥിക്കുകയും പൗരസ്ത്യകൽദായ മെത്രാഭിഷേകം നടത്തിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മിഷനറിമാരുടെ കുത്തിത്തിരുപ്പുകൾ മുഖാന്തിരം തോമ്മാകത്തനാരെ

www.malankaralibrary.com

മെത്രാപ്പോലീത്തയായി വാഴിക്കാൻ സാധിച്ചില്ല. പുനരൈക്യ സംരംഭങ്ങളെ പരാജയപ്പെടുത്തുവാൻ വിദേശമിഷനറിമാർക്ക് സാധിച്ചു. 1796-ൽ തോമ്മാക്കത്തനാർ വാതരോഗം പിടിപ്പെട്ട് സ്വന്തം ഇടവകയായ രാമപുരത്തേയ്ക്ക് താമസം മാറുകയും രാമപുരത്തിരുന്നുകൊണ്ട് കേരളാസഭാ ഭരണം നടത്തുകയും ചെയ്തു. 1799 മാർച്ച് 20-ന് തോമ്മാകത്തനാർ ദിവംഗതനായി.

തുടർന്നുള്ള കാലഘട്ടം പ്രക്ഷോഭകാലഘട്ടമാണെന്നു പറയാം. സഭാസ്വാതന്ത്ര്യത്തിനുവേണ്ടി നടുനായകത്വംവഹിച്ച പൂതത്തിൽ ഇട്ടിക്കുരുവിള തരകൻ 1791-ലും സുറിയാനിക്കാർക്ക് സ്വന്തം മതത്തിലും ജാതിയിലുംപെട്ട മെത്രാനെ ലഭിക്കുന്നതിനുവേണ്ടി ശ്രമിച്ച തച്ചിൽ മാത്തുത്തരകൻ 1914-ലും അന്തരിച്ചു. 1861-ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വികാരിജനറാളായി നിയമിക്കപ്പെട്ടു. 1861-ൽ രൂപം കൊണ്ട മേലൂശ് ശീശ്മയേയും കേരളത്തിൽ നിന്നും കെട്ടുകെട്ടിച്ചു.

1887 സുറിയാനികത്തോലിക്കാരെ സംബന്ധിച്ചിടത്തോളം സന്തോഷകരമായിരുന്നു ലെയോ 13-ാമൻ മാർപാപ്പാ സുറിയാനി കത്തോലിക്കരെ ലത്തിൻ ഭരണത്തിൽ നിന്നും പൂർണ്ണമായി വേർതിരിച്ചു. പ. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൻ കീഴിൽ മലബാറിനെ ആലുവാപ്പുഴ കൊണ്ട് രണ്ടായിതിരിച്ചു. സുറിയാനിക്കാർക്ക് തൃശ്ശൂർ, കോട്ടയം എന്ന വികാരിയത്തുകൾ സ്ഥാപിച്ചു എന്നാൽ ലത്തീൻ മെത്രാന്മാരെയാണ് വികാരി അപ്പസ്തോലിക്കാമാരായി നിയമിച്ചത്. സീറോ മലബാർ എന്ന പേര് മാർത്തോമ്മാ സുറിയാനി കത്തോലിക്കാ സമൂഹത്തിന് ലഭിച്ചു. 1889-ൽ പൊന്തിഫിക്കൽ അധികാരങ്ങളോടുകൂടിയ വികാരി ജനറാളായി നിധീരിക്കൽ മാണി കത്തനാരെ നിയമിച്ചു. അതേ വർഷം തന്നെ മാണി കത്തനാരുടെ മെത്രാൻ മുടി ചൂടലും ആദ്യ പൊന്തിഫിക്കൻ കുർബ്ബാനയും പാലായിൽ (നവംബർ 14) നടന്നു. 1890 ഏപ്രിൽ മുതൽ ആഗസ്റ്റു വരെ കോട്ടയം വികാരിയാത്തിന്റെ അഡ്മിനിസ്ട്രേറ്ററായി മാണി കത്തനാർ പ്രവർത്തിച്ചു.

1896-ൽ സീറോ-മലബാർ വികാരിയാത്തുകളുടെ പുന:ക്രമീകരണം വഴി തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നി വികാരിയാത്തുകൾ സ്ഥാപിക്കുകയും ചെയ്തു. ലെയോ പതിമൂന്നാമ്മൻ മാർപ്പാപ്പാ മൂന്നു വികാരിയാത്തുകളുടെയും ഭരണം നടത്തുവാൻ തദ്ദേശീയ മെത്രാന്മാരെ നിയമിച്ചു. തൃശ്ശൂർ മാർ യോഹന്നാൻ മേനാച്ചേരി, എറണാകുളം മാർളൂയീസ് പഴേപറമ്പിൽ, ചങ്ങനാശ്ശേരി മാർ മത്തായി മാക്കീൽ എന്നിവരായിരുന്നു പ്രഥമ തദ്ദേശീയ മെത്രാന്മാർ.

സീറോ മലബാർ സഭയുടെ പൈതൃകവും ആരാധനാക്രമവും ഭരണസംവിധാനവും സംരക്ഷിക്കുവാനുള്ള-വീണ്ടെടുക്കുവാനുള്ള യാതൊരു ശ്രമവും ഈ വൈദികമേലദ്ധ്യക്ഷന്മാർ സ്വീകരിച്ചില്ല. ലത്തീൻ ആരാധനാക്രമം മലയാളത്തിലാക്കി ഉപയോഗിക്കുന്നതിന് അനുവാദം നല്കണ

www.malankaralibrary.com

മെന്ന് തദ്ദേശീയമെത്രാന്മാർ ആവശ്യപ്പെട്ടതോടെ നാം നടത്തിയ സമരങ്ങൾ എല്ലാം വ്യർത്ഥമായി പോയി. മാർ കരിയാറ്റിയും മറ്റും ഏതു ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിച്ചുവോ അതിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നു ഈ സംഭവം. സീറോ മലബാർ സഭയിൽ ഈ അടുത്ത കാലത്ത് ഉണ്ടായ സംഭവ വികാസങ്ങൾക്ക് എല്ലാം കാരണം നാട്ടുമെത്രാന്മാരുടെ ഈ നിലപാടായിരുന്നു. അന്ന് സ്വതന്ത്രവും ധീരവുമായ നിലപാട് സ്വീകരിച്ചുവെങ്കിൽ ഇന്നത്തെ അഭിപ്രായഭിന്നതകൾ ഒന്നും ഉടലെടുക്കുമായിരുന്നില്ല.

മാണിക്കത്തനാർ രൂപം കൊടുത്ത ജാതൈക്യസംഘം പരാജയമടഞ്ഞു കത്തോലിക്കാർക്കായി ഒരു സമുദായസംഘടന കെട്ടിപ്പെടുക്കുവാൻ മാണി കത്തനാരു ശ്രമിച്ചു. 1904-ലെ മാന്നാനം നാല്പതുമണിയാരാധനയുടെ സമാപനത്തിലെ മുഖ്യപ്രസംഗകൻ മാണിക്കത്തനാരായിരുന്നു. ഒരു സമുദായ സംഘടന കെട്ടിപ്പെടുക്കണമെന്ന് അന്നത്തെ പ്രസംഗത്തിൽ മാണിക്കത്തനാർ നിർദ്ദേശിച്ചു. പക്ഷേ, ആ യാഥാർത്ഥ്യം കാണുന്നതിനു മുൻപേ അദ്ദേഹം അന്തരിച്ചു. 1905-ലെ നാല്പതു മണിയാരാധനയുടെ സമാപനത്തിൽ ചേർന്നയോഗം ക്രിസ്തീയമഹാജന സഭയ്ക്ക് രൂപം നൽകി. ആ സംഘടനയിൽ ആരും അംഗത്വം സ്വീകരിക്കരുതെന്ന് കാണിച്ചു കോട്ടയം വികാരി അപ്പസ്തോലിക്കാ ഇടയലേഖനം പുറപ്പെടുവിച്ചു. അതോടെ ആ സംഘടനയും തകർന്നു. പിന്നീടു ചേർന്ന സാമൂഹ്യസമ്മേളനങ്ങളും മുടക്കാൻ ശ്രമിച്ചു. 1918-ൽ കത്തോലിക്കാ കോൺഗ്രസിന്റെ മുൻ രൂപമായ അഖില കേരള കത്തോലിക്കാമഹാജനസഭ രൂപീകരിച്ചു. കത്തോലിക്കാ കോൺഗ്രസ് മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നടത്തിയ സമരങ്ങളാണ് പൗരസമത്വവാദ പ്രക്ഷോഭണവും നിവർത്തന പ്രക്ഷോഭണവും സ്റ്റേറ്റ് കോൺഗ്രസ് രൂപീകരിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളും വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നൽകിയ നേതൃത്വവുമെല്ലാം ചരിത്രം രചിക്കുന്നതായിരുന്നു.

അതേ സമയം സഭയ്ക്കുള്ളിൽ നടന്ന പല സംഭവങ്ങളും അതിരസകരമായിരുന്നു. 1923-ൽ പതിനൊന്നാം പിയൂസ് മാർപ്പാപ്പാ എറണാകുളത്തെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്ത രൂപതകളായും പ്രഖ്യാപിച്ചു. സീറോ മലബാർ സഭയുടെ സ്വയം ഭരണസംവിധാനം-ഹയരാർക്കി-സ്ഥാപിച്ചു.

www.malankaralibrary.com

# 4. വിസ്മരിക്കപ്പെട്ട കരിയാറ്റി

1930-ൽ മാർ ഇവാനിയോസിന്റെ പുനരൈക്യത്തോടുകൂടി പുനരൈക്യ പ്രസ്ഥാനം രൂപംകൊണ്ടു 1932-ൽ സീറോ മലബാർ ഹൈരാർക്കി സ്ഥാപിത മായി. മാർകരിയാറ്റി ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ച് രക്ത സാക്ഷിത്വം വരിച്ചോ അതെല്ലാം ഓരോന്നോരോന്നായി നേടിയെടുത്തു. ആ വിജയപാത വെട്ടിതുറന്ന മാർ കരിയാറ്റിയെ എല്ലാവരും മറന്നു. അദ്ദേഹത്തെ ഓർമ്മിക്കുവാൻ അദ്ദേഹത്തിന്റെ നാട്ടുകാരോ, വീട്ടുകാരോ, സമുദായക്കാരോ മുന്നോട്ടു വന്നില്ല.

അങ്ങനെ മാർ കരിയാറ്റി 166 വർഷം ആരാലും സ്മരിക്കാതെ കടന്നു പോയി. അദ്ദേഹത്തിന്റെ ജന്മദിനമോ, മരണദിനമോ ആചരിക്കാൻ ആരും തയ്യാറായില്ല.

അങ്ങനെയിരിക്കെ 1952-ൽ കേരളത്തിൽ നിന്നും മാർ മാത്യു കാവു കാട്ടും മാർ സെബാസ്റ്റ്യൻ വയലിലും വി. ഫ്രാൻസിസ് സേവ്യറുടെ മൃതദേ ഹദർശനത്തിനായി ഗോവായിൽ എത്തി. തിരുവല്ലാ രൂപതയുടെ അഡ്മിനി സ്ട്രേറ്ററായിരുന്ന മോൺ.ജോൺ കച്ചിറമറ്റവും സഹോദരങ്ങളും വടക്കേ ഇന്ത്യൻ പര്യടനത്തിനിടയിൽ ഗോവായിൽ എത്തി. മടക്കുയാത്രയ്ക്കു മുൻപ് മാർ കരിയാറ്റിയുടെ ശവകുടീരത്തിൽ എത്തി അഭിവന്ദ്യപിതാക്കന്മാർ ഒപ്പീസ് നടത്തി. ആ കർമ്മത്തിൽ പങ്കെടുക്കാൻ അഭിവന്ദ്യപിതാക്കന്മാർ മോൺ. ജോൺ കച്ചിറമറ്റത്തെയും ക്ഷണിച്ചു. തിരിച്ചു ഏവരും നാട്ടിലെത്തി.

മാർ കരിയാറ്റി തിരുമേനിയുടെ ശവകുടീരത്തിൽ എത്തി നടത്തിയ പ്രാർത്ഥനകൾ ചരിത്രത്തിന്റെ ഗതി തിരിച്ചുവിട്ടു. 166 വർഷങ്ങൾക്കു മുൻപ് ഗോവായിൽ വെച്ച് ദിവംഗതനായ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ട ങ്ങളെങ്കിലും കേരളത്തിൽ കൊണ്ടു വന്നു സംസ്ക്കരിക്കണമെന്ന ചിന്ത അന്നത്തോടെയാണ് പ്രകടമായത്. അതിനുശേഷം തിരിച്ചു കേരളത്തിൽ എത്തിയ മോൺ.ജോൺ കച്ചിറമറ്റം സത്യദീപത്തിലും മറ്റിതര പ്രസിദ്ധീ കരണങ്ങളിലും മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്നു പുനഃസംസ്കരിക്കുന്നതിനെപ്പറ്റി ലേഖനങ്ങൾ എഴുതി. ആ ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

## ജൂബിലിക്ക് മകുടം ചാർത്തൽ

"കേരളസഭയുടെ സ്വജാതി മെത്രാപ്പോലീത്തയായി പോർട്ടുഗലിൽ വച്ച് അഭിഷിക്തനായ ഡോ.കരിയാറ്റിൽ, നാട്ടിൽ എത്തുന്നതിനു മുമ്പുതന്നെ ഗോവയിൽവച്ച് അകാലചരമം പ്രാപിച്ചുവെന്ന ചരിത്രസംഭവം ഏവർക്കും

www.malankaralibrary.com

അറിവുള്ളതാണല്ലോ. ഈ അത്യാഹിതം നേരിട്ടിട്ട് 1952 സെപ്റ്റംബർ 10-ാം തീയതി 167 വർഷം കഴിഞ്ഞുപോയി. ഇദ്ദേഹത്തിന്റെ മൃതശരീരം സംസ്കരിച്ചിരുന്നത് പഴയ ഗോവയിലുള്ള ഭദ്രാസനദേവാലയത്തിന്റെ മദ്ബഹായുടെ വലതുഭാഗത്താണ്. ആ ദേവാലയത്തിലാണു മിഷനറി പ്രഭുവായ വി.ഫ്രാൻസിസ് സേവ്യരുടെ പൂജ്യദ്ദേഹം ഡിസംബർ 3-ാം തീയതി മുതൽ ജനുവരി 3-ാം തീയതി വരെ വിശ്വാസികളുടെ വണക്കത്തിനായി പ്രദർശിപ്പിച്ചിരുന്നത്.

കേരളക്കരയിൽ നിന്ന് ഡിസംബർ 2-ാം തീയതി ഗോവയിൽ എത്തിയ ഒന്നാം തീർത്ഥകസംഘം 4-ാം തീയതി രാവിലെ സ്ഥലം വിടുകയായിരുന്നു. അന്ത്യയാത്ര പറയുന്നതിനായി അഭിവന്ദ്യ ഡോ. കാവുകാട്ടു തിരുമേനിയും ഡോ. സെബാസ്റ്റ്യൻ വയലിലും ഭദ്രാസനദേവാലയത്തിൽ പ്രവേശിച്ചു വി.ഗൗരിയാരുടെ സമീപെ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈ ലേഖകനെ ചങ്ങനാശ്ശേരി മെത്രാൻ മദ്ബഹായ്ക്കുള്ളിൽ നിന്ന് ആംഗ്യം കാണിച്ചു വിളിച്ചു. ഞാൻ അദ്ദേഹത്തെ പിൻതുടർന്നു. "ഡോ.കരിയാറ്റിയുടെ കബറിടത്തുങ്കൽ നമുക്ക് ഒരു ഒപ്പീസ് എത്തിക്കാം" എന്ന് വന്ദ്യതിരുമേനി കല്പിക്കുകയുണ്ടായി. പാലാ തിരുമേനിയും പാലാ രൂപതയുടെ വികാരി ജനറാൾ റൈറ്റ് റവ. എമ്മാനുവൽ മേച്ചേരിക്കുന്നേൽ അവർകളും പെ.ബ: കരിക്കമ്പള്ളിൽ ഗ്രിഗറി അച്ചനും അവിടെ സന്നിഹിതരായിരുന്നു. തളിരിത ഹൃദയത്തോടുകൂടി ആ ഔദ്യോഗികപ്രാർത്ഥനയിൽ ഞാനും പങ്കുകൊണ്ടു.

നമ്മുടെ ഡബിൾ ജൂബിലി വർഷം അവസാനിക്കാറായിരിക്കുകയാണ്. ജൂബിലിയാഘോഷങ്ങൾക്ക് മകുടം ചാർത്തുന്ന ഒരു ചടങ്ങ് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. കേരളസഭയുടെ അഭിമാനസ്തംഭമായി പരിലസിച്ചിരുന്ന ഡോ.കരിയാറ്റി മെത്രോപ്പോലീത്തായുടെ പൂജ്യാവശിഷ്ടങ്ങൾ ശൂന്യമായ പുരാതന ഗോവയിൽ നിന്ന് ചൈതന്യനിർഭരമായ കേരളസഭാമാർവിലേയ്ക്ക് ആഡംബരപൂർവ്വം മാറ്റി സ്ഥാപിക്കുകയെന്നുള്ളതാണ് അത്. വിവിധ സഭാ വിഭാഗങ്ങളുടെ പുനരൈക്യചിഹ്നമായി നിലകൊള്ളുന്ന ആ വന്ദ്യദേഹം പരിത്യക്തമായ പഴയ ഗോവയിൽ ഉപേക്ഷിക്കപ്പെടുന്നത് മലങ്കരസഭയ്ക്ക് ഒരു തീരാകളങ്കമായി പരിണമിക്കുമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

1953 എങ്കിലും ആ മഹാസംഭവത്തിന് സാക്ഷ്യം വഹിക്കുവാനായി ഉദയം ചെയ്യട്ടെ. മലങ്കര സഭയുടെ പിളർപ്പിന് അവസാന ആപ്പ് അടിച്ചേൽപ്പിച്ച ആ കൂനൻകുരിശു സത്യം കഴിഞ്ഞിട്ട് മൂന്നു ശതാബ്ദം പൂർത്തിയാകുന്നു. 1953-ൽ പുനരൈക്യദൗത്യവുമായി സ്വദേശത്തേയ്ക്ക് അഭിവാഞ്ചയോടെ യാത്ര ചെയ്തുകൊണ്ടിരുന്ന ആ പുണ്യദേഹത്തിന്റെ ഗമനം വിജനമായ ഗോവയിൽ അവസാനിപ്പിക്കാതെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിക്കുകയെന്നത് ബാലാരിഷ്ടതകൾ ഇനിയും നീങ്ങിയിട്ടില്ലാത്ത പുനരൈക്യപ്രസ്ഥാനത്തിന് ഒരു നവജീവൻ നൽകുമെന്നതിൽ പക്ഷാന്തരമില്ല. ആയതിന് സംഭവ

www.malankaralibrary.com

ബഹുലമായ ഒരു സന്ദർഭവും നമുക്ക് അടുത്ത വർഷം പ്രതീക്ഷിക്കാം. പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറിയായ അത്യുന്നത കർദ്ദിനാൾ എവുജീൻ ടിസറന്റു തിരുമനസ്സുകൊണ്ട് അടുത്ത വർഷം നമ്മുടെ കേരള സഭയെ സന്ദർശിക്കുവാൻ പരിപാടി തയ്യാറാക്കി വരുന്നതായി സൂക്ഷ്മമായി അറിയുന്നു. അദ്ദേഹത്തിന്റെ യാത്രാവേള കൂടുതൽ ആഡംബരപൂർവ്വമാക്കുന്നതിന് ഡോക്ടർ കരിയാറ്റിയുടെ പൂജ്യാവശിഷ്ടങ്ങൾ ആ സന്ദർഭത്തിൽ മാറ്റി സ്ഥാപിക്കുന്നതു സഹായകരമായിരിക്കും. പിതാക്കന്മാരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുകയെന്നതു മക്കളുടെ ജീവിതത്തിന് ശുഭോദർക്കവും അനുഗ്രഹപ്രദവുമാണല്ലോ. ഇപ്പോൾ ജൂബിലി ആഘോഷവിജയങ്ങൾക്കായി അത്യുദ്ധ്വനം ചെയ്തുകൊണ്ടിരിക്കുന്ന കമ്മിറ്റി തന്നെ വിനാവിളംബം ആ ചുമതല കൈയേറ്റു വേണ്ടതു പ്രവർത്തിച്ചു കാണുവാൻ ആഗ്രഹിക്കുന്നു."

1952-ഡിസംബർ 24-ാം തീയതി മേൽ പറഞ്ഞ ലേഖനം പ്രസിദ്ധീകരിച്ചു. കാര്യമായ പ്രതികരണം ഉണ്ടായില്ല. വീണ്ടും 1953 സെപ്റ്റംബറിൽ മോൺ. കച്ചിറമറ്റം മറ്റൊരു ലേഖനം സത്യദീപത്തിൽ എഴുതി. ഈ ലേഖനത്തിലെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

"................നമ്മുടെ വീരനേതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ പരിത്യക്തമായ പൂർവ്വഗോവയിൽ വിസ്മരിക്കപ്പെടുന്നത് കൃത്യവിലോപവും അഭിമാനഭംഗവുമായിരിക്കും. ഭിന്നസഹോദരങ്ങളുടെ പുനരൈക്യം ആഗ്രഹിക്കുന്ന ഏതൊരുത്തനും ആ വന്ദ്യപിതാവിന്റെ സാമീപ്യവും സഹവാസവും ശക്തിയേറിയ പ്രേരണ നൽകാതിരിക്കുകയില്ല..........പുനരൈക്യദൂതനായിരുന്ന ഡോ.കരിയാറ്റിയുടെ ചരമദിനമായ ഈ പത്താം തീയതി കേരളകത്തോലിക്കർക്ക് ഒരു വീണ്ടു വിചാരത്തിന്റെ സുദിനമായി ഭവിക്കട്ടെ. ആ മഹാപുരുഷന്റെ ആസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിനോ, പ്രവർത്തനകേന്ദ്രമായിരുന്ന ആലങ്ങാടിനോ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ കൈക്കൊള്ളുവാൻ സൗകര്യമില്ലാത്തപക്ഷം അദ്ദേഹത്തിന്റെ സഹപ്രവർത്തകനും സഞ്ചാരിയും പിൻഗാമിയുമായിരുന്ന പാറേമാക്കൽ ഗോവർണ്ണദോരുടെ മൃതദേഹം വിശ്രമംകൊള്ളുന്ന രാമപുരത്തിന് അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കൈകൊള്ളുവാൻ വളരെ ആഗ്രഹമുണ്ടെന്ന് ആ ഇടവകയിലെ യുവപ്രമുഖർ എന്നെ ധരിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ രേഖപ്പെടുത്തുവാൻ സന്തോഷമുണ്ട്."

ഡിസംബർ 24-ാം തീയതിയിലെ ലേഖനത്തിന്റെ വെളിച്ചത്തിൽ സീറോ മലബാർ സഭയിലെ എല്ലാ മെത്രാന്മാരെയും മോൺ. ജോൺ വിവരം അറിയിച്ചു. ആലങ്ങാട് ഇടവകയിൽ നിന്നോ എറണാകുളം അതിരൂപതയിൽ നിന്നോ ഇക്കാര്യംസംബന്ധിച്ചു കാര്യമായ നീക്കങ്ങൾ നടന്നില്ല. അപ്പോഴാണ് 1953-ൽ മേൽ കാണിച്ച ലേഖനം എഴുതിയത്. അതിനുശേഷവും

www.malankaralibrary.com

ഹൈരാർക്കിയുടെഭാഗത്തുനിന്നു യാതൊരു നടപടികളും ഉണ്ടായില്ല.

മോൺ.ജോൺ കച്ചിറമറ്റം അന്ന് തിരുവല്ലാ ഇരുവള്ളിപ്ര സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു. ജോണച്ചന്റെ ഉറ്റമിത്രമായിരുന്ന ഷെവ. വി.സി.ജോർജ്ജ് ഒരു ദിവസം ഇതുവഴി സ്കൂളിൽ എത്തി. അച്ചനുമായി പലകാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. അക്കൂട്ടത്തിൽ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽകൊണ്ടുവന്ന് പുന:സംസ്കരിക്കുന്നതിനെപ്പറ്റി ജോണച്ചൻ പത്രങ്ങളിലെഴുതിയ ലേഖനങ്ങളും ചർച്ചാവിഷയമായി. അതിന്റെ ഉത്തരവാദിത്വം കത്തോലിക്കാ കോൺഗ്രസ് ഏറ്റെടുക്കാമെന്നും അച്ചന്റെ സഹകരണം ഉണ്ടായാൽ മതിയെന്നും ഷെവ. വി.സി. ജോർജ്ജ് അഭിപ്രായപ്പെട്ടു.

1955 ജനുവരി 5-ാം തീയതി അഖില കേരള കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മറ്റി ഷെവ.ജോസഫ് പെട്ടയുടെ അദ്ധ്യക്ഷതയിൽ ചേർന്ന് മാർ കരിയാറ്റി കമ്മറ്റിക്ക് രൂപം നൽകി. മോൺ കച്ചിറമറ്റത്തെയാണ് കത്തോലിക്കാ കോൺഗ്രസ്സ് ആ കമ്മറ്റിയുടെ കൺവീനറായി തിരഞ്ഞെടുത്തത് മോൺ.അച്ചനെ സഹായിക്കുവാൻ ടി.കെ. വർക്കി ചേർത്തലയെ കമ്മറ്റിയുടെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.



മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളുമായി എ.കെ.സി.സി. പ്രതിനിധികൾ എറണാകുളം കത്തീഡ്രൽ പള്ളിയങ്കണത്തിൽ

www.malankaralibrary.com

# 5. മാർ കരിയാറ്റി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

ശ്രീ. ടി.കെ. വർക്കി മാർ കരിയാറ്റിയെയും മാർ കരിയാറ്റി കമ്മറ്റിയുടെ പ്രവർത്തനങ്ങളെപ്പറ്റിയും വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അത് അതേ പടി താഴെ ചേർക്കുന്നു.

കേരള ക്രൈസ്തവചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചു വിരാജിക്കുന്ന ഒരു പുണ്യശ്ലോകനാണു കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്താ. നീണ്ട രണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് മലയാളികളിൽ നിന്നെന്നല്ല, ഭാരതീയരിൽ നിന്നുതന്നെ ഇദംപ്രഥമമായി അലയാഴികൾ കടന്നു യൂറോപ്പിലെത്തി. വിവിധ പാശ്ചാത്യഭാഷകളിൽ പ്രാവീണ്യം നേടിയ പണ്ഡിതവരേണ്യൻ; ഭാരതത്തിലെ വൈദികപുംഗവന്മാരിൽനിന്നു റോമിലെ വിശ്വവിശ്രുതമായ "ഉർബൻ" വൈദികപാഠശാലയിലെ പി.എച്ച്.ഡി;ഡി.ഡി.ഡി; തുടങ്ങിയ അസുലഭ ഡിഗ്രികൾ രണ്ടു ശതകങ്ങൾക്കുമുമ്പേതന്നെ നേടിയ അസാധാരണധീഷണാശാലി; സ്വന്തം ജീവിതംപോലും അപകടത്തിലായേക്കുമെന്നു മുൻക്കൂട്ടി ഗ്രഹിച്ചുകൊണ്ടുതന്നെ,കേരളത്തിലെ യാക്കോബായപുനരൈക്യത്തിനായുംമറ്റം സമുദായശ്രേയസ്സിനെ മുൻ നിറുത്തി രംഗത്തിറങ്ങിയ ത്യാഗമൂർത്തിയായ വീരയോദ്ധാവ്; ഭാരതീയരിൽ നിന്നുതന്നെ ഇദംപ്രഥമമായി വാഴ്ചയേറ്റ കേരളത്തിലെ പ്രഥമ ഏതദ്ദേശീയ മെത്രോപ്പോലീത്താ; എന്നിങ്ങനെ വിവിധനിലകളിൽ ചരിത്രപ്രകീർത്തിതനും അവിസ്മരണീയനും കേരളത്തിലെ ക്രൈസ്തവസമുദായത്തിന്റെ ആരാധ്യപുരുഷനും ആയിരുന്നു ഇദ്ദേഹം. ആലിങ്ങാട്ടിടവകയിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ ആയിരുന്നു ജനനമെങ്കിലും സ്വന്തം ബുദ്ധിവൈഭവവും സ്വഭാവവൈശിഷ്ട്യവും ദൈവാനുഗ്രഹവുംകൊണ്ടു കാലത്തിന്റെ തികവിൽ ഇദ്ദേഹം സമുദായാരാധ്യനായിത്തീർന്നു. ഒരു വ്യാഴവട്ടക്കാലം വിദേശത്തു താമസിച്ച വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി സമ്മുന്നത ഡിഗ്രികളോടുകൂടി സ്വന്തം നാട്ടിലെത്തിയ യുവവൈദികനായ ഇദ്ദേഹത്തെ ആലങ്ങാട്ടു സെമിനാരിയിലെ പ്രധാന മല്പാനായി അധികാരികൾ നിശ്ചയിച്ചു. അങ്ങനെ സഭാസേവനവും സമുദായസേവനവും പ്രാഗത്ഭ്യത്തോടെ അദ്ദേഹമാരംഭിച്ചു.

അദ്ദേഹത്തിന്റെ ഈ പ്രവർത്തനകാലത്തിന് ഒരു ദശാബ്ദം മുമ്പായി പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണനുകത്തിലമർന്നിരുന്ന കേരളസുറിയാനി സമുദായം പൊറുതിമുട്ടി കൂനൻകുരിശ്ശുസത്യംമൂലം പഴയകൂർ പുത്തൻകൂർ

www.malankaralibrary.com

ചേരിതിരിവുണ്ടായ പ്രക്ഷോഭണചരിത്രം സുപ്രസിദ്ധമാണ്. പള്ളിവീട്ടിൽ ചാണ്ടിമെത്രാനെ കേരളസുറിയാനിസഭയുടെ ഏതദ്ദേശീയമെത്രാനായിവാഴിച്ചതോടെ ആ പ്രക്ഷോഭണം ഏതാണ്ട് എരിഞ്ഞടങ്ങുകയും അദ്ദേഹത്തിന്റെയും മറ്റും പരിശ്രമത്തിൽ പുത്തൻക്കൂറിലേക്കു തിരിഞ്ഞ വലിയൊരു ജനത പൂർവ്വസഭയെ അക്കാലത്തുതന്നെ ആശ്ലേഷിക്കുകയും ചെയ്തു. എന്നാൽ വീണ്ടും പോർട്ടുഗീസുകാർ സുറിയാനി ക്രിസ്ത്യാനികളുടെ ഭരണത്തിൽ പിടിമുറുക്കി അതിൽ നിന്നും മോചനം നേടാനുള്ള ശ്രമം ആരംഭിച്ചു. അതിനുള്ള ആലോചനയാണ് അങ്കമാലിയിൽ വച്ച് നടത്തിയത്. തുടർന്ന് മാർ കരിയാറ്റിയും തോമ്മാക്കത്തനാരുംകൂടി നടത്തിയ റോമായാത്ര പോർട്ടുഗലിലും റോമിലും അവർക്കുണ്ടായ അനുഭവങ്ങൾ ലിസ്ബണിൽ വച്ച് മാർ കരിയാറ്റി മെത്രാനായി വാഴ്ചയേറ്റ കാര്യങ്ങൾ, റോമായിൽ ഇരുവരും എത്തിയ കാര്യങ്ങൾ, മാർ കരിയാറ്റിയുടെ ആകസ്മിക മരണം, തോമ്മാക്കത്തനാരുടെ മടക്കയാത്ര തുടങ്ങിയ കാര്യങ്ങളെപ്പറ്റി രണ്ടാം അദ്ധ്യാത്തിൽ വിസ്തരിച്ചു ചേർത്തിട്ടുള്ളതിനാൽ ടി.കെ. വർക്കിയുടെ ലേഖനത്തിലെ ആ ഭാഗങ്ങൾ വിട്ടുകളയുന്നു. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്കരിക്കണമെന്ന നിർദ്ദേശം എ.കെ. സി.സി. ഏറ്റെടുത്തു. ആ കമ്മറ്റിയുടെ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

## മാർ കരിയാറ്റി കമ്മറ്റി

ഏതൽക്കാര്യത്തിൽ അ.കേ. കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, ഈ എഴുത്തുകാരനും ക.കോൺഗ്രസിന്റെ കേന്ദ്രഭരണസമിതിയിൽ ഒരംഗമായിരിക്കെ അടുത്ത കാലത്തു സഫലമായ ഒരു പരിശ്രമം ആരംഭിക്കുകയും തദനുസരണം 1955 ജനുവരി 3-ാം തീയതിയിലേ പ്രതിനിധിസഭായോഗം വെ.റവ.മോൺ. ജോൺ കച്ചിറമറ്റം അവർകൾ കൺവീനറായി ഞങ്ങൾ 12 പേരുൾപ്പെട്ട ഒരു കമ്മറ്റിയെ ഇതിലേക്കു ഭരണമേല്പ്പിച്ചു നിശ്ചയിക്കുകയും ചെയ്തു. പെ.ബ. മോൺസിഞ്ഞോറച്ചന്റെ നേതൃത്വത്തിൽ ഈ കമ്മറ്റി പലപ്രാവശ്യം കൂടുകയും അപ്പോഴപ്പോൾ ഊർജിതമായ നടപടികളും തീരുമാനങ്ങളും ഇക്കാര്യത്തിൽ സ്വീകരിക്കുകയും ചെയ്തു. കൺവീനറായ പെ.ബ.മോൺസീഞ്ഞോറച്ചനെ അദ്ദേഹത്തിന്റെ ബഹുവിധ കൃത്യന്തരങ്ങൾക്കിടയിൽ ഈ കമ്മറ്റിയുടെ പ്രവർത്തനത്തിൽ സഹായിക്കുവാൻ 1955 മാർച്ച് 19-ാം തീയതി കോട്ടയം ക.കോൺഗ്രസ്സ് ഹെഡാഫീസിൽ വെച്ചു കൂടിയ ആദ്യയോഗത്തിൽ വെച്ച് എന്നെക്കൂടി നിശ്ചയിച്ചു തീരുമാനിക്കുകയും ചെയ്തു. ക.കോൺഗ്രസ്സ് നിയമിച്ച ഈ കമ്മറ്റിയുടെ പ്രവർത്തന വിജയത്തിന് പ്രഥമകമ്മറ്റിയോഗത്തിൽതന്നെ കേരളത്തിലെ എല്ലാ അഭിവന്ദ്യമെത്രാന്മാരുടെയും ആശിസ്സും സഹകരണവും, എല്ലാ തിരുമേനിമാരെയും കൺവീനർ അവർകൾ നേരിട്ടു ചെന്നു കണ്ടുതന്നെ അഭ്യർത്ഥിക്കണമെന്നും, അന്നു തീരുമാനിച്ചു. തദനന്തരം ആ കൊല്ലം മേയ്

www.malankaralibrary.com

24-ാം തീയതി വീണ്ടും കമ്മറ്റിയോഗം കൺവീനർ അവർകൾ വിളിച്ചുക്കൂട്ടു കയുണ്ടായി.

പ്രഥമകമ്മറ്റിയോഗത്തിന്റെ വേറൊരു നിശ്ചയപ്രകാരം ഗോവയി ലെത്തി കത്തീഡ്രൽ ദൈവാലയമദുബഹായിലുള്ള മാർ കരിയാറ്റിത്തിരു മേനിയുടെ കബറിടം തുറന്ന് പൂജ്യവശിഷ്ടം ഇങ്ങോട്ടുകൊണ്ടുപോരുന്ന കാര്യത്തിൽ കമ്മറ്റിക്കു ഗോവാപുത്രിയാക്കീസ് തുടങ്ങിയ സമുന്നതാധികാ രികളുടെ അനുമതിക്കായുള്ള എഴുത്തുകുത്തുകൾ കൺവീനർ ആരംഭി ച്ചിരുന്നതനുസരിച്ച്, തദനുസരണം 1955 ഒക്ടോബർ 15-ാം തീയതിയിലെ 829/55-ാം നമ്പരായുള്ള പാത്രീയക്കീസ് തിരുമേനിയുടെ അനുമതി ലബ്ധ മായകാര്യവും ഈ മൂന്നാമത്തെ കമ്മറ്റിയോഗത്തിൽ കൺവീനർ അവർ കൾ സസന്തോഷം ഏവരെയും ധരിപ്പിക്കുകയുണ്ടായി. ഗോവാ കത്തീഡ്രൽ ദേവാലയ ഭാരവാഹികൾ ഗോവാവൈസ്രോയി മുതലായവരുടെ സമ്മത സഹിതമായിരുന്നു. തിരുമേനിയുടെ അനുമതിയെന്നതും പ്രസ്താവ്യമത്രേ.

ഈ അനുമതി നിഷ്പ്രയാസം എട്ടുപത്തു മാസങ്ങൾക്കുള്ളിൽ കമ്മ റ്റിക്ക് ലബ്ധമായ ശേഷം ഇതിലേക്കുവേണ്ട ഇന്ത്യഗവൺമെന്റ് അനുമതി ക്കായി പെ.ബ. ജോണച്ചൻ ശ്രമങ്ങളും എഴുത്തുകുത്തുകളും ആരംഭിക്കു കയും തദനുസരണം ഇന്ത്യഗവൺമെന്റിന്റെ "എക്സ്റ്റേണൽ അഫ യേഴ്സിന്റെ" തായി 24-4-1956ൽ അണ്ടർ സെക്രട്ടറി അയച്ചിരുന്ന (No.17-56/28 G.P.) കത്തും അതിനു പുറമേ കേന്ദ്രസർക്കാരിന്റെ ആവശ്യപ്രകാരം തിരുകൊച്ചി സർക്കാരിന്റെ പോലീസ് മേധാവികൾ കമ്മറ്റിയോട് ആവശ്യപ്പെട്ട് പ്രശ്നങ്ങൾക്കുത്തരം നല്കുക, അനുമതി ഉടനെ കിട്ടിയാലുള്ള ഗോവാ യാത്ര, ഭൗതികാവശിഷ്ടങ്ങൾ പുനഃസ്ഥാപിക്കേണ്ട സ്ഥലം, ഇതിലേക്കു വേണ്ട ഫണ്ടു സംഭരണം, ആസന്നമായിരിക്കുന്ന മെത്രാപ്പോലീത്തായുടെ 170-ാമത് ചരമവാർഷികാചരണം എന്നിത്യാദി സംഗതികളും ഒക്ടോബറിലെ ഈ മൂന്നാമത് കമ്മറ്റിയോഗത്തിന്റെ ചർച്ചക്ക് വിഷയമായിരുന്നുവെന്നതും പ്രസ്താവ്യമാണ്. അതനുസരിച്ച് ആലങ്ങാട്ട് നേരിട്ട് ചെന്ന് സമീപസ്ഥമായ 170-ാമത് ചരമവാർഷിക ദിനം, അവിടുത്തെ ജനങ്ങളുടെ സഹകരണത്തിൽ ആ പള്ളിയിൽ പണി നടത്തുന്നതിനു പുറമേ, ഭൗതികാവശിഷ്ടങ്ങൾ പുനഃസംസ്ഥാപനത്തിനു കേരളത്തിലെ പല ദിഗ്വാസികളും അപേക്ഷക്കാര ണെങ്കിലും തിരുമേനിയുടെ സ്വദേശമായ ആലങ്ങാട്ട് ഇടവകയുടെ അക്കാര്യ ത്തിലുള്ള താല്പര്യം എത്രമാത്രമെന്ന് കമ്മറ്റിക്കുവേണ്ടി നേരിട്ട് ഗ്രഹിക്കു വാനും കമ്മറ്റി പ്രതിനിധിയായി ഈ എഴുത്തുകാരനെ ആ കമ്മറ്റിയോഗം നിശ്ചയിക്കുകയും ചെയ്തു. ഈ കമ്മറ്റിയുടെ രക്ഷാധികാരം സദയം സ്വീകരി ക്കുവാൻ അത്യുന്നത കർദ്ദിനാൾ ടിസറന്റ് തിരുമേനിയോട് അഭ്യർത്ഥി ക്കുവാനും ആ യോഗം തീരുമാനിച്ചു.

തദനുസരണം 170-ാമത്തെ തിരുമേനിയുടെ ചരമവാർഷിക ദിവസം ആലങ്ങാട്ടെത്തി ഞാൻ നടത്തിയ അന്വേഷണങ്ങളുടെ വെളിച്ചത്തിൽ, താമ

www.malankaralibrary.com

സംവിനാ എറണാകുളത്തുവെച്ചു കൂടിയ ബിഷപ്പ്സ് കോൺഫ്രൻസ് ദിവസം കൺവീനർ പെ.ബ.ജോണച്ചനും ഞാനുകൂടി എറണാകുളത്തെത്തി അഭിവന്ദ്യപിതാക്കന്മാരെ അതുവരെയുള്ള ഈ കമ്മറ്റി നടപടികൾ ധരിപ്പിക്കുകയും ഭൗതികാവശിഷ്ടം അദ്ദേഹത്തിന്റെ സ്വന്തം ഇടവകയിൽ പുനഃസംസ്ഥാപിക്കുന്നതിന്റെ കൂടുതൽ ഉചിതജ്ഞത ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് അതുവരെയുള്ള കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ അഭിവന്ദ്യ തിരുമേനിമാർ സംതൃപ്തി പ്രകടിപ്പിക്കുകയും പൂജ്യാവശിഷ്ടം ആലങ്ങാട്ടുപള്ളിയിൽ സ്ഥാപിക്കേണ്ടതാണെന്നു ഐക്യകണ്ഠ്യേന പിതാക്കന്മാർ തീരുമാനിക്കുകയും ഉണ്ടായി.

ഇന്ത്യാഗവൺമെന്റിന്റെ അനുമതിക്കായി തുടർന്ന് പല എഴുത്തുകുത്തുകളും കൺവീനർ അവർകൾ കമ്മറ്റിയെ പ്രതിനിധീകരിച്ചു നടത്തിയെങ്കിലും ഗോവാസർക്കാരും ഇന്ത്യാഗവൺമെന്റുമായുള്ള അടുത്തകാലത്തെ അസുഖകരമായ നിലപാടുമൂലം കമ്മറ്റിയുടെ അപേക്ഷതല്ക്കാലം അനുവദിക്കാനിടയില്ലെന്നും കുറേക്കൂടി കാലതാമസം പ്രതീക്ഷണമെന്നുള്ള മറുപടിയാണ്, കേന്ദ്രഗവൺമെന്റ് കാര്യാലയത്തിൽ നിന്നു ആയിടെ കിട്ടിയത്. തദനുസരണം 1-3-58ൽ കൺവീനർ അവർകൾ കോട്ടയത്തു വിളിച്ചു കൂട്ടിയ കമ്മറ്റിയോഗത്തിൽ, കേരളത്തിലെ ക്രൈസ്തവരായ എം.പി. മാർവഴി ഇക്കാര്യത്തിൽ വീണ്ടും ശ്രമം തുടർന്ന് നടത്തണമെന്ന് നിശ്ചയിച്ചു പിരിയുകയും പിന്നീട് അതിലേക്കായി ശ്രമമാരംഭിക്കുകയുമുണ്ടായി. കമ്മറ്റിയുടെ പരിശ്രമം ഈ ഘട്ടത്തിലായപ്പോഴായിരുന്നു പെ.ബ. ജോണച്ചന്റെ അസുഖങ്ങൾ വർദ്ധിക്കുകയും അദ്ദേഹത്തിന്റെ നിസ്തുലസേവനങ്ങൾ കമ്മറ്റിക്കു നഷ്ടപ്പെടുകയും ചെയ്തത്. അതോടുകൂടി കുറേനാൾ കമ്മറ്റിയുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലുമായി. 05.11.1958-ൽ ജോണച്ചൻ നിര്യാതനായി.

## മാർകരിയാറ്റികമ്മറ്റിക്കുവേണ്ടി പെ.ബ. ജോണച്ചൻ സഹിച്ച ത്യാഗങ്ങൾ

കേരളത്തിലെ യാക്കോബായ പുനരൈക്യത്തിനുവേണ്ടി ജീവിതം ബലിയർപ്പിച്ച കരിയാറ്റിതിരുമേനിയുടെ അതേ പാദാരവിന്ദങ്ങളും കാല്പാടുകളും തന്റെ ജീവിതത്തിലും വിശിഷ്ട്യാ അതേ ലക്ഷ്യത്തിലുള്ള സ്വന്തം വൈദികജീവിതത്തിലും മാതൃകയാക്കി അനുകരിച്ച പെ.ബ. ജോണച്ചൻ, കരിയാറ്റികമ്മറ്റിക്കുവേണ്ടി സഹിച്ച ബുദ്ധിമുട്ടുകളും ത്യാഗങ്ങളും വളരെ വലുതായിരുന്നു. കമ്മറ്റിയുടെ കൺവീനറായി 1955 ജനുവരി 3-ാം തീയതി അദ്ദേഹത്തെ നിയമിച്ച ക്ഷണം മുതൽ ഈ കാര്യസാദ്ധ്യം ജീവിതലക്ഷ്യമായിക്കരുതി ത്യാഗപൂർവ്വം അദ്ദേഹം ബുദ്ധിമുട്ടി പരിശ്രമിച്ചുകൊണ്ടാണിരുന്നത്.

ഇതിലേക്കുവേണ്ടി വളരെയേറെ എഴുത്തുകുത്തുകൾ ഇദ്ദേഹം നടത്തിയിട്ടുണ്ട്. ധാരാളം കത്തുകൾ തന്നത്താൻ എഴുതുകയും സ്വയം ടൈപ്പു


www.malankaralibrary.com

ചെയ്യുകയും ചെയ്തു കൈ കുഴഞ്ഞു വേദനിച്ചിട്ടുണ്ട്. ഉറക്കമിളച്ചിട്ടുണ്ട്. വെയിലും മഴയും വകവയ്ക്കാതെ യാത്രചെയ്യേണ്ടിവന്നിട്ടുണ്ട്. ചിലവിലേക്കു യാതൊരു ഫണ്ടും ഇല്ലാതെ, ചെലവെല്ലാം സ്വന്തമായി അദ്ദേഹം ചെയ്യുകയാണ് ചെയ്തത്. ഒരു ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, ഇടവക വികാരി, എന്നിങ്ങനെ ഘനമേറിയ വിവിധങ്ങളായ ഭാരങ്ങൾക്കിടയിലാണ് അശ്രാന്തമായ ഈ പരിശ്രമങ്ങളും നടത്തിയിരുന്നത്. പറയത്തക്ക യാതൊരു യാത്രാസൗകര്യങ്ങളും ഇല്ലാത്ത അദ്ദേഹത്തിന്റെ ഗ്രാമീണവാസസ്ഥലത്തു നിന്നും സ്വന്ത ഔദ്യോഗിക കൃത്യങ്ങൾക്കു യാതൊരു വിഘ്നവും വരുത്താതെ കൂടെകൂടെ അദ്ദേഹം ഇക്കാര്യത്തിനായി നിർവ്വഹിച്ചിട്ടുള്ള യാത്രകളുടെ ക്ലേശവും വിസ്മരണീയമല്ലതന്നെ. ഇപ്രകാരമെല്ലാമാണെങ്കിലും അദ്ദേഹത്തിന്റെ വാസസ്ഥലത്തിനു സമീപം എവിടെങ്കിലും വച്ച് കമ്മറ്റിയോഗം കൂടി മറ്റംഗങ്ങളെ അത്രടം ബുദ്ധിമുട്ടിക്കാനുള്ള സ്വാർത്ഥതയും അതുപോലെ താൻ എത്ര കഷ്ടപ്പെട്ടാലും സ്വകൃത്യനിർവ്വഹണത്തിൽ അന്യരെ അല്പമായെങ്കിലും ശല്യപ്പെടുത്തുന്ന ഒരു മനസ്ഥിതിയും പെ.ബ. ജോണച്ചനിൽ ലേശവും കണ്ടിട്ടുമില്ല.


അങ്ങനെ മാർ കരിയാറ്റി തിരുമേനിയുടെയും പിന്നീടു മാർ ഇവാനിയോസു തുടങ്ങിയ തിരുമേനിമാരുടെയും മറ്റും ഒരു പിന്നണി സേനാനിയായി യാക്കോബായ പുനരൈക്യപ്രവർത്തനം ജീവിതലക്ഷ്യമാക്കി പ്രവർത്തനരംഗത്ത് പ്രത്യക്ഷനായ സ്മയ്യപുരുഷൻ, ചരിത്ര പ്രകീർത്തിതനായ പാറേമാക്കൽ തോമ്മാഗോവർണ്ണദോരച്ചന്റെയും മഹനീയ ചൈതന്യശക്തിയിൽ നിന്നു ഇതിലേക്കെല്ലാമുള്ള പ്രവർത്തനപ്രാവീണ്യം (തന്റെ ജന്മദേശത്തു നിന്നു തന്നെ) സ്വായത്തമായി നേടിയിരിക്കാം. മാർകരിയാറ്റി തിരുമേനിയോടു പാറേമാക്കൽ ഗോവർണ്ണദോരച്ചനുണ്ടായിരുന്ന മൈത്രീബന്ധവും ഭക്തിബഹുമാനാദരവുകളും എത്രമാത്രമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ചരിത്രം പഠിച്ചറിഞ്ഞവർക്കു നന്നായറിയാം. കരിയാറ്റി തിരുമേനിയുടെ ആത്മാനുകൂലാർത്ഥം മുടങ്ങാതെ വർഷംതോറും പല റാസകൾ നടത്തുവാൻ വടയാറ്റു പള്ളിയിലും മറ്റും വിലപിടിപ്പുള്ള വസ്തുക്കൾ പാറേമാക്കൽ ഗോവർണ്ണദോർ വെച്ചിട്ടുള്ളതുപോലെ മെത്രാപ്പോലീത്തായുടെ നിത്യസ്മാരകമായി ചില പ്രധാനവസ്തുക്കൾ അദ്ദേഹം പൂജ്യമായി സൂക്ഷിച്ചിരുന്നതും മറ്റും സ്മരണീയമാണ്. ഗോവർണ്ണദോരച്ചന്റെ ഭൗതികാവശിഷ്ടങ്ങളും സ്മാരകവസ്തുക്കളും അദ്ദേഹത്തിനു ജ്ഞാനസ്നാനം നല്കപ്പെട്ട രാമപുരം ഫൊ.പള്ളിയിൽ 1936 മാർച്ച് 26 ന് അത്യാഡംബരപൂർവ്വം പുനഃസ്ഥാപിതമായ ചരിത്രസംഭവവും വിസ്മരണീയമല്ലല്ലോ? പാറേമാക്കൽ ഗോവർണ്ണദോരച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ സ്വന്തം നാട്ടിലായിരുന്നിട്ടും അത് ജന്മദേശത്തുതന്നെകൊണ്ടുവന്നു പുനഃസംസ്ക്കരിച്ചിട്ടും, വിദേശത്തെ ശോകമൂകതയിൽ സ്ഥിതിചെയ്യപ്പെടുന്ന സമാരാദ്ധ്യനായ മാർകരിയാറ്റിയുടെ ഭൗതികാവശിഷ്ടം ഇവിടേയ്ക്കു കൊണ്ടുവരാനുള്ള

www.malankaralibrary.com

തലമുറകളായുള്ള ദീർഘകാല പരിശ്രമം സഫലമാക്കാത്തതിൽ ഒരു പക്ഷേ, നമ്മുടെ പെ.ബ. ജോണച്ചന്റെ ഹൃദയം പലപ്പോഴും നൊന്തുവേദനിച്ചിട്ടുണ്ടാവണം? പെ.ബ. ജോണച്ചന്റെ പരിപാവനമായ ആത്മാവ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ സമക്ഷത്തിലിരുന്നുകൊണ്ട് ഇവിടെ ഈ കാര്യം വിജയപരിസമാപ്തിയിലെത്തുവാൻ പരമകാരുണികനോടു സദാ പ്രാർത്ഥിക്കുകയും സഹപ്രവർത്തകരിൽ അനുഗ്രഹവേഷം ചൊരിയുകയും ചെയ്യുന്നുണ്ടാവണം.



ആലങ്ങാട് സെന്റ് മേരീസ് പള്ളി



മാർ കരിയാറ്റിയുടെ ശവകുടീരത്തിനു മുന്നിൽ എ.കെ.സി.സി. കമ്മറ്റിയംഗങ്ങളും ടൗൺ കമ്മറ്റിയംഗങ്ങളും

www.malankaralibrary.com

# 6. കരിയാറ്റിക്കമ്മറ്റിയുടെ അനന്തരപ്രവർത്തനവും വിജയസമാപ്തിയും

ഈ കമ്മറ്റിയുടെ പ്രഗത്ഭമതിയായ പ്രഥമ കൺവീനർ പെ.ബ. ജോണച്ചന്റെ അകാലദേഹ വിനിയോഗം കമ്മിറ്റിയംഗങ്ങളേയും സ്തംഭിപ്പിച്ചുവെന്നു മുമ്പു പറഞ്ഞതിൽ അതിശയോക്തിയില്ല. കാലങ്ങൾ കുറെ അങ്ങനെ പാഴിലായിപ്പോയി. എങ്കിലും 1959 മെയ് 17, 18 തീയതികളിൽ പാലാ "ഏ.സി.കുര്യാക്കോസ് നഗറിൽ" വെച്ച് നടന്ന ക.കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനം, മാർ കരിയാറ്റി കമ്മറ്റിയുടെ സംതംഭനാവസ്ഥമാറ്റി നവജീവൻ നല്കുമാറ് അതിനെ പുനഃസംഘടിപ്പിച്ച് ഒരു നിശ്ചയം പാസ്സാക്കി. "മാർ കരിയാറ്റി കമ്മറ്റിയുടെ ലക്ഷ്യം സാധിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ കമ്മറ്റിയുടെ കാലാവധി നീട്ടുകയും റവ.ഫാദർ തോമസ് അരയത്തിനാൽ അവർകളെ പകരം കൺവീനറായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടുള്ള ആ പ്രമേയാവതാരകനും പെ.ബ. ജോണച്ചനോടു ബന്ധപ്പെട്ട ശ്രീ.കെ. കുര്യാക്കോസ് തോട്ടുങ്കൽ (രാമപുരം) ആയിരുന്നുവെന്നുള്ള വസ്തുതയും ശ്രദ്ധേയമാണ്. തദനുസരണം പുനഃസംഘടിക്കപ്പെട്ട ആ കമ്മറ്റി പാലാ സെന്റ് തോമസിൽ വെച്ച് പുതിയ കൺവീനർ അടുത്തടുത്തു രണ്ടുമൂന്നു പ്രാവശ്യം വിളിച്ചുകൂട്ടുകയും പ്രവർത്തനം ത്വരിതപ്പെടുത്തുകയും തദനുസരണം കമ്മറ്റി ലക്ഷ്യത്തിലേക്കു സമീപിക്കുകയും ചെയ്തു. പുനഃസംഘടിപ്പിക്കപ്പെട്ട ഈ കമ്മറ്റിയോഗവും മാർ കരിയാറ്റി കമ്മറ്റിയുടെ "പ്രസിദ്ധീകരണ സെക്രട്ടറി"യായി വിനീതനായ ഈ എഴുത്തുകാരനെ പ്രത്യേകം നിശ്ചയിച്ച് ഒരു തീരുമാനം ചെയ്തിരുന്നു.

കേരളത്തിൽ നിന്നു ജനസഹസ്രങ്ങൾ തന്നെ സ്പെഷ്യൽ ട്രെയിനിലോ കപ്പലിലോ ഗോവയിലെത്തി ഭൗതികാവശിഷ്ടം സ്വീകരിച്ചുകൊണ്ടു വരണമെന്നും മറ്റുമായിരുന്നു ആദ്യഘട്ടത്തിൽ ജനാഭിലാഷം പൊന്തിവന്നത്. എന്നിരുന്നാലും കമ്മറ്റിയുടെ കൊല്ലങ്ങൾ തുടർന്നു നടത്തിയ നിരന്തര പരിശ്രമഫലമായി, അതൊന്നും ഇന്ത്യ ഗവൺമെന്റനുവദിച്ചില്ലെന്നു മാത്രമല്ല കേവലം 6 പേരുൾപ്പെട്ട ഒരു ഡലഗേഷനുമാത്രം യാത്രാനുമതിയും മറ്റും കഷ്ടിച്ചനുവദിക്കുകയും ആണുണ്ടായത്. ഇന്ത്യാ ഗവൺമെന്റിന്റെ ബോംബെ സചിവാലയത്തിൽ നിന്നു 1960 ജൂൺ 8-ാം തീയതിയിലെ അവസാന ഉത്തരവ്വ് ഇക്കാര്യത്തിലുണ്ടായതനുസരിച്ച് 1960 ജൂലൈ 20-ാം തീയതി പോർട്ടുഗീസ് അധികാരികളുടെ വീസാ മുതലായവയും ഈ ആറംഗ ഡലഗേഷനു ലബ്ധമായി. ഈ പെർമിറ്റ് വീസാ മുതലായവയുടെ കാലാവധി

www.malankaralibrary.com

1961 ജനുവരി 16-ാം തീയതിവരെയും ആയിരുന്നു.

നടപടികൾ ഇത്രയും ആയപ്പോൾ ക.കോൺഗ്രസ് കേന്ദ്രഭരണ സമിതിയേയും കേരളത്തിലെ അഭിവന്ദ്യ തിരുമേനിമാരെയും കൺവീനർ വിവരം ധരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങളുടെ കാര്യത്തിൽ കമ്മറ്റിയുടെ രക്ഷാധികാരസ്ഥാനം സദയം വഹിക്കണമെന്ന് കമ്മറ്റി തീരുമാനിച്ച് സാദരം അഭ്യർത്ഥിച്ചിരുന്ന അഭിവന്ദ്യ എറണാകുളം മെത്രാപ്പോലീത്താ മാർജോസഫ് പാറേക്കാട്ടിൽ തിരുമേനി ദയാപ്പൂർവ്വം ഏതൽസ്ഥാനം സസന്തോഷം സ്വീകരിച്ചു ഡലഗേഷന്റെ യാത്രാ പരിപാടികളുടെ കാര്യത്തിലും ഭീമമായ യത്രാ ചിലവിന്റെ സംഗതിയിലും കേരളത്തിലെ അഭിവന്ദ്യപിതാക്കന്മാരുടെയും കർമ്മലീത്താ പ്രൊവിൻഷ്യാളന്മാരുടെയും ഉദാരമായ ധനസഹായം അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി കമ്മറ്റിക്കു സമ്പാദിച്ചു തരികയും ഉണ്ടായി. തദനുസരണം കമ്മറ്റി പ്രതിനിധികളായ ഗോവാ ഡലഗേഷനംഗങ്ങൾ 6 പേരും ഇക്കഴിഞ്ഞ 1960 ഡിസംബർ 4-ാം തീയതി എറണാകുളം ആച്ചുബിഷപ്പ് തിരുമേനിയുടെ അരമനയിൽ വന്നൊരുമിച്ചു. അഭിവന്ദ്യ തിരുമേനിയുടെ അഭാവത്തിൽ അരമനയിലെ ബഹുമാന്യരായ മറ്റെല്ലാ അന്തേവാസികളും ചേർന്ന് ഡലഗേഷനംഗങ്ങൾക്ക് യാത്രാമംഗളങ്ങൾ നേർന്നു. അന്നുച്ചയ്ക്കുള്ള ട്രയിൻ മാർഗ്ഗം ഡലഗേഷൻ ഗോവയ്ക്കു പുറപ്പെടുകയും ചെയ്തു. താഴെപ്പറയുന്നവരാണ് ഈ ആറു ഡലഗേഷനംഗങ്ങൾ:-

1. റവ. ഫാദർ തോമസ് അരയത്തിനാൽ
2. റവ.ഡോക്ടർ സി.റ്റി. കൊട്ടാരം.
3. വി.സി. ജോർജ്ജ് (ക.കോൺഗ്രസ്സ് പ്രസിഡന്റ്)
4. ഈ.എം. ജോസഫ്
5. പി.സി. ലൂക്കോസ്
6. റ്റി.കെ. വർക്കി.

എറണാകുളത്തുനിന്ന ബാങ്കുളൂർ വഴി ഹൂബ്ലിവരെ തീവണ്ടി വഴിയും അനന്തരം മോട്ടാർ വാഹനങ്ങൾ വഴിയും ഇന്ത്യനതിർത്തിയിലെ "മജാലി" വഴി ഗോവയിൽ പ്രവേശിച്ച് ആകെ ആയിരം മൈലോളം തുടരെ യാത്ര ചെയ്ത് 8-ാം തീയതി ഞങ്ങൾ ഗോവയുടെ ഇന്നത്തെ തലസ്ഥാന നഗരമായ പഞ്ചിമിൽ ചെന്നെത്തുകയും ചെയ്തു. ഡിസംബർ 8-ാം തീയതി അന്നേ ദിവസം ദിവ്യജനനിയുടെ നാമത്തിൽ ഗോവാ രാജ്യമൊട്ടാകെ ഒരു ദേശീയോത്സവം കൊണ്ടാടുന്ന മഹനീയ ദിനവും ആയിരുന്നു. തലസ്ഥാന നഗരിയിലേക്കുള്ള യാത്രാമാദ്ധ്യേ തന്നെ 8-ാം തീയതി വൈകുന്നേരം പുരാതന ഗോവാനഗരത്തിലെ സെന്റ് കാതറൻസ് കത്തീഡ്രൽ ദൈവാലയം ഞങ്ങൾ സന്ദർശിക്കുകയും അവിടുത്തെ മാർ കരിയാറ്റി തിരുമേനിയുടെ കബറിടത്തുങ്കൽ ഞങ്ങൾ ആനന്ദബാഷ്പകണങ്ങളണിഞ്ഞു കൊണ്ടു പ്രാർത്ഥനകളർപ്പിക്കുകയും ഉണ്ടായി. ഞങ്ങളുടെ ആഗമനവേളയിൽ കേരള

www.malankaralibrary.com

ഡലഗേഷനെ സ്വീകരിച്ച് ഞങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ട എല്ലാ സഹായകരണങ്ങളും ചെയ്തരുളുവാൻ അഭിവന്ദ്യ ഗോവാ പാത്രിയാക്കീസ് മോസ്റ്റ് റവ. ഡോക്ടർ ജോസ് വീയെറാ ആൽവർണസ് തിരുമേനി സമുന്നതരായ ആറു വൈദികരുൾപ്പെട്ട ഒരു കമ്മറ്റിയെ മുൻക്കൂട്ടി നിയമിച്ചിരുന്നു. അവർ ഞങ്ങളെ സ്വാഗതം ചെയ്തു സഹർഷം സ്വീകരിച്ചു. സല്കാരങ്ങൾ നടത്തിയ വസ്തുതയും വിസ്മരണീയമല്ല.

അന്നു തന്നെ സന്ധ്യാസമയത്തിനു മുമ്പായി പാത്രീയാക്കീസ് തിരുമേനി മുതലായവരെയും ഞങ്ങൾ സന്ദർശിക്കുകയും പിറ്റേദിവസം തന്നെ കല്ലറ തുറക്കുവാനുള്ള അനുവാദങ്ങൾ വാങ്ങുകയും ചെയ്തു. പഞ്ചമിലായിരുന്നു ഞങ്ങളുടെ താമസം. 9-ാം തീയതി ഗോവാ പുരാതന കത്തീഡ്രൽ മദ്ബഹായിലെ മാർ കരിയാറ്റിയുടെ കബറിടം തുറക്കുവാനുള്ള പണികൾ ഞങ്ങളാരംഭിച്ചു. 3,4 വിദഗ്ധ ശില്പികളുടെ ഇരുമ്പുളി പ്രയോഗം ഏതാനും മണിക്കൂർ സമയം നടത്തിയശേഷമേ കല്ലറുക്കുമുകളിൽ സ്ഥാപിച്ചിരുന്ന ആ ആവരണശില ഭേദിച്ചു പൊക്കിമാറ്റുവാൻ സാദ്ധ്യമായുള്ളു. ആ ആവരണശിലയുടെ മേൽഭാഗത്തായി പോർട്ടുഗീസ് ഭാഷയിൽ 8 വരികളിലായി "1786 സെപ്റ്റംബർ 10-ാം തീയതി ഗോവയിൽ വച്ചു ചരമം പ്രാപിച്ച കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായും ആ നാട്ടുകാരനും ആയ മാർകരിയാറ്റിയുടെ കബറിടം" എന്നർത്ഥം വരുന്ന ആലേഖനം ചെയ്തിട്ടുമുണ്ടായിരുന്നു. കബറിടത്തിന്റെ ആവരണശില 9-ാം തീയതി ഭേദിച്ചുവെങ്കിലും 10-ാം തീയതിയാണ് കല്ലറ തുറന്നു ഭൗതികാവശിഷ്ടങ്ങൾ ഞങ്ങൾ പേടകത്തി ലാക്കിയത്. കേരളഡലഗേഷനംഗങ്ങളും ഗോവാകമ്മറ്റിയംഗങ്ങളും ഗോവയിൽ താമസക്കാരായ ചില കേരളീയരും ഈ സമയമെല്ലാ അവിടെയുണ്ടായിരുന്നു. അടുത്തു കാലത്തു കണ്ടെടുക്കപ്പെട്ടതും രണ്ടു നൂറ്റാണ്ടിലധികം പഴക്കമുള്ളതുമായ ഗോവാ കത്തീഡ്രൽ പള്ളിയിലെ പുരാതന മരണരജിസ്റ്ററിന്റെ 23-ാം പേജിൽ മാർ കരിയാറ്റി തിരുമേനിയുടെ ചരമം ചരമാനന്തരശുശ്രൂഷകൾ സംസ്ക്കാരം കബറിടസ്ഥാനം മുതലായവയെപ്പറ്റി ഒരു പേജ് നിറയെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അതേസ്ഥാനത്തു തന്നെയായിരുന്നു ഞങ്ങൾ കണ്ട ആവരണശിലയും കല്ലറയും എന്നുള്ളതും വ്യക്തമത്രെ.

നീണ്ട 175 വർഷക്കാലത്തെ പഴമമൂലം ഭൗതികാവശിഷ്ടങ്ങളായി കാൽ ഇഞ്ചു മുതൽ ഒന്ന് ഒന്നേക്കാൽ ഇഞ്ചുവരെ വലിപ്പം വരുന്ന ശരീരത്തിലെ വിവിധ ഭാഗങ്ങളിലേതായി പത്തുനൂറോളം അസ്ഥിക്കഷ്ണങ്ങളും വസ്ത്രാവശിഷ്ടങ്ങളും മറ്റുമേ ഞങ്ങൾക്കു പേടകത്തിൽ സംഭരിക്കുവാൻ കഴിഞ്ഞുള്ളു. സംസ്കാരസമയത്തു തിരുമേനിയുടെ ശരീരത്തിലണിയിച്ചിരുന്ന സ്ഥാനവസ്ത്രങ്ങളുടെ കസവുനൂലുകൾ സിൽക്കിന്റെ അവശിഷ്ടങ്ങൾ ശരീരത്തിൽ ധരിച്ചിരുന്ന ബൽടിന്റെ ലോഹനിർമ്മിതമായ "ബക്കിൾ" മുതലായവയും ഇക്കൂട്ടത്തിൽപ്പെടുന്നുണ്ട്. ഇതുകളോടൊപ്പം മാർ കരിയാറ്റിത്തിരുമേനിയുടെ രക്തമാംസ അസ്ഥികൾ ലയിച്ചുചേർന്ന ആ കല്ല

www.malankaralibrary.com

റയ്ക്കുള്ളിലെ കുറെ മണ്ണും ആ പേടകത്തിൽ ഞങ്ങൾ സംഭരിച്ചു ഭൗതികാവശിഷ്ടമായി ഇങ്ങോട്ടുകൊണ്ടുവന്നിട്ടുണ്ട്. ഇപ്രകാരം ഭൗതികാവശിഷ്ടം സംഭരിച്ച ആ പേടകം ഗോവാ സമുന്നതാധികാരികൾ സീൽചെയ്തതിനു പുറമേ ഈ സംക്ഷിപ്തവിവരങ്ങൾ ഗോവയിലെ ഒരു മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ ശേഷം ഗോവാക്കമ്മറ്റിയംഗങ്ങളും കേരളാഡല ഗേഷനംഗങ്ങളും പാത്രീയക്കീസ് തിരുമേനിയും മറ്റും ഒപ്പിട്ടു തയ്യാർചെയ്ത ഒരു പ്രമാണരേഖയും ഇതോടൊപ്പം അവിടെവച്ചു തയ്യാർചെയ്തിട്ടുണ്ട്.

ഇപ്രകാരമുള്ള സംഭരണശ്രമങ്ങൾ 11-ാം തീയതികൊണ്ട് പൂർത്തിയാക്കി ഞങ്ങൾ 12-ാം തീയതി ഗോവയിൽ നിന്നും മടങ്ങി 16-ാം തീയതി വിജയശ്രീലാളിതരായി സസുഖം എറണാകുളത്തു മടങ്ങി വരുകയും ചെയ്തു. വഴിമദ്ധ്യേ ബാങ്കുളൂരിലും തൃശൂരും ആലുവായിലും ഒടുവിൽ എറണാകുളത്തും ഈ പൂജ്യാവശിഷ്ടത്തിനു രാജോചിതമാം വിധം അത്യാഡംബരസമന്വിതമായ സ്വീകരണം നല്കപ്പെട്ട വസ്തുതയും വിസ്മരണീയമല്ല. കേരളത്തിലേ സഭാ പുനരേകീകരണം ലക്ഷ്യമാക്കി കേരളത്തിലെ ഒരു പുനരൈക്യ പ്രവാചകനെന്നുതന്നെ പിൽക്കാലത്തഭിമാനിക്കുമാറായ മാർ കരിയാറ്റിത്തിരുമേനിയുടെ ചൈതന്യശക്തി കലർന്ന ആ ഭൗതികാവശിഷ്ടം, സ്വന്തം നാട്ടിൽ നിന്ന് അദ്ദേഹം പുറപ്പെട്ടതിന്റെ 183-ാമതുവർഷത്തിലും അദ്ദേഹത്തെ മെത്രാപ്പോലീത്തായായി കല്പിച്ചനുവദിച്ച ബൂളാ നല്കപ്പെട്ട ഡിസംബർ 16-ാം തീയതി കേരളത്തിൽ സ്വജനമദ്ധ്യേ വന്നെത്തിയെന്നും അങ്ങനെ കേരളത്തിലെ ജനങ്ങൾ നീണ്ട 175 വർഷക്കാലമായി ആഗ്രഹിച്ചിരുന്നു ആ ചിരകാലാഭിലാഷം സാധിച്ചുവെന്നും ഇന്നത്തെ തലമുറയിലുള്ള നമുക്കഭിമാനിക്കാവുന്നതാണ്.

## ആലങ്ങാട്ടെ പുനഃസംസ്കാരച്ചടങ്ങുകൾ


മാർ കരിയാറ്റി ജന്മമരുളിയനാടും പ്രവർത്തനരംഗവും ആയിരുന്ന ആലങ്ങാട്ടു പള്ളിയിലാണ് അവിടുത്തെ പുരാതന ചരിത്രപ്രസിദ്ധിക്കു വീണ്ടും ഒരു മാറ്റുംകൂടി കൂട്ടുമാറ് ഈ ഭൗതികാവശിഷ്ടം പുനഃസംസ്ക്കരിക്കുവാൻ തീരുമാനിച്ചിരുന്നത്. ആ ഇടവകയുടെയും അവിടമുൾപ്പെടുന്ന എറണാകുളം അതിരൂപതയുടെയും അധിനായകത്വം വഹിക്കുന്ന മാർ ജോസഫ് പാറേക്കാട്ടിൽ മെത്രാപ്പോലീത്താ തിരുമേനി ആസന്നമാകുന്ന ലോക സാർവ്വത്രിക പൊതുസൂനഹദോസ് കാര്യങ്ങളിൽ വ്യാപൃതനായി ഈ അവസരത്തിൽ റോമിലെ നിത്യനഗരത്തിലായിതിനാൽ ഗോവയിൽ നിന്നും കൊണ്ടുവരപ്പെട്ട ഈ പേടകം എറണാകുളത്ത് ആ സങ്കേതത്തിൽ തൽക്കാലം സൂക്ഷിച്ചിരിക്കുകയും ആയിരുന്നു.

മാർ കരിയാറ്റി തിരുമേനിയുടെ അനന്തരഗാമിയായ ആ അഭിവന്ദ്യ തിരുമേനിയുടെ പ്രത്യാഗമനാന്തരം, മാർ കരിയാറ്റി തിരുമേനി സ്വജീവനോടെ എഴുന്നള്ളുമായിരുന്നുവെങ്കിൽ എങ്ങനെ സ്വീകരിക്കുമായിരുന്നോ ആ വിധം

www.malankaralibrary.com

ഈ ഭൗതികാവശിഷ്ടപേടകത്തിനും ആലങ്ങാട്ടേക്കും രാജകീയമാംവിധം അത്യാഡംബര സമന്വിതംതന്നെ ആഘോഷപൂർവ്വം ഒരു സ്വീകരണം നല്കുവാൻവേണ്ട സജ്ജീകരണങ്ങൾ നടത്തുകയുണ്ടായി. പുനഃസംസ്കാര ചടങ്ങുകൾക്ക് 1961 ഏപ്രിൽ 11-ാം തീയതിയിലെ സുദിനം മുൻകൂട്ടി നിശ്ചയിച്ചു. ആ സ്വീകരണം കേരളത്തിലെ പൊതുപ്രാതിനിധ്യത്തിൽതന്നെ നടക്കുമാറ് അ.കേ. കത്തോലിക്കാ കോൺഗ്രസിന്റെ 1961-ലെ വാർഷികാഘോഷവും ഇതോടനുബന്ധിച്ച് ആലങ്ങാട്ടെ "മാർ കരിയാറ്റി നഗറിൽ" വെച്ച് നടത്തുവാൻ ഏതൽഭാരവാഹികളും സജ്ജീകരണങ്ങൾ പൂർത്തിയാക്കിയിരുന്നു. അങ്ങനെയുള്ള പൊതുസ്വീകരണാഘോഷപരിപാടികളാണ്, പിൽക്കാല ചരിത്രം തങ്കലിപികളിൽ ഉല്ലേഖനം ചെയ്യപ്പെടുന്ന 1961 ഏപ്രിൽ 11-ാം തീയതിയിലെ ഈ മഹനീയദിനം സംബന്ധിച്ചു അധികൃതർ ചെയ്തത്. (ആലങ്ങാട്ടെ പുനഃസംസ്കാര ചടങ്ങുകളെപ്പറ്റി, കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ തന്റെ ആത്മകഥയിലും എറണാകുളം മിസത്തിലെ റിപ്പോർട്ടിലും വിശദമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ടി.കെ. വർക്കിയുടെ ലേഖനത്തിലെ ആ ഭാഗം വിട്ടുകളയുന്നു).

മാർ കരിയാറ്റി നഗറിൽ വച്ചു 1961 ഏപ്രിൽ 10 ഉം 11 ഉം തീയതികളിൽ നടത്തപ്പെട്ട അഭിവന്ദ്യ തിരുമേനിമാരുടെയും ഇതര പ്രസംഗകരുടെയും എല്ലാ പ്രഭാഷണങ്ങളിലും കരിയാറ്റി കമ്മറ്റിയുടെ വിജയശ്രീലാളിതമായ ലക്ഷ്യപ്രാപ്തിക്ക് യശഃശ്ശരീരനായി തീർന്ന വെരി റവ.മോൺ.ജോൺ കച്ചിറമറ്റം ചെയ്തിട്ടുള്ള നിസ്തുലവും ത്യാഗപൂർണ്ണവും ക്ലേശകരവുമായ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായെന്നുള്ളതും വ്യക്തവുമാണ്. അദ്ദേഹത്തിന്റെ പുണ്യാത്മാവ് മാർ കരിയാറ്റി കമ്മറ്റിയുടെ ചരിത്രസ്മരണീയമായ ഈ വിജയാഘോഷങ്ങൾ സ്വർഗ്ഗത്തിലിരുന്ന് കണ്ടുകൊണ്ട് ആനന്ദാശ്രുക്കൾ പൊഴിക്കുകയും നമുക്കെല്ലാം ദൈവാനുഗ്രഹം ഉണ്ടാകുവാനായി കാരുണ്യ സാഗരമായ പരമപിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ടാവും. ദൈവമേ, നിന്റെ ഈ എളിയ ദാസൻ നിത്യാനന്ദത്തിൽ സർവ്വദാ സന്തോഷിക്കുമാറാകട്ടെ.



ഷെവ. വി.സി. ജോർജ്ജ്. ഇദ്ദേഹം കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റായിരുന്നപ്പോഴാണ് മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടം ആലങ്ങാട് പള്ളിയിൽ പുനഃസംസ്കരിക്കുന്നത്.

www.malankaralibrary.com

# 7. ഞാൻ എന്റെ ദൃഷ്ടിയിൽ

## (കാർഡിനൽ മാർ പാറേക്കാട്ടിലിന്റെ ആത്മകഥയിൽ നിന്ന്)



മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ പുനസംസ്കരണ നടപടികൾ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിലാണ് നടന്നതെന്ന് ഉള്ളതിന് എത്ര തെളിവുകൾ പോലും ഹാജരാക്കാനുണ്ട്. എറണാകുളം അതിരൂപതയുടെ മുഖപത്രമായ സത്യദീപം പുനഃസംസ്കാര ചടങ്ങുകളോടനുബന്ധിച്ച് 1961 ഏപ്രിൽ 10-ന് പ്രസിദ്ധീകരിച്ച സ്പെഷ്യലും 1961 സെപ്റ്റംബർ മാസത്തിലെ "എറണാകുളം മിസ്സം" സ്പെഷ്യലും കരിയാറ്റിയുടെ പുനസംസ്കരണ ചടങ്ങിനോടനുബന്ധിച്ച് അഖില കേരള കത്തോലിക്കാ കോൺഗ്രസ് പുറത്തിറക്കിയ സ്മരണികയിലും ആലങ്ങാട്ട് നിന്ന് പ്രസിദ്ധീകരിച്ച സ്മരണികയും വായിച്ചാൽ കൂടുതൽ വിവരങ്ങൾ ലഭിക്കും. കത്തോലിക്കാ കോൺഗ്രസ് ആണ് മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനസംസ്കരിച്ചത് എന്നതിനെപ്പറ്റി ഒരാൾപോലും ഇതുവരെ എതിരഭിപ്രായം പുറപ്പെടുവിച്ചിട്ടില്ല. അഭിവന്ദ്യ പിതാക്കന്മാർ എഴുതിയ കത്തുകളിലും നടത്തിയ പ്രസംഗങ്ങളിലും കത്തോലിക്കാ കോൺഗ്രസിന്റെ പങ്കാളിത്തത്തെ സംബന്ധിച്ച് വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഹൈരാർക്കിയുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് സഹകരിക്കുക മാത്രമാണ് ചെയ്തതെന്ന പുതിയ വ്യാഖ്യാനങ്ങളെ ഞാൻ ഭയാശങ്കകളോടെയാണ് വീക്ഷിക്കുന്നത്. ഈ യാഥാർത്ഥ്യം വെളിച്ചത്തുകൊണ്ടുവരുവാൻ ഉള്ള തെളിവുകൾ പ്രസിദ്ധീകരിച്ചാൽ അതുതന്നെ 250 പേജുവരും. അത് വലിയ സാമ്പത്തിക ബുദ്ധിമുട്ടിന് ഇടയാക്കും. അതുകൊണ്ട് പാറക്കാട്ടിൽ തിരുമേനിയുടെ ആത്മകഥയിലെ ഒരു ഭാഗം ഉദ്ധരിക്കുകയാണ്. അത് തൃപ്തികരമാകുമെന്നും ഉറങ്ങിക്കിടക്കുന്നവർക്ക് ഈ വിശദീകരണം മതിയാകുമെന്നും എനിക്ക് ബോധ്യം ഉണ്ട്.

### കരിയാറ്റിയുടെ അവശിഷ്ടങ്ങൾ

കാറും കോളും നേരിട്ട ജീവിത നൗകയിൽ ഇരുന്നുകൊണ്ട് പുറകോട്ട് നോക്കുമ്പോൾ എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി വലിയ പ്രാധാന്യം ഇല്ലാത്തവയാണെങ്കിലും സഭാതലത്തിലും അതിരൂപതാ

www.malankaralibrary.com

തലത്തിലും പ്രാധാന്യമുള്ള പല സംഭവങ്ങൾക്കും ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. നേതൃത്വം നൽകിയിട്ടുണ്ട്. അവയിലൊന്നാണ് സംപൂജ്യ ചരിത്രവും കേരളസഭയുടെ അഭിമാനസ്തംഭവും എറണാകുളം അതിരൂപതയുടെ വത്സലസന്താനവുമായ മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ഭൗതീകാവശിഷ്ടങ്ങളുടെ പുനഃസംസ്കരണം, 1961 ലാണ് അത് നടത്തുന്നത്. തൽസംബന്ധമായി പ്രസിദ്ധീകരിച്ചിരിക്കുന്ന 1961 സെപ്റ്റംബർ മാസത്തിലെ "എറണാകുളം മിസ്സം" വിശേഷാൽ പ്രതി വായിച്ചാൽ വിശദീകരണം ലഭിക്കുന്നതാണ്. അദ്ദേഹത്തിന്റെ ജീവിതചരിത്രസംക്ഷേപം ആദ്യത്തേതും അവസാനത്തേതുമായ ഇടയലേഖനം, ഡി.ഡി. ബിരുദ ഡിപ്ലോമ, ഭൗതികാവശിഷ്ടങ്ങളുടെ പുനഃസ്ഥാപനാവസരത്തിൽ നടന്ന പ്രസംഗങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ആ പ്രസിദ്ധീകരണം വിലയേറിയ ഒരു ചരിത്രരേഖയാണ്. അതുകൂടാതെ കഥാപുരുഷന്റെ അവശിഷ്ടങ്ങൾ നാട്ടിലേയ്ക്കു കൊണ്ടുവരുന്നതിൽ മുൻകൈ എടുത്തു പ്രവർത്തിച്ച "മാർ കരിയാറ്റിക്കമ്മറ്റി"ക്കാരും ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധം ചെയ്തിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. 1961 സെപ്റ്റംബർ 10-ാം തീയതി സ്മര്യപുരുഷന്റെ 175-ാം ചരമവാർഷികമായിരുന്നതിനാൽ അതിന്റെ സ്മാരകമായിട്ടുകൂടിയാണ് മുൻപറഞ്ഞ "എറണാകുളം മിസ്സ"ത്തിന്റെ Mar Kariyatty Special പ്രസിദ്ധം ചെയ്തത്. 1786 സെപ്റ്റംബർ 10-ാം തീയതി നിര്യാതനായ കഥാപുരുഷന്റെ 200-ാം ചരമവാർഷികം 1986 സെപ്റ്റംബർ 10-ാം തീയതിയാണ്. അന്ന് അതാഘോഷിക്കുവാൻ ഏവരും മുൻകൈ എടുത്തു പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മങ്ങാട്ട് എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ആലങ്ങാട് ഗ്രാമത്തിൽ 1742 മെയ് 5-ാം തീയതി മാർ കരിയാറ്റി മെത്രാപ്പോലീത്താ ഭൂജാതനായി. നിർഭാഗ്യവശാൽ തിരുമേനി ജനിച്ചുവളർന്ന പുരാതന ഭവനത്തിന്റെ സ്ഥാനത്ത് ഇന്നുള്ളത് ഒരു പീടികയാണ്. ആലങ്ങാട്ടു പള്ളിയുടെ തെക്കുവശത്തുള്ള റോഡിന്റെ തെക്കേ അരികിലായി അതു സ്ഥിതിചെയ്യുന്നു. തിരുമേനിയെക്കൂടാതെ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് ഒരു പുത്രി മാത്രമേ സന്താനമായി ഉണ്ടായിരുന്നുള്ളൂ. അങ്ങനെ സ്വമാതാപിതാക്കന്മാരുടെ ഏക പുത്രനായിരുന്ന ജോസഫ് 13-ാമത്തെ വയസ്സിൽ മിഷനറി വൈദികരാൽ റോമിലെ പ്രൊപ്പഗാന്താ കോളേജിലേയ്ക്ക് അയക്കപ്പെട്ടു. 1766 ഫെബ്രുവരി 25-ാം തീയതി കഥാനായകൻ വൈദിക പട്ടം സ്വീകരിച്ചു. ആ ആഗസ്റ്റ് 2-ാം തീയതി ദൈവശാസ്ത്രത്തിൽ ഡി. ഡി. ബിരുദം നേടി. തത്ത്വശാസ്ത്രവും ഡി. ഡി. യ്ക്ക് ആധാരമായ പരീക്ഷയിൽ ഉൾപ്പെട്ടിരുന്നുവെന്ന് തൽസംബന്ധമായ ഡിപ്ലോമ വായിച്ചാൽ മനസ്സിലാക്കാം. ഇന്നത്തെ ഡിപ്ലോമകളെ അപേക്ഷിച്ച് ആ പുരാതന ഡിപ്ലോമയ്ക്ക് ഒരു പ്രത്യേകതയുള്ളത്, പരീക്ഷകർ ചോദിച്ച ചോദ്യങ്ങളും ബിരുദാർത്ഥി നൽകിയ മറുപടികളും അതിൽ പരാമർശിക്കപ്പെടുന്നുണ്ട് എന്നതത്രെ. കഥാനായകൻ

www.malankaralibrary.com

നാട്ടിൽ മടങ്ങിയെത്തിയ ശേഷം അന്നത്തെ ആലങ്ങാട്ടു സെമിനാരിയിൽ പ്രൊഫസറായി ജോലി ആരംഭിച്ചു.

കരിയാറ്റിമല്പാൻ വീണ്ടും 1778 മെയ് 7-ാം തീയതി കടനാട്ടു സ്വദേശി പാറേമ്മാക്കലച്ചനുമൊരുമിച്ച് കേരളസഭയുടെ വിശിഷ്യ കേരളത്തിൽ അതിനിടയിൽ ഉദയംചെയ്ത യാക്കോബായസഭയുടെ കാര്യം മാർപ്പാപ്പാ തിരുമേനിയെ അറിയിക്കുവാൻവേണ്ടി റോമിലേയ്ക്കു യാത്രതിരിച്ചു. ഇന്നു കൊച്ചിയിൽനിന്നു വിമാനത്തിൽ യാത്ര പുറപ്പെട്ടാൽ, ബോംബെയിൽ ചെല വഴിക്കേണ്ടിവരുന്ന സമയമുൾപ്പെടെ, 24 മണിക്കൂർ വേണം റോമിലെത്താൻ. ആകെ പറക്കുന്ന സമയം 10 മണിക്കൂറാണ്. അന്നാകട്ടെ, ഒരു പായ്ക്ക പ്പലിൽ ആഫ്രിക്ക ചുറ്റി റോമിലെത്താൻ അവർക്കു 13 മാസം വേണ്ടിവന്നു. 1780 ജനുവരി 3-ാം തീയതി നിത്യനഗരത്തിൽ എത്തിയ കഥാപുരുഷൻ 1783 ഫെബ്രുവരി 17-ാം തീയതി (1983 ഫെബ്രുവരി 17-ാം തീയതി അതിന്റെ ദ്വിതീയ ശതാബ്ദപൂർത്തിയാണ്.) ലിസ്ബണിൽവച്ച് കൊടുങ്ങല്ലൂർ അതി രൂപതയുടെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. യാക്കോ ബായക്കാരെ കത്തോലിക്കാസഭയിലേയ്ക്കു തിരികെ സ്വീകരിക്കുന്നതി നിവേണ്ട അധികാരപത്രങ്ങളോടുകൂടെ മടങ്ങിയ മെത്രാപ്പോലീത്താ ആക സ്മികമായി ഗോവയിൽവച്ചു നിര്യാതനാകയും അവിടെ സംസ്കരിക്കപ്പെ ടുകയും ചെയ്തു. അവിടെനിന്ന് അവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടു വന്നു സംസ്കരിക്കുന്നതിൽ മുൻകൈ എടുത്ത് പ്രവർത്തിച്ചത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ, അന്നത്തെ പ്രസിഡന്റ് ശ്രീ. വി. സി. ജോർജ്ജിന്റെ നേതൃത്വത്തിലുള്ള ഒരു പന്ത്രണ്ടം ഗക്കമ്മിറ്റിയാണ്. പരേതനായ മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റ മാണ് ഈ ആശയം ആദ്യം മുന്നോട്ടുവച്ചതും അതിനു പ്രസിദ്ധി നൽകി യതും.

മാർ കരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ എറണാകുളത്ത് എത്തി യത് 1960 ഡിസംബർ 16-ാം തീയതിയായിരുന്നു. തിരുമേനി കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായത് 1782 ഡിസംബർ 16-ാം തീയതി ആകയാൽ അതിന്റെ 178-ാം വാർഷികമായിരുന്നു അന്ന്. അവശിഷ്ടങ്ങൾ എറണാകുളത്തെത്തിയപ്പോൾ ഞാൻ റോമിലായിരുന്നതു കൊണ്ട്, അതിരൂപതയുടെ വികാരി ജനറാളും ആലങ്ങാടു സ്വദേശിയു മായിരുന്ന മോൺസിഞ്ഞോർ പോൾ വടക്കുഞ്ചേരി അവ ഔദ്യോഗികമായി സ്വീകരിച്ചു. കത്തീഡ്രലിലെ സ്വീകരണത്തിനും ഔദ്യോഗികപ്രാർത്ഥന കൾക്കും ശേഷം അവശിഷ്ടങ്ങൾ അടങ്ങിയ പേടകം അരമനയിലെ കപ്പേളയിൽ സൂക്ഷിക്കപ്പെട്ടു.

1961 ഏപ്രിൽ 11-ാം തീയതിയാണ് കരിയാറ്റി മെത്രപ്പോലീത്തായുടെ പൂജ്യാവശിഷ്ടങ്ങൾ, എറണാകുളത്തുനിന്ന് ആലങ്ങാട്ടുവരെയുള്ള ഒരു

www.malankaralibrary.com

ജൈത്രയാത്രയ്ക്കു ശേഷം, സ്വന്തം മണ്ണിൽ വിശ്രമം കൊള്ളാൻ തുടങ്ങിയത്. അന്നുതന്നെ അവിടെവച്ചു കത്തോലിക്കാ കോൺഗ്രസ്സിന്റെ 43-ാം വാർഷികവും ആഘോഷിക്കപ്പെട്ടു, എറണാകുളം കത്തീഡ്രൽ ദേവാലയത്തിൽ ചങ്ങനാശ്ശേരി മെത്രപ്പോലീത്താ മാർ കാവുകാട്ട് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തിയ തിരുക്കർമ്മങ്ങൾക്കുശേഷമാണു ജൈത്രയാത്ര ആരംഭിച്ചത്. ഒരു ലോറി പായ്ക്കപ്പലിന്റെ രൂപത്തിൽ അലങ്കരിച്ച് അതിനു Stella Maris എന്നു പേരും കൊടുത്ത്, അവശിഷ്ടങ്ങൾ അടങ്ങിയ പേടകം അതിന്റെ മുകളിൽ, റോഡിന്റെ ഇരുവശങ്ങളിലും തിങ്ങിക്കൂടുന്ന ജനങ്ങൾക്ക് എളുപ്പം ദൃശ്യമാകുന്ന വിധത്തിൽ, ഉയർത്തി പ്രതിഷ്ഠിച്ചു. ചങ്ങാനാശ്ശേരി മെത്രാപ്പോലീത്താ മാർ കാവുകാട്ട്, കൊല്ലം മെത്രാൻ ഡോക്ടർ ജെറോം ഫെർണാൻഡസ്, തിരുവല്ലാ മെത്രാൻ മാർ അത്തനേഷ്യസ് എന്നീ തിരുമേനിമാരും ഞാനും പേടകത്തിനു സമീപം ഉപവിഷ്ടരായിരുന്നു. രാജവീഥിയിൽക്കൂടി ഒരു പായ്ക്കപ്പൽ നീങ്ങുന്ന പ്രതീതിയാണ് ആ വാഹനം കാണികളുടെ മനസ്സിൽ ഉദിപ്പിച്ചത്. അതേസമയം ഏതാണ്ട് രണ്ടു നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു വിശിഷ്ട ദൗത്യവുമായി കരിയാറ്റി റോമിനെ ലക്ഷ്യംവച്ചു ചെയ്ത കടൽയാത്രയെ അത് അനുസ്മരിപ്പിക്കുകയും ചെയ്തിരുന്നു. ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട ആ ഘോഷയാത്ര ചലച്ചിത്രമാക്കിയത് എറണാകുളം അതിരൂപത വകയായി തായിക്കാട്ടുകരയുള്ള കാറ്റെക്കെറ്റിക്കൽ സെന്ററിൽ സൂക്ഷിച്ചു വെച്ചിട്ടുണ്ട്.

കേരളസഭാചക്രവാളത്തിലെ ഒരു സമുജ്ജ്വലതാരമായിരുന്ന മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ വഹിച്ചിരുന്ന പേടകത്തിനു വഴിയിൽ ഉടനീളം ആഡംബരപൂർവ്വകവും ആവേശഭരിതവുമായ സ്വീകരണം നൽകപ്പെട്ടു. ആലങ്ങാട്ടു തടിച്ചുകൂടിയിരുന്ന ജനതതി അഭിമിനപൂർവ്വം തങ്ങളുടെ മണ്ണിന്റെ മകനെ വീണ്ടും സ്വാഗതം ചെയ്തു. ജനനിബിഡമായിരുന്ന പള്ളിയങ്കണത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന മണ്ഡപത്തിൽ പൂജ്യാവശിഷ്ടങ്ങൾ പ്രതിഷ്ഠിച്ച ശേഷം ഞാൻ പൊന്തിഫിക്കൽ റാസ പാടി. റാസയുടെ ഇടയ്ക്കു പ്രസംഗിച്ചതു മോൺസിഞ്ഞോർ പോൾ വടക്കുഞ്ചേരിയാണ്. ആവേശപൂർണ്ണവും ഉത്തേജകവും ചിന്തോദ്ദീപകവുമായ ആ പ്രസംഗം ആരംഭിച്ചത് ഇപ്രകാരമാണ്.

"കേരള ക്രിസ്തീയസഭയുടെ പൂർവ്വകാലചരിത്രത്തിൽ മായാമുദ്ര പതിച്ചിട്ടുള്ള ആലങ്ങാട്ടിടവകമാതാവേ, പ്രതാപൈശ്വര്യങ്ങൾക്ക് ഒരുകാലത്തു വിളനിലമായി വിരാജിച്ചിരുന്ന ജന്മനാടേ, സഭാദ്ധ്യക്ഷന്മാരായ മെത്രാന്മാരുടേയും പ്രജാവാത്സല്യമുള്ള നാടുവാഴികളുടേയും അധിവാസത്താൽ ധന്യമായിത്തീർന്നിട്ടുള്ള പുണ്യഭൂമി, 1653 മെയ് മാസം 22-ാം തീയതി നൈരാശ്യത്തിന്റെ നീർച്ചുഴിയിലാണ്ടുപോയ സുറിയാനി സമുദായത്തിലെ

www.malankaralibrary.com

12 പട്ടക്കാർ തോമാ അക്കദിയാക്കോനെ മെത്രാൻവേഷമണിയിച്ച് പുത്തൻ കൂർ ശീശ്മയ്ക്ക് ആരംഭമിട്ട ആ നിർഭാഗ്യസംഭവത്തിനു സാക്ഷ്യം വഹിച്ചു എന്ന മഹാപരാധം പരിഹരിക്കുവാൻ, കേരളസന്താനങ്ങളിൽ അദ്വിതീയ പ്രശസ്തനും പ്രഥമ ഇന്ത്യൻ പ്രൊപ്പഗാന്താ ബിരുദധാരിയും ധീരചിത്തനും കർമ്മപടുവുമായ നിന്റെ അരുമസന്താനത്തെത്തന്നെ 1776-ൽ റോമിലേയ്ക്ക് യാത്രയാക്കി, ആ വീരസുതന്റെ വരവുംപാർത്തു കണ്ണീരിൽ ഇന്നാൾ വരെ കാലം കഴിച്ച ഹതഭാഗ്യയായ ധീരമാതാവേ, നീ ഇപ്പോൾ നിന്റെ കണ്ണുകൾ തുറന്നു നോക്കിയാലും. നിന്റെ ഓമൽസുതൻ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ട് 183 ദീർഘവത്സരങ്ങൾക്കു ശേഷം വിജയശ്രീ ലാളിതനായി സ്വസഹോദരങ്ങളായ കേരളജനതയാലും അവരുടെ വൈദികാദ്ധ്യക്ഷന്മാരാലും അനുഗതനായി ഇന്നിതാ നിന്റെ മടിത്തട്ടിലേയ്ക്ക് ആഗതനായിരിക്കുന്നു. നീ നിന്റെ അശ്രുകണങ്ങൾ തുടച്ച് ആനന്ദബാഷ്പം തൂകി അദ്ദേഹത്തെ സ്വീകരിച്ചാലും. കേരളനാടേ, ഭാരതഭൂമി, നിങ്ങളും സന്തോഷാരവം മുഴക്കി, സ്വാതന്ത്ര്യതൃഷ്ണനായ നിങ്ങളുടെ വീരസന്താനത്തിനു സ്വാഗതമരുളിയാലും."

പ്രൗഢഗംഭീരമായ ആ പ്രസംഗം ഇങ്ങനെ തുടർന്നു: "മരണം കൈവരിക്കേണ്ടി വന്നാൽപ്പോലും, സമുദായത്തിന്റെ ഐക്യത്തിനുവേണ്ടി ഒരു റോമായാത്രകൂടി കഴിക്കുകതന്നെ ചെയ്യുമെന്ന് ധീരധീരം ഉദീരണം ചെയ്തുകൊണ്ട്, ക്ലേശകരവും സുദീർഘവുമായ റോമായാത്ര നടത്തുകയും, അനേകമനേകം ഹിമാലയൻ പ്രതിബന്ധങ്ങൾ നിശ്ചയദാർഢ്യത്തോടും ശുഭാപ്തിവിശ്വാസത്തോടും കൂടെ തരണം ചെയ്യുകയും, ദൈവാനുഗ്രഹത്താൽ കേരളസുറിയാനിപ്പരിഷയുടെ അഭിലാഷം സാധിക്കുകയും, അവരുടെ പ്രഥമ മെത്രാപ്പോലീത്തായായി ലിസ്ബൺ നഗരത്തിൽവച്ച് അഭിഷിക്തനാവുകയും, എന്നാൽ വിധിവൈപരീത്യം നിമിത്തം യഥാകാലം ഞങ്ങളുടെ മദ്ധ്യേ വന്നുചേരാൻ കഴിയാതെ അങ്ങയുടെ പ്രവചന സമമായ വാക്കുകൾക്ക് അനുസരണമെന്നോണം ഗോവയിൽ വച്ച് അകാലമൃത്യുവിനു ഇടയാകുകയും അവിടെ ഇന്നാൾ വരെ വിശ്രമം കൊള്ളുകയും, ഇന്ന് അങ്ങയുടെ സ്വന്തം നാട്ടിലേയ്ക്കും സമുദായമദ്ധ്യത്തിലേയ്ക്കും എഴുന്നള്ളുകയും ചെയ്യുന്ന പുതുശ്ശേരിയിലായ കരിയാറ്റി മാർ യൗസേപ്പു മെത്രാപ്പോലീത്താ തിരുമേനി, ഞങ്ങളുടെ പൂർവ്വസഹജാ, കേരളീയ സമുദായത്തിന്റെ അഭിമാനഭാജനമേ, അങ്ങയുടെ ജന്മനാടായ ആലങ്ങാട് ഇടവകയുടെ കെടാവിളക്കേ, കേരളനാട്ടിൽ നിന്ന് ഉദയം ചെയ്ത ഭാസുരനക്ഷത്രമേ, സമുദായ സേവനാർത്ഥം പ്രാണത്യാഗം ചെയ്ത മഹാമനസ്വിൻ, സ്നേഹവും കൃതജ്ഞതയും അഭിമാനവും ആനന്ദവും കൃതാർത്ഥതയും പരമാർത്ഥതയും അലയടിക്കുന്ന ഹൃദയങ്ങളോടുകൂടെ ഞങ്ങൾ സപ്രശ്രയം അങ്ങേ സന്നിധിയിൽ സമർപ്പിക്കുന്ന ബഹുമാനാദരങ്ങളോടു കൂടിയ സ്വാഗതം സ്വീകരിച്ച് ഞങ്ങളെ

www.malankaralibrary.com

അനുഗ്രഹിച്ചാലും."

ഉച്ചകഴിഞ്ഞു മൂന്നുമണിക്ക് ആരംഭിച്ച പുനഃസംസ്ക്കരണച്ചടങ്ങിൽ, കൊല്ലം മെത്രാൻ ലത്തീൻ റീത്തിലും, തിരുവല്ലാ മെത്രാൻ മലങ്കരറീത്തിലും ഒപ്പീസുപാടി. തുടർന്നു ചങ്ങനാശ്ശേരി മെത്രപ്പോലീത്താ മാർ കാവുകാട്ട് തിരുമേനി നടത്തിയ പ്രസംഗത്തിൽ, "കരിയാറ്റി മെത്രാപ്പോലീത്താ തുടങ്ങി വച്ച വേല പൂർണ്ണാക്കുവാൻ" ജനതതിയെ ആഹ്വാനം ചെയ്തു. അനന്തരം എന്റെ പ്രധാന കാർമ്മികത്വത്തിലും, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ, കൊല്ലം, പാലാ, തിരവല്ല, തലശ്ശേരി, ആലപ്പുഴ, കോതമംഗലം എന്നീ രൂപതകളിലെ മെത്രാന്മാരുടെ സഹകാർമ്മികത്വത്തിലും, എറണാകുളം, കൊച്ചി, ആലപ്പുഴ എന്നിവിടങ്ങളിലെ വികാരി ജനറാളന്മാർ, കർമ്മലീത്താ പ്രിയോർ ജനറാൾ, മോൺസിഞ്ഞോറന്മാർ, പേപ്പൽ സ്ഥാനവിഭൂഷിതർ, മൂന്നൂറോളം വൈദികർ, ബഹുശതം ജനങ്ങൾ, കന്യാസ്ത്രീകൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും കരിയാറ്റി മെത്രാപ്പോലീത്തായുടെ സംപൂജ്യാവശിഷ്ടങ്ങൾ മദ്ബഹായിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെട്ടു.


(സ്മര്യപുരുഷന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെ കുറിക്കുന്ന ഒരു മാർബിൾ ശിലയും അവിടെ സ്ഥാപിതമായി. ആ മാർബിൾ ശിലയുടെ ഫോട്ടോ അടുത്ത പേജിൽ ചേർത്തിരിക്കുന്നു.)

ഏപ്രിൽ 11-ാം തീയതിയിലെ കർമ്മങ്ങൾക്കു തിലകം ചാർത്തിയതു പാലാ മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും ഫാ. അരയത്തിനാൽ, ഡോ. സി.ടി. കൊട്ടാരം എന്നിവരുടെ സഹകാർമ്മികത്വത്തിലും നടന്ന വാഴ്വും, സ്തോത്രഗീതവുമാണ്. അനന്തരം കൂടിയ അനുസ്മരണ യോഗത്തിൽ ആലങ്ങാടിടവകക്കാരൻ പ്രൊഫ. പി. ടി.ചാക്കോ എം. എ. സ്വാഗതമാശംസിച്ചു. ഫാ. സി. ഏ. എബ്രഹാം, ശ്രീ. ഇ. എം. ജോസഫ് എന്നിവർ പ്രസംഗിച്ചു. ശ്രീ. കെ.എ. ജോസഫ് കൃതജ്ഞത പ്രകാശിപ്പിച്ചു.

1961 ഏപ്രിൽ 10, 11 തീയതികളിലായി ആലങ്ങുട്ടു വച്ചുതന്നെ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ 43-ാമതു വാർഷിക സമ്മേളനം നടന്നതു മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളുടെ പുനഃസംസ്ക്കരണത്തിന് അനുകൂലമായ പശ്ചാത്തലം സൃഷ്ടിക്കുകയും അതിന്റെ മാറ്റുകൂട്ടുകയും ചെയ്തു. 10-ാം തീയതി ആലങ്ങാട്ടുപള്ളി വികാരി ഫാ. പീറ്റർ പരവര ചെയ്ത സ്വാഗതപ്രസംഗത്തെത്തുടർന്നു ഞാൻ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു.

"രണ്ടുമൂന്നു വർഷം മുമ്പു ജർമ്മനിയിലെ കൊളോൺ നഗരം സന്ദർശിച്ച അവസരത്തിൽ, അവിടത്തെ ഫ്രാൻസിസ്കൻ ആശ്രമദേവാലയത്തിൽ, ഡൺസ്സ്കോട്ടസ് എന്ന പ്രഖ്യാതനായ വേദശാസ്ത്രപണ്ഡിതന്റെ - ഇദ്ദേഹമാണു മാതാവിന്റെ അമലോത്ഭവം യുക്തിയ്ക്ക് ഏറ്റവും യോജിച്ച

www.malankaralibrary.com




www.malankaralibrary.com

താണെന്നു സന്യായം തെളിയിച്ചത് ശവകുടീരത്തിലെ സ്മാരകശിലയിൽ കൊത്തിയിരിക്കുന്ന വാക്കുകൾ എന്റെ ശ്രദ്ധയെ ഹഠാദാകർഷിക്കുകയുണ്ടായി. അവ ഇപ്രകാരമാണ്.

| | | |
|---|---|---|
| Scotia me genuit | - | സ്കോട്ട്ലൻഡ് എന്നെ ജനിപ്പിച്ചു. |
| Anglia me suscepit | - | ഇംഗ്ലണ്ട് എന്നെ സ്വീകരിച്ചു |
| Gallia me docuit | - | ഫ്രാൻസിസ് എന്നെ പഠിപ്പിച്ചു. |
| Colonia me tenet | - | കൊളോൺ എന്നെ വഹിക്കുന്നു. |

ഏതാണ്ടതുപോലെ മാർ കരിയാറ്റിക്കും ഇപ്പോൾ പറയുവാൻ സാധിക്കും.

| | | |
|---|---|---|
| Alengad me genuit | - | ആലങ്ങാട് എന്നെ ജനിപ്പിച്ചു. |
| Roma me docuit | - | റോമ എന്നെ പഠിപ്പിച്ചു |
| Goa me sepelivit | - | ഗോവ എന്നെ സംസ്കരിച്ചു. |
| Patria me tenet | - | സ്വദേശം എന്നെ വഹിക്കുന്നു. |

"ഈ അവസരം പ്രമാണിച്ചു ബോംബെയിലെ കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി എനിയ്ക്കയച്ച കത്തിലെ ഒരു ഭാഗം പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. it is befitting that the village of Alengad which fondled him a t birth should also now receive him in death."(ജനനത്തിൽ അദ്ദേഹത്തെ താലോലിച്ച ആലങ്ങുടുതന്നെ മരണത്തിലും അദ്ദേഹത്തെ സ്വീകരിക്കുകയെന്നതു സമീചീനമായിരിക്കുന്നു.)

"യശശ്ശരീരനായ മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളുടെ പ്രത്യാഗമനത്തോടുകൂടി, ആലങ്ങാട് അതിന്റെ പ്രാക്തനപ്രശസ്തിയിലേയ്ക്കു പുനരുത്ഥാനം ചെയ്തിരിക്കുകയാണ്. പണ്ടുകാലത്ത് അവിടെയൊരു 'രാജസ്വരൂപം' ഭരണം നടത്തിയിരുന്നെന്നു ചരിത്രം ഘോഷിക്കുന്നു. അന്നു രാജകൊട്ടാരം സ്ഥിതിചെയ്തിരുന്ന സ്ഥലമാണത്രെ ഇന്ന് എൻ.ഇ.എസ്. ബ്ലോക്കിന്റെ ആസ്ഥാനമായി തീർന്നിരിക്കുന്നത്. പ്രസ്തുത രാജസ്വരൂപം അവിടുത്ത ക്രിസ്തീയ ദേവാലയത്തിനു ഭൂമി കരമൊഴിവായി കൊടുക്കുകയും മറ്റാനുകൂല്യങ്ങൾ നൽകുകയും ചെയ്ത് ക്രൈസ്തവരെ സംരക്ഷിച്ചുവന്നു. "മൈസൂർ വ്യാഘ്രമായി" മായിരുന്ന ടിപ്പുവിന്റെ പടയോട്ടം വരുത്തിവച്ച വിനയുടെ ഫലമായി, ആലങ്ങാട്ടു സ്വരൂപം ചരിത്രത്തിൽ നിന്നു തിരോധാനം ചെയ്തു. ക്രിസ്തീയ ദേവാലയത്തിന് ടിപ്പുവിന്റെ സൈനികർ തീവെച്ചെങ്കിലും ക്രിസ്ത്യാനികൾ ഓടിക്കൂടി അതു കെടുത്തിക്കളഞ്ഞതിനാൽ, പള്ളി കത്തി നശിച്ചില്ല. അന്ന് അല്പം കത്താൻ ഇടവന്ന മാതാവിന്റെ ചിത്രം കരിയാറ്റി തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന മദ്ബഹായുടെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് ഇന്നും സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഏതാനും വർഷങ്ങൾക്കുമുമ്പു മോൺസിഞ്ഞോർ പഞ്ഞിക്കാരൻ കണ്ടെടുത്ത പാലവിക്കുരിശും.

ആലങ്ങാടിനെ ഏറ്റവുമധികം കുപ്രസിദ്ധമോ സുപ്രസിദ്ധമോ ആക്കി

www.malankaralibrary.com

ത്തീർത്തതു മട്ടാഞ്ചേരിയിൽ നടന്ന കൂനൻ കുരിശു സത്യത്തിനുശേഷം 12 വൈദികർക്കൂടി ഇട്ടിത്തൊമ്മൻ കത്തനാരെ മെത്രാനായി വാഴിച്ച്, പുത്തൻകൂർ ഛിദ്മത്തിന് ഔപചാരികമായി അടിത്തറ പാകിയതാണ്. പാശ്ചാത്യസഭയിലും വൈദികർ ചേർന്നു മെത്രാന്മാരെ വാഴിക്കുന്നതിനു ദുർലഭമായ ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു 'Secular Priesthood in the New Church'' (Edited by Gerard S. Sloyan P. 38) എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. റോമിന്റെ അനുവാദത്തോടുകൂടി ഇംഗ്ലണ്ടിലും ഫ്രാൻസിലും ജർമ്മനിയിലും വൈദികപട്ടം മാത്രമുണ്ടായിരുന്ന ആബട്ടുമാർ (ആശ്രമാധിപർ) കീഴുള്ളവർക്കു പട്ടം കൊടുക്കുമായിരുന്നത്രെ. അത്തരം പതിവുകളെല്ലാം തിരസ്കരിക്കപ്പെട്ടിരിക്കുകയാണ്. അവ സാധുവായിരുന്നെന്നു പറയാനും പ്രയാസം.

1598-ൽ ഗോവ മെത്രാപ്പോലീത്താ ഡോം മെനേസിസ് ആലങ്ങാട്ടു സന്ദർശിച്ചതായി പറയുന്നുണ്ട്. 1701 ൽ മാർ സൈമൺ എന്നു പേരായ ഒരു മെസപ്പൊട്ടേമിയക്കാരൻ മെത്രാൻ ഫാ. ആൻജലോ ഫ്രാൻസിസ് എന്ന വൈദികനെ ആലങ്ങാട്ടുവച്ചു മെത്രാനായി അഭിഷേകം ചെയ്യുകയുണ്ടായത്രെ. ഈദൃശകാര്യങ്ങൾ എറണാകുളം അതിരൂപതവക ഡിറക്ടറയുടെ 'Places of Historical Importance in the Archdiocese'' എന്ന അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളസഭയുടെ വീരസന്താനങ്ങളിൽ അഗ്രഗണ്യനായി പരിഗണിക്കപ്പെടാവുന്ന കരിയാറ്റി മെത്രാപ്പോലീത്തായെപ്പറ്റി ചിന്തിക്കുമ്പോൾ

'Stars in the firmament of time
Are eclipsed, but are extinguished not''

(സമയത്തിന്റെ ചക്രവാളത്തിൽ നക്ഷത്രങ്ങൾ മറഞ്ഞുപോകുന്നു. പക്ഷേ അവ പൊലിഞ്ഞു പോകുന്നില്ല) എന്ന കവിവാക്യമാണ് ഓർമ്മ വരുന്നത്. എന്നാൽ കരിയാറ്റിയെപ്പോലുള്ള വിഖ്യാതപുരുഷന്മാർ പോലും വളരുന്ന തലമുറയുടെ സ്മരണ മണ്ഡലത്തിൽ എത്രമാത്രം സ്ഥാനം പിടിച്ചിട്ടുണ്ട് എന്നതു സംശയാസ്പദമാണ്. അതിനുള്ള പ്രതിവിധി കേരളസഭ് ചരിത്രത്തിന്റെ അദ്ധ്യാപനത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുകയാണ്. മുൻകാലങ്ങളിൽ ശ്രീ. കെ. ഇ. ജോബിന്റെ "കേരളത്തിലെ ക്രിസ്തുമതം" വേദോപദേശക്ലാസ്സുകളിൽ ഒരു പാഠ്യപുസ്തകമായിരുന്നു. ഇപ്പോഴും അങ്ങനെതന്നെ. എന്നുവരികിലും ചരിത്രവിഷയങ്ങൾ പഠിപ്പിക്കുന്നതിലും പഠിക്കുന്നതിലുമുള്ള ഔത്സുക്യം കുറഞ്ഞുവരുന്നതായിട്ടാണു കാണുന്നത്. ശ്രീ. ജോബിന്റെ പുസ്തകം തന്നെ കാലോചിതമായി പരിഷ്കരിക്കുകയും, ഭാരതസഭാചരിത്രമായി വിപുലപ്പെടുത്തുകയും ചെയ്താൽ അത് ആവശ്യത്തിനുതകുന്നതുമായിരിക്കും. അല്ലെങ്കിൽ വേദോപദേശക്ലാസ്സുകൾക്കു പറ്റുന്ന മറ്റൊരു ഗ്രന്ഥം രചിക്കേണ്ടി വരും. ഈ സൽകൃത്യത്തിന് ആരെ

www.malankaralibrary.com

ങ്കിലും മുന്നോട്ടുവന്നാൽ അവർക്ക് എല്ലാവിധ പ്രോത്സാഹനവും ലഭിക്കുന്ന താണെന്നു ഉറപ്പുപറയുവാൻ ഞാനാഗ്രഹിക്കുന്നു.


മാർ കരിയാറ്റിയുടെ സ്മരണ നിലനിറുത്തുന്നതിനായി, അദ്ദേഹം സൂര്യപ്രകാശം കണ്ട കരിയാറ്റിപ്പറമ്പു വിലയ്ക്കോ സൗജന്യമായോ ലഭിക്കുമെങ്കിൽ, അവിടെത്തന്നെ ഒരു സ്മാരകം നിർമ്മിക്കുന്നകാര്യം 1961 ൽ ആലോചനയ്ക്കു വന്നതാണ്. അന്നതു സാധിക്കാതെ പോയെങ്കിലും, 1986 ൽ കഥാപുരുഷന്റെ ചരമത്തിന്റെ രണ്ടാംശതാബ്ദം പ്രമാണിച്ച് ഇക്കാര്യം വീണ്ടും ആലോചനയ്ക്കെടുക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ചരമവാർഷികമായ സെപ്റ്റംബർ 10-ാം തീയതി പ്രതിവർഷം അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന ആലങ്ങാട്ടുപള്ളിയിൽ പ്രത്യേക തൃക്കർമ്മങ്ങൾ നടക്കുന്നുണ്ടെന്നു വിചാരിക്കുന്നു. ഒരു കൊല്ലം ഞാനവിടെ പോയി കർമ്മാദികൾ നടത്തിയെങ്കിലും എല്ലാ കൊല്ലവും അപ്രകാരം ചെയ്യാൻ സാധിക്കാതെ വന്നതിൽ എനിക്ക് ദുഃഖമുണ്ട്. എന്നുവരികിലും കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങളും സംപൂജ്യനാമവുമായി ബന്ധപ്പെടാനിടയായതിൽ ഞാൻ തികച്ചും കൃതാർത്ഥനാണ്. ചരിത്രം പള്ളിയുറങ്ങുന്ന ആലങ്ങാട്ടുപള്ളി ഗവേഷകരുടെ സവിശേഷ ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്. അതുപോലെതന്നെ, മാർ കരിയാറ്റിയുമൊരുമിച്ചു താൻ നടത്തിയ വിദേശയാത്രയെപ്പറ്റി പാറേമ്മാക്കൽ ഗോവർണദോറച്ചൻ രചിച്ച "വർത്തമാനപ്പുസ്തകം"- മലയാളത്തിലെ ആദ്യത്തെ ഗദ്യകൃതി - ചരിത്രപഠിതാക്കളും സാഹിത്യപ്രണയികളും ഒരാവൃത്തിയെങ്കിലും വായിച്ചിരിക്കേണ്ടതാണ്. ഒരു കർമ്മലീത്താ വൈദികൻ "വർത്തമാനപ്പുസ്തക"ത്തിന്റെ ഒരു പുതിയ പതിപ്പ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ട്, അതിനു മുൻകൂർ പണം പിരിക്കാനായി ഏതാനും മഠങ്ങളിൽ കയറിയിറങ്ങിയപ്പോൾ, അങ്ങനെയൊരു പുസ്തകത്തിന്റെ പേരുപോലും ചില കന്യാസ്ത്രീകൾ കേട്ടിട്ടില്ല എന്ന ദുഃഖകരവും ആശ്ചര്യകരവുമായ സംഗതി മനസ്സിലാക്കിയെന്ന് അദ്ദേഹം എന്നോടു പറയുകയുണ്ടായി. ഈയിടെ പ്രൊഫസർ മാത്യു ഉലകംതറ തയ്യാറാക്കിയതും ഡി. സി. ബുക്കുസ്റ്റോൾകാർ പ്രസാധനം ചെയ്തതുമായ "വർത്തമാനപ്പുസ്തക"ത്തിന്റെ ആധുനികശൈലിയിലുള്ള ഒരു പരാവർത്തനം വെളിച്ചം കണ്ടിട്ടുള്ളതിനാൽ അനായാസേന ആ കൃതി ആർക്കും വായിച്ചു ഗ്രഹിക്കാൻ സാധിക്കും. വാസ്തവത്തിൽ, അതു കൈയിൽ കിട്ടിയതിനു ശേഷമാണ് പാറേമ്മാക്കലിന്റെ ആ അമൂല്യഗ്രന്ഥം ഞാൻ ആദ്യന്തം പാരായണം ചെയ്തത്. അദ്ദേഹം സ്വന്തം കയ്പടയിൽ എഴുതിയ ഗ്രന്ഥത്തിൽനിന്നു പകർത്തിയെടുത്ത ഒരു കൈയെഴുത്തുപ്രതി എറണാകുളം അരമനയിലെ ഗ്രന്ഥശേഖരണത്തിലുണ്ട്. എല്ലാവരും ചരിത്രവസ്തുതകൾ അറിയുന്നതിൽ കുറേക്കൂടി താത്പര്യം പ്രദർശിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളട്ടെ.

NB: കർഡിനൽ മാർ പാറേക്കാട്ടിലിന്റെ ഞാൻ എന്റെ ദൃഷ്ടിയിൽ എന്ന ഗ്രന്ഥത്തിലെ **"കരിയാറ്റിയുടെ അവശിഷ്ടങ്ങൾ"** എന്ന ഭാഗമാണ്

www.malankaralibrary.com

**മുകളിൽ ചേർത്തിരിക്കുന്നത്. അതിന്റെ ആദ്യഭാഗത്ത് എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി വലിയ പ്രാധാന്യം ഇല്ലാത്തവയാണെങ്കിലും സഭാതലത്തിലും അതിരൂപതാതലത്തിലും പ്രാധാന്യമുള്ള പല സംഭവങ്ങൾക്കും ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്, നേതൃത്വം നൽകിയിട്ടുണ്ട് എന്ന് എഴുതിയിരിക്കുന്നു. "എന്നെ സംബന്ധിച്ചിടത്തോളം വലിയ പ്രധാന്യം ഇല്ലാത്തവയാണെങ്കിലും" എന്നെഴുതാൻ പിതാവിനെ പ്രേരിപ്പിച്ചകാര്യം എന്തായിരിക്കും. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവരുന്നതിന് ഇടയായത് ഒരുപക്ഷേ, കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ആയതുകൊണ്ടും അക്കാര്യത്തിൽ വലിയ പങ്കുവഹിക്കാൻ സാധിച്ചിട്ടില്ലാത്തതുകൊണ്ടുമായിരിക്കാം ആ രീതിയിൽ എഴുതിയത്.**

മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദി രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനെക്കൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ രാമപുരത്ത് വച്ച് നടത്തപ്പെട്ടു. ആ മഹാസംഭവത്തെപ്പറ്റിയും ഞാൻ എന്റെ ദൃഷ്ടിയിൽ എന്ന ഗ്രന്ഥത്തിൽ സൂചിപ്പിട്ടില്ല. ആ മഹാസംഭവത്തെ നാളെ എങ്ങനെ ചരിത്രകാരന്മാർ വിലയിരുത്തും.



Sanctuary of Alengad Church where the mortal-remains are reinterred

www.malankaralibrary.com

# 8. എറണാകുളം മിസ്സത്തിലെ റിപ്പോർട്ട്

എറണാകുളം അതിരൂപതയുടെ മുഖപത്രമാണ് എറണാകുളം മിസ്സം. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ട പുനഃസംസ്കാരത്തിന്റെ വിശദമായ റിപ്പോർട്ട് 1961 സെപ്റ്റംബർ ലക്കത്തിൽ ചേർത്തിട്ടുണ്ട്. അതാണ് അടുത്ത താളുകളിൽ ചേർത്തിരിക്കുന്നത്. എറണാകുളം മിസ്സത്തിലെ റിപ്പോർട്ട് അവിശ്വസിക്കേണ്ട കാര്യമില്ലല്ലോ. മാർ കരിയാറ്റി മെത്രാപ്പോലീത്താ എന്ന ലേഖനത്തിലെ ജീവചരിത്ര സംക്ഷേപവും റോമായാത്രയും മറ്റുലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഈ റിപ്പോർട്ടിൽ നിന്നും ആ ഭാഗം നീക്കം ചെയ്തിരിക്കുന്നു.

"1786 സെപ്തംബർ 10-ാംനു മറക്കാനാവാത്ത ഒരു ദിവസമാണത്. കരളലിയിക്കുന്ന ഒരു സംഭവത്തിനു സാക്ഷിനിന്ന ദിനം. കേരളസഭയുടെ ഐക്യത്തിനും അഭ്യുന്നതിക്കുംവേണ്ടി ധീരധീരം പോരാടിയ ധീരസേനാനി-കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്താ തിരുമേനി-ചരമമടഞ്ഞത് അന്നാണ്. സ്വദൗത്യം സ്തുത്യർഹമായി നിർവഹിച്ചശേഷം അദ്ദേഹം തന്റെ ജന്മനാട്ടിലേക്കു മടങ്ങുകയായിരുന്നു. കേരളജനതയുടെ അഭിമാനസ്തംഭമായ ഈ സംപൂജ്യനേതാവ് ഗോവയിൽ വച്ച് അപ്രതീക്ഷിതമായി മരണമടഞ്ഞു. കേരളത്തിന്റെയും ക്രൈസ്തവസമുദായത്തിന്റെയും ചരിത്രത്തിൽ മായാമുദ്രകൾ പതിച്ചിട്ടുള്ള അദ്ദേഹത്തിന്റെ 175-ാം ചരമവാർഷികമാണ് ഈ മാസം പത്താം തീയതി.

അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ വിദൂരമായ ഗോവയിൽ സംസ്കരിക്കപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ അവ 1960 ഡിസംബർ 16-ാം നു നമ്മുടെ നാട്ടിലേക്കു കൊണ്ടുവരപ്പെട്ടു. 1961 ഏപ്രിൽ 11-ാം തീയതി അദ്ദേഹത്തിന്റെ സ്വന്തം ഇടവകയായ ആലങ്ങാട്ടുപള്ളിയിൽ അത്യാഡംബരപൂർവ്വം അവ പുനഃസംസ്കരിക്കപ്പെടുകയും ചെയ്തു. ഇതിനുശേഷം വരുന്ന ആദ്യത്തെ ചരമവാർഷികം-അതും 175-ാമത്തേതായ ഒരു ജൂബിലി മഹം ഉചിതമാംവിധം അനുസ്മരിക്കേണ്ടതു നമ്മുടെ കടമയാണല്ലോ.

1786 മെയ് ഒന്നാംതീയതി കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തായും ബ. പാറേമ്മാക്കൽ അച്ചനും ഗോവയിൽ എത്തി. സഭാസംബന്ധമായ ചില കാര്യങ്ങൾ ശരിപ്പെടുത്തുന്നതിന് ഏതാനുംനാൾ ഗോവയിൽ അവർക്കു താമസിക്കേണ്ടി വന്നു. അതിനിടയ്ക്കാണ് ആ വീരസേനാനി അപ്രതീക്ഷിതമായി മരണമടഞ്ഞത്. അത് 1786 സെപ്തംബർ 10-നായിരുന്നു.

www.malankaralibrary.com

## പ്രത്യാഗമനം

ഭാരതത്തിന്റെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റ കരിയാറ്റി മാർ യൗസേപ്പു തിരുമേനിയുടെ അകാലവിയോഗം ഏവർക്കും ഹൃദയഭേദകമായിരുന്നു. കേരളത്തിലെ സുറിയാനി സമുദായത്തെ സംബന്ധിച്ചിടത്തോളം അതൊരു തീരാദുഃഖകാരണവുമായിരുന്നു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങളെങ്കിലും നാട്ടിലേക്കു കൊണ്ടുവരണമെന്ന ആഗ്രഹം അന്നുമുതൽ മൊട്ടിട്ടതാണ്. ഭാഗ്യസ്മരണാർഹനായ കരിയാറ്റി മാർ യൗസേപ്പു മെത്രാപ്പോലീത്താക്കുവേണ്ടി, 1952 ഡിസംബർ 4-ാം തീയതി ഗോവയിൽ വച്ച്, കേരളത്തിൽ നിന്നുള്ള ഏതാനും വേദിക മേലദ്ധ്യക്ഷന്മാരും വൈദികരും ചേർന്ന് അർപ്പിച്ച തിരുക്കർമ്മങ്ങളുടെ അവസരത്തിലാണ്, തദവസരത്തിൽ സന്നിഹിതനായിരുന്ന റൈറ്റ് റവ. മോൺ ജോൺ കച്ചിറമറ്റം അവർകൾക്ക്, പ്രസ്തുത പൂജ്യാവശിഷ്ടങ്ങൾ പഴയ ഗോവയിൽ ഉപേക്ഷിക്കപ്പെടാതെ കേരളത്തിൽ കൊണ്ടുവന്നു യഥായോഗ്യം സംസ്കരിക്കപ്പെടണമെന്നുള്ള അഭിലാഷം ഉജ്ജ്വലത്തായത്. അതുസംബന്ധിച്ച് അദ്ദേഹം 1952 ഡിസംബർ 9-ാം തീയതി സത്യദീപം വാരികയിൽ ഇപ്രകാരമെഴുതി: "നമ്മുടെ വീരനേതാവിന്റെ പൂജ്യാവശിഷ്ടങ്ങൾ പരിത്യക്തമായ പൂർവ്വഗോവയിൽ വിസ്മരിക്കപ്പെടുന്നത് കൃത്യവിലോപവും അഭിമാനഭംഗവുമായിരിക്കും. ഭിന്നസഹോദരങ്ങളുടെ പുനരൈക്യം ആഗ്രഹിക്കുന്ന ഏതൊരുത്തനും ആ വന്ദ്യപിതാവിന്റെ സാമീപ്യവും സഹവാസവും ശക്തിയേറിയ പ്രേരണ നല്കാതിരിക്കുകയില്ല."

**ചിരപ്രതീക്ഷിതമായ പ്രസ്തുത അഭിലാഷം ഇന്നു വിജയപൂർണ്ണമായി ഫലമണിഞ്ഞിരിക്കുകയാണ്. കേരളത്തിലെ അഭിവന്ദ്യവൈദിക മേലദ്ധ്യക്ഷന്മാരുടെ അനുമതിയോടും ആശിസ്സുകളോടുംകൂടി ഇക്കാര്യത്തിനായി മുൻകൈയെടുത്തു പ്രയത്നിച്ചത് അ.കേ.ക. കോൺഗ്രസ്സാണ് എന്നത് പ്രത്യേകം പ്രസ്താവ്യമത്രേ.**

## മാർ കരിയാറ്റികമ്മിറ്റി

മാർ കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടങ്ങൾ സ്വന്തം നാട്ടിലേക്കു കൊണ്ടുവരുവാനുള്ള സംരംഭത്തിൽ വേണ്ടതു ചെയ്യുവാനായി, 1955 ജനുവരി മൂന്നാംതീയതി 12 പേരുൾപ്പെട്ട ഒരു പ്രത്യേക കമ്മിറ്റി രൂപീകൃതമായി. പ്രസ്തുത കമ്മിറ്റിയുടെ പരിശ്രമഫലമായി, ഗോവാ കത്തീഡ്രലിലുള്ള കുഴിമാടം തുറന്ന് ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിലേക്കു കൊണ്ടുപോരുന്നതിനുള്ള അനുവാദം, ഗോവാ പാത്രിയർക്കീസ് തിരുമേനി, ഗോവാ വൈസ്രോയി മുതലായ ഗോവയിലെ അധികാരികളിൽ നിന്നും ഒക്ടോബർ 15-ാം ലഭിച്ചു. ഗോവയിൽ നിന്നും കൊണ്ടുവരുന്ന പ്രസ്തുത ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ സ്വദേശമായ ആലങ്ങാട്ടുതന്നെ സ്ഥാപിക്കേണ്ടതാണെന്ന് 1956 സെപ്തംബർ 27-ാം തീയതി എറണാകുളത്തു

www.malankaralibrary.com

വച്ചു കൂടിയ സുറിയാനി വൈദിക മേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ തീരുമാനിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇന്ത്യാ ഗവണ്മെന്റിന്റെ അനുവാദം 1960 ഒടുവിൽ മാത്രമാണ് ലഭിച്ചത്. കമ്മിറ്റിയിൽപെട്ട 6 പേർക്കു മാത്രമാണ് ഗോവയിലേക്കു പോകുന്നതിന് അനുമതി കിട്ടിയത്.

തദനുസരണം ഈ ആറംഗ ഡലിഗേഷൻ 1960 ഡിസംബർ നാലാം തീയതി എറണാകുളത്തുനിന്നും തീവണ്ടിമാർഗ്ഗം ഗോവയിലേക്കു പുറപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ശ്രീമാൻ വി.സി. ജോർജ്ജ്, കമ്മിറ്റി കൺവീനർ റവ. ഫാ. തോമസ് അരയത്തിനാൽ, റവ. ഡോ. സിടി. കൊട്ടാരം, ശ്രീ. ഇ.എം. ജോസഫ്, ശ്രീ. ടി.കെ. വർക്കി, ശ്രീ. പി.സി. ലൂക്കോസ് എന്നിവരായിരുന്നു ഈ ഡലിഗേഷനിലെ അംഗങ്ങൾ. ഇവരെ സ്വീകരിച്ചു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനായി ഗോവാ പാത്രിയർക്കീസ് തിരുമേനി, കത്തീദ്രലിൽ താമസിച്ചിരുന്ന അഞ്ചു അഭിവന്ദ്യ കാനൺമാരും, തിരുമേനിയുടെ ചാൻസലർ ആയ മോൺസിഞ്ഞോറും ഉൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ചിരുന്നു. ഡിംസബർ എട്ടാംതീയതി ഗോവയിൽ എത്തിയ ഡലിഗേഷനംഗങ്ങൾ ആദ്യമേതന്നെ അധികാരികളെ സന്ദർശിച്ചു വേണ്ട അനുമതികൾ വാങ്ങി, ഗോവാ ഭദ്രാസന ദേവാലയത്തിലെ പ്രധാന അൾത്താരയ്ക്കു സമീപം "Burial place of Dom Joseph Cariatti, Archbishop of Cranganore, of which place he was a native, died in Gova in September 10th 1786"എന്ന രേഖയോടുകൂടിയ ഒരു കല്ലിട്ടിരുന്ന, മാർ കരിയാറ്റിയുടെ കുഴിമാടം ഡിസംബർ 9-ാം തീയതി തുറക്കുവാൻ ആരംഭിച്ചു. 11-ാംനുയോടുകൂടി ഭൗതികാവശിഷ്ടങ്ങൾ പ്രത്യേക പേടകത്തിൽ നിക്ഷേപിച്ച്, മേലധികാരികളുടെ മുദ്രയും വയ്പിച്ചു. കല്ലറക്കുള്ളിലെ പൂഴിമണ്ണ് കുറെ മാറ്റിയപ്പോൾ, അവിടെ അസ്ഥിക്കഷണങ്ങൾ കാണാറായി. കാലപ്പഴക്കത്താൽ അസ്ഥിപഞ്ജരം പൊടിഞ്ഞു കഴിഞ്ഞതിനാൽ ആ ഭിതികാവശിഷ്ടങ്ങൾ സംഭരിക്കയാണുണ്ടായത്. "കാൽ ഇഞ്ചുമുതൽ ഒരിഞ്ചുവരെ വലിപ്പമുള്ളതും അസ്ഥിപഞ്ജരത്തിന്റെ വിവിധ ഭാഗങ്ങൾ അടങ്ങിയതുമായി പലതരത്തിൽ 100ഓളം അസ്ഥിക്കഷണങ്ങളും, ശരീരത്തിൽ അണിയിച്ചിരുന്ന സ്ഥാനവസ്ത്രങ്ങളുടെ അവശിഷ്ടമായി പല കസവുനൂൽക്കഷണങ്ങളും സിൽക്കുവസ്ത്രാവശിഷ്ടങ്ങളും ധരിച്ചിരുന്ന ബൽട്ടിന്റെ ബക്കിളും അതോടൊപ്പം തിരുമേനിയുടെ രക്തമാംസഅസ്ഥികൾ ലയിച്ചുചേർന്ന കല്ലറക്കുള്ളിലെ കുറെ മണ്ണുമാണ് തിരുമേനിയുടെ ഭൗതികാവശിഷ്ടമായി പേടകത്തിൽ സംഭരിച്ചത്".

## പ്രമാണരേഖ

കേരളത്തിൽ നിന്നുപോയ ഡലിഗേഷനംഗങ്ങളുടെയും ഗോവാകമ്മിറ്റിയംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ ഗോവാ കത്തീദ്രൽ പള്ളിയിലുണ്ടായിരുന്ന മാർ കരിയാറ്റി തിരുമേനിയുടെ കുഴിമാടം തുറന്നു 1960 ഡിസം

www.malankaralibrary.com

ബർ 9ഉം 10 തീയതികളിലായി പ്രത്യേക പേടകത്തിൽ സംഭരിക്കപ്പെട്ട തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങൾ സംബന്ധിച്ച് പോർട്ടുഗൽ മുദ്രപത്രത്തിൽ ഒരു പ്രമാണരേഖ ഡിസംബർ 11-ാം തീയതി തയ്യാറാക്കി, അതിൽ ഈ ഇരുകമ്മിറ്റികളിലുംപെട്ട പന്ത്രണ്ടുപേരും ഒപ്പിട്ടശേഷം അഭിവന്ദ്യ പാത്രിയർക്കീസു തിരുമേനിയും കത്തീഡ്രൽ ക്യുറേറ്ററും ഒപ്പിട്ടു. (പ്രസ്തുത രേഖകൾ അന്യത്ര) തങ്ങളുടെ ദൗത്യം വിജയപ്രദമായതിൽ ചാരിതാർത്ഥ്യത്തോടെ കേരള ഡലിഗേഷനംഗങ്ങൾ ഗോവയിൽ നിന്നും 12-ാം തീയതി മടങ്ങിപ്പോരുകയും 16-ാം തീയതി എറണാകുളത്തു എത്തിച്ചേരുകയും ചെയ്തു.

## മരണരജിസ്റ്റർ

രണ്ടു ശതാബ്ദക്കാലം പഴക്കമുള്ള ഗോവയിലെ മരണരജിസ്റ്ററിൽ മാർ കരിയാറ്റിയുടെ ചരമവിവരം കുറിക്കുന്ന പേജുകളിൽ നിന്നും ഏതാനും വിവരങ്ങൾ മനസ്സിലാക്കാവുന്നതത്രേ:- "മെത്രാപ്പോലീത്തായുടെ ചരമത്തിനുശേഷം ഗോവയിലെ സകല ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും നിന്ന് വിലാപസൂചകമായ മണിനാദം രാപകലെന്യേ ഉച്ചത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. മൃതശരീര സന്നിധിയിൽ സൈനികരും അത്മായരും വൈദിക സന്യാസിനിസന്യാസിവൃന്ദവും തടിച്ചുകൂടി പ്രാർത്ഥനകൾ നടത്തിയിരുന്നു. ഗോവയിലെ സന്യാസസഭാംഗങ്ങൾ മണിക്കൂറുകൾവെച്ച് തവണമുറയ്ക്കാണ് പ്രാർത്ഥനാദികൾ നടത്തിയത്. ആദ്യം ഫ്രാൻസിസ്കൻ സഭാംഗങ്ങളും പിന്നീട് അഗസ്റ്റീനിയൻ സന്യാസിനികളും അനന്തരം ഡൊമിനിക്കൻ സന്യാസിനികളും എന്നുവേണ്ടാ കാനൻസ്ഥാനികരും ഇടവക വൈദികരും പ്രാർത്ഥനയിൽ രാത്രിമുഴുവൻ മുഴുകിയിരുന്നു. സന്യാസിനീ സമൂഹങ്ങളുടെ ഭാഗഭാഗിത്വവും അവിസ്മരണീയമത്രേ" സംസ്കാര ചടങ്ങുകളിൽ പെട്ട നഗരി കാണിക്കലും, ചരമപ്രസംഗവും പൊന്തിഫിക്കൻ റാസയും ഗോവാ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നതും മറ്റും സംബന്ധിച്ച വിശദവിവരങ്ങളും ആ രേഖയിൽ കാണാം. കത്തീഡ്രൽ പള്ളിയിലെ പ്രധാനബലിപീഠഭാഗത്ത് "ചാന്സേഴ്സ് ചെയറിന്" തൊട്ടടുത്തുള്ള കബറിടസ്ഥാനവും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പാത്രിയർക്കീസുമാർ, മെത്രാപ്പോലീത്തമാർ എന്നിവർക്കനുവദനീയമായ ആചാരോപചാര ബഹുമാനങ്ങളോടെ അതേ പ്രാമാണിക സ്ഥാനത്ത് കേരളത്തിലെ പ്രഥമ മെത്രാപ്പോലീത്തായുടെ സംസ്കാരകർമ്മവും നിർവ്വഹിക്കപ്പെട്ടതായിട്ടാണ് ആ പുരാതന രേഖ വെളിപ്പെടുത്തുന്നത്.

## ഭൗതികാവശിഷ്ടങ്ങൾ എറണാകുളത്ത്

മാർ കരിയാറ്റി തിരുമേനിയെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള കല്പന ലഭിച്ചത് 1782 ഡിസംബർ 16-ാം തീയതി

www.malankaralibrary.com

യായിരുന്നു. അതിന്റെ 178-ാം വാർഷികത്തിൽ അതായത് 1960 ഡിസംബർ 16-ാം തീയതിയാണ് തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങൾ എറണാകുളത്ത് കൊണ്ടുവന്നത്. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ (ആ അവസരത്തിൽ അഭിവന്ദ്യ പിതാവ് റോമിലായിരുന്നു) അദ്ദേഹത്തിന്റെ പ്രതിനിധിയായി വികാരി ജനറൽ റൈറ്റ്. റവ. മോൺ. ജോർജ്ജ് വല്യാറമ്പത്ത് ഭൗതികാവശിഷ്ടങ്ങൾ റീത്തുസമർപ്പിച്ച് ഏറ്റുവാങ്ങി. ഏറ്റവും ഹൃദ്യമായ ഒരു സ്വീകരണമാണ് പ്രസ്തുത ഭൗതികാവശിഷ്ടങ്ങൾക്ക് ലബ്ധമായത്. പ്രസ്തുത പേടകം എറണാകുളം കത്തീഡ്രൽ പള്ളിയിലേക്കു സാഘോഷം സംവഹിക്കപ്പെടുകയും അവിടെവച്ച് ഒപ്പീസുകർമ്മം നടത്തുകയുംചെയ്തു. തദനന്തരം അത്യാഡംബരപൂർവ്വം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ കപ്പേളയിൽ പ്രസ്തുത പേടകം സ്ഥാപിച്ചു.

## പുനഃസംസ്കരണം

പുണ്യശ്ലോകനായ കരിയാറ്റി മാർ യൗസേപ്പു മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭൗതികാവശിഷ്ടങ്ങൾ 1961 ഏപ്രിൽ മാസം 11-ാം തീയതി ആലങ്ങാട്ടു പള്ളിയിൽ സംസ്കരിക്കണമെന്നായിരുന്നു തീരുമാനം. അതോടനുബന്ധമായി അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ 43-ാമതു വാർഷികവും, ആലങ്ങാട്ടുവച്ച് "കരിയാറ്റി നഗറി" ൽ സമ്മേളിക്കണമെന്നും നിശ്ചയിച്ചു മാർ കരിയാറ്റി തിരുമേനി റോമിൽ നിന്നും ഇന്ത്യയിലേക്കു യാത്ര ചെയ്ത പാക്കപ്പലിനെ അനുസ്മരിപ്പിക്കുമാറു" ഒരു "പാക്കപ്പലി"ൽ, തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങൾ അദ്ദേഹത്തിന്റെ ജന്മനാട്ടിലേക്കു സംവഹിക്കപ്പെടണമെന്നുണ്ടായ തീരുമാനം സമുചിതം തന്നെ. അതിനായി 33 അടി നീളവും 16 അടി പൊക്കവുമുള്ള "Stella Maris"എന്ന പാക്കപ്പൽ മനോഹരമായി നിർമ്മിക്കപ്പെട്ടു. ലോറിയിൽ സംവിധാനം ചെയ്ത ഒരു കലാശില്പമായിരുന്നു "സ്റ്റെല്ലാ മാരിസ്"

പുനഃസംസ്കരണദിനമായ 1961 ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച പ്രഭാതത്തിൽ, ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന, മുദ്രിതമായ പേടകം എറണാകുളം കത്തീഡ്രൽ ദേവാലയത്തിൽ പൊതുവായ ആദരപ്രകടനങ്ങൾക്കായി സ്ഥാപിക്കപ്പെട്ടു. രാവിലെ 7.15-ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും എറണാകുളം മെത്രാപ്പോലീത്തായുടെയും കൊല്ലം, കോതമംഗലം, തലശ്ശേരി, എന്നീ രൂപതാദ്ധ്യക്ഷന്മാരുടെയും 200-ഓളം വൈദികരുടെയും ആയിരക്കണക്കിനു ജനങ്ങളുടെയും സാന്നിദ്ധ്യത്തിലും കരിയാറ്റി മെത്രാപ്പോലീത്താക്കുവേണ്ടി ഒപ്പീസുകർമ്മം നടത്തി.

## ജൈത്രയാത്ര

തിരുക്കർമ്മങ്ങൾക്കുശേഷം പൂജ്യാവശിഷ്ടങ്ങൾ വഹിച്ചുകൊണ്ടുള്ള

www.malankaralibrary.com

ഘോഷയാത്ര ആരംഭിച്ചു. Stella Maris എന്ന പാക്കപ്പലിൽ സംപൂജ്യാവശിഷ്ടങ്ങൾ അടങ്ങിയ പേടകം ഉയർത്തി പ്രതിഷ്ഠിക്കപ്പെട്ടു. എറണാകുളം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിമാരും കൊല്ലം തിരുവല്ലാ മെത്രാൻ തിരുമേനിമാരും പേടകത്തിനു സമീപം ഉപവിഷ്ടരായി. ആകർഷകമായ ബാന്റുമേളങ്ങളോടെ ഘോഷയാത്ര മുന്നോട്ടു നീങ്ങി. ജനനിബിഡമായ ബ്രോഡ്‌വേ, ബാനർജി റോഡ് ഇവ കടന്നു ഇടപ്പള്ളി-ആലുവാ റോഡുവഴി നിരവധി കാറുകളുടെ അകമ്പടിയോടെ ആ ജൈത്രയാത്ര മുന്നോട്ടു നീങ്ങി. പേടകം ഇടപ്പള്ളിപ്പള്ളിയുടെ മുൻവശത്തു പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിൽ സ്വീകരിക്കപ്പെട്ടു. ഫോറോനപ്പള്ളി വികാരി വെരി.റവ. ഫാ. മാത്യു കമ്മട്ടിയുടെ നേതൃത്വത്തിൽ പലരും റീത്തുകൾ അർപ്പിച്ചു. തുടർന്നു പന്തലിൽ കോതമംഗലം മെത്രാൻ തിരുമനസ്സുകൊണ്ട് ഒപ്പീസു നടത്തി. കളമശ്ശേരി കർമ്മലീത്താ കൊവേന്തയുടെ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മുൻപിൽവച്ചും റീത്തുസമർപ്പണം നടന്നു, അനന്തരം പേടകത്തിനു സ്വീകരണം നൽകിയത് ആലുവാപള്ളിയുടെ ആഭിമുഖ്യത്തിലായിരുന്നു. ആലുവാപള്ളി വികാരി റവ. ഫാ. ജോസഫ് നരയംപറമ്പിൽ റീത്തുസമർപ്പിച്ച് പേടകം പന്തലിലേക്കു സ്വീകരിച്ചു. അവിടെവച്ച് തലശ്ശേരി മെത്രാൻ തിരുമേനി ഒപ്പീസു നടത്തി. കേരളസഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് പതിനായിരക്കണക്കിനാളുകളുടെ പ്രാർത്ഥനാ നിർഭരമായ ആനന്ദ ബാഷ്പങ്ങളുടെ മദ്ധ്യേ ഉദ്ദേശം പത്തരമണിക്ക് ഭൗതികാവശിഷ്ടങ്ങൾ ആലങ്ങാട്ടു കവലയിൽ എത്തിച്ചേർന്നു.

## ആലങ്ങാട്ടു സ്വീകരണം

നിരവധി പൊൻവെള്ളിക്കുരിശുകളുടേയും ഒട്ടനേകം പട്ടുകുടകളുടേയും അകമ്പടിയോടെ ആലങ്ങാട്ടുപള്ളി വികാരി റവ. ഫാ. പീറ്റർ പരവര ഭൗതികാവശിഷ്ടങ്ങൾ അടങ്ങിയ പേടകം ആഘോഷമായി പള്ളിയങ്കണത്തിലേയ്ക്കു സ്വീകരിച്ചു. രണ്ടു നൂറ്റാണ്ടുകൾക്കപ്പുറത്ത് ആലങ്ങാട്ടു നിന്ന് മഹാത്യാഗങ്ങൾ സഹിച്ച് സഭാസേവനത്തിനായി വിദേശങ്ങളിലേയ്ക്കു പോയ കരിയാറ്റിൽ മെത്രപ്പോലീത്താ തിരുമനസ്സിലെ പ്രത്യാഗമനം ഇത്തരത്തിലായിരിക്കുമെന്ന് ആരും അന്ന് പ്രതീക്ഷിച്ചിരിക്കയില്ല. ജനനിബിഢമായിരുന്ന പള്ളിയങ്കണത്തിന്റെ മദ്ധ്യത്തിലായി പ്രത്യേകം സജ്ജമാക്കിയിരുന്ന മനോജ്ഞമായ മണ്ഡപത്തിൽ പൂജ്യാവശിഷ്ടങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു.

## തിരുക്കർമ്മങ്ങൾ

തദനന്തരം എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ ആഘോഷമായ പൊന്തിഫിക്കൽ റാസ നടന്നു. അതേ തുടർന്ന് എറണാകുളം അതിരൂപതാ വികാരി ജനറാളും, ആലങ്ങാട്ടുപള്ളി

www.malankaralibrary.com

ഇടവകാംഗവുമായ റൈറ്റ്, റവ. മോൺ. പോൾ വടക്കുഞ്ചേരി അവർകള് സ്മര്യപുരുഷനെപ്പറ്റി ഒരു പ്രഭാഷണം നിർവ്വഹിച്ചു.

ഉച്ചകഴിഞ്ഞു മൂന്ന് മണിക്ക് ഭൗതികാവശിഷ്ടങ്ങളുടെ പുനഃ സംസ്ക്കരണ ചടങ്ങുകൾ ആരംഭിച്ചു. കൊല്ലം മെത്രാൻ തിരുമേനി ലത്തീൻ റീത്തിലും, തിരുവല്ലാ മെത്രാൻ തിരുമേനി മലങ്കരറീത്തിലും ഒപ്പീസുകൾ നടത്തി. അതേത്തുടർന്ന് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് ഉത്തേജകമായ ഒരു പ്രസംഗം ചെയ്തു. തദനന്തരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ, കൊല്ലം മെത്രാൻ, പാലാ മെത്രാൻ, തിരുവല്ലാ മെത്രാൻ, എറണാകുളം വികാരി ജനറാൾ, കൊച്ചി, ആലപ്പുഴ എന്നീ രൂപതകളിലെ വികാരി ജനറാൾമാർ, കർമ്മലീത്താസഭാ പ്രിയോർ ജനറാൾ, മോൺസിഞ്ഞോർമാർ, പേപ്പൽസ്ഥാന വിഭൂഷിതർ, മൂന്നൂറോളം വൈദികർ ബഹുശതം ജനങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും മാർ കരിയാറ്റി യൗസേപ്പു മെത്രാപ്പോലീത്താ തിരുമേനിയുടെ ഭൗതികാവശിഷ്ടങ്ങൾ, മദുബഹായിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ സംസ്കരിച്ചു. സ്മര്യപുരുഷന്റെ ജീവിതത്തിലെ അനുസ്മരണീയ സംഭവങ്ങളെ കുറിക്കുന്ന ഒരു മാർബിൾ ശിലയും കല്ലറക്കു മുകളിൽ സ്ഥാപിച്ചു. തുടർന്നു പാലാ മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും റവ. ഫാ. അരയത്തിനാൽ, റവ. ഡോ. സി.ടി. കൊട്ടാരം എന്നിവരുടെ സഹകാർമ്മികത്വത്തിലും വാഴ്വും ലാക് ആലാഹായും നടത്തി. അങ്ങനെ ആലങ്ങാടിന്റെ വീരതനയൻ, സ്വന്ത നാട്ടിൽ തിരിച്ചെത്തി, സ്വന്തപ്പെട്ടവരുടെ മദ്ധ്യേ അന്തിമവിലയം കൊള്ളുന്നു. തിരുവല്ലാ മെത്രാൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണയോഗത്തോടുകൂടി പ്രസ്തുത ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു. യോഗത്തിൽ മി പി.ടി.ചാക്കോ എം.എ. സ്വാഗതമാശംസിച്ചു. റവ. ഫാ. സി.എ. എബ്രാഹം എം.എ., ബിഡി; ബിലീറ്റ് ശ്രീമാൻ ഇ.എം. ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീമാൻ കെ.എ. ജോസഫ് കൃതജ്ഞതാ പ്രകാശനം നടത്തി.

www.malankaralibrary.com

# 9. മാർ കാവുകാട്ട്, വി.സി. ജോർജ്ജ് എന്നിവരുടെ പ്രസംഗങ്ങൾ

കരിയാറ്റി മെത്രാപ്പോലീത്താ തിരുമേനിയുടെ ഭൗതികാവശിഷ്ട സംസ്കരണവേളയിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനി ചെയ്ത പ്രസംഗസംഗ്രഹം.

കേരളീയ ക്രിസ്തീയ ചരിത്രത്തിൽ മായാത്ത മഷികൊണ്ട് ആലേഖനം ചെയ്യപ്പെടുന്ന ഒരു മഹത്തായ സംഭവമാണ് ഇന്നിവിടെ നടക്കുന്നത്. ഈ മണ്ണിന്റെ മകൻ ഇവിടേയ്ക്കുതന്നെ തിരിച്ചുവന്നിരിക്കുകയാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് മൺമറഞ്ഞുപോയ ആ പാവനചരിതന്റെ ഭൗതികാവശിഷ്ടം സാഹചര്യത്തിന്റെ പ്രാതികൂല്യം നിമിത്തം ഇപ്പോൾമാത്രമേ ഇവിടെ കൊണ്ടുവരുവാൻ സാധിച്ചിട്ടുള്ളൂ. അങ്ങനെ നേരത്തെയുണ്ടായിരുന്ന ഒരാശാവല്ലരിയാണ് ഇന്നിപ്പോൾ പുഷ്പിച്ചിരിക്കുന്നത്. ഒരു മാതാവിനടുത്ത സ്നേഹത്തോടും അഭിമാനത്തോടും കൂടി ഈ ഓമനകുമാരനെ നാമിന്നു സ്വീകരിക്കുകയാണ്. അദ്ദേഹത്തിന്റെ ജീവചരിത്രം ഒരു വലിയ പുസ്തകമാക്കുവാൻ മാത്രം സംഭവബഹുലമായിരുന്നു.

ചെറുപ്പത്തിൽ തന്നെ വൈദികാന്തസ്സിലേയ്ക്ക് പ്രവേശിച്ച കരിയാറ്റിൽ മാർ യൗസേപ്പ് ആരേയും ആകർഷിക്കത്തക്കവിധം ബുദ്ധിമതിയും ധീരനുമായിരുന്നു. ഗുണവിശേഷങ്ങളുടെ ഒരുമൂർത്തീഭാവമായിരുന്നു ഇദ്ദേഹം എന്നുപോലും പറയാവുന്നതാണ്. ഏകദേശം 200 വർഷങ്ങൾക്കുമുമ്പ് ക്ലേശപൂർണ്ണമായ യാത്ര കഴിച്ച് റോമിലേക്ക് പോയതു തന്നെ അദ്ദേഹത്തിന്റെ ആത്മധൈര്യത്തിന് തെളിവാണ്. റോമിൽ വച്ച് ഉന്നതമായ ബിരുദങ്ങൾ കരസ്ഥമാക്കിയ ഇദ്ദേഹം ഇൻഡ്യയുടെതന്നെ ഒരഭിമാനസ്തംഭമായിരുന്നു. ഈ കാലഘട്ടത്തിലാണ് ശീശ്മകളുടെ വേലിയേറ്റം കേരളകത്തോലിക്കാസഭയുടെമേൽ ആഞ്ഞടിച്ചത്. ശീശ്മക്കാരെ തിരിച്ച് സഭയിലേയ്ക്കു കൊണ്ടുവരുവാൻ മാർ കരിയാറ്റിയുടെ പ്രേഷിതചൈതന്യം വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

കിരാതമായ പോർട്ടുഗീസ് ഭരണത്തിൻ കീഴിലിരുന്ന അക്കാലത്ത് ഒരു നാട്ടുമെത്രാനെ ലഭിക്കണമെന്നുള്ള ആഗ്രഹപൂർത്തിക്കായി അദ്ദേഹം റോമിലെത്തി. അവിടെവച്ച് മാർ കരിയാറ്റിയെത്തന്നെ പരിശുദ്ധ സിംഹാസനം മെത്രാനാക്കി ഉയർത്തി. മടങ്ങിവന്നവഴി ആകസ്മികമായി ഗോവയിൽ വച്ച് അദ്ദേഹം ചരമം പ്രാപിച്ചു. അങ്ങനെ എന്തിനുവേണ്ടി

www.malankaralibrary.com

അദ്ദേഹം ബുദ്ധിമുട്ടിയോ അതിന്റെ പരിസമാപ്തി കാണുന്നതിനുമുമ്പേ ആ വീരപുരുഷൻ പെട്ടെന്ന് അപ്രത്യക്ഷനാവുകയാണുണ്ടായത്. ആ പുണ്യാത്മാവിന്റെ ഭൗതികാവശിഷ്ടമെങ്കിലും നാട്ടിലെത്തിക്കുവാൻ അന്നു സാധിച്ചില്ല. അതിനുവേണ്ടി ആത്മാർത്ഥമായി പണിയെടുത്ത കരങ്ങളും ഇന്ന് അന്ത്യവിശ്രമം കൊള്ളുകയാണ്. (മോൺ. ജോൺ കച്ചിറമറ്റത്തെ അനുസ്മരിച്ചുകൊണ്ടാണ് തിരുമേനി ഇപ്രകാരം പറഞ്ഞത്.) മോൺ. കച്ചിറമറ്റം തുടങ്ങിവച്ച ജോലി കത്തോലിക്കാ കോൺഗ്രസ് പൂർത്തിയാക്കി യെന്നുള്ളത് ഏറ്റവും അഭിമാനകരം തന്നെയാണ്.

മാർ കരിയാറ്റിയുടെ ദൗത്യം അതായത് ശീശ്മകളിൽ നിന്നുള്ള പുനരൈക്യം ഇന്നും നിറവേറ്റിക്കഴിഞ്ഞുവെന്ന് നമുക്ക് പറയുവാൻ നിവൃത്തിയില്ല. അതു പൂർത്തിയാക്കുവാൻ നാം ഓരോരുത്തരുമാണ് ശ്രമിക്കേണ്ടത്. ആലങ്ങാടിന്റെ ഈ ദീപം കൂടുതൽ പ്രകാശമാനമായിത്തീരും. അതിന്റെ പാടലപ്രഭ നമുക്കും ഭാവിതലമുറയ്ക്കും മാർഗ്ഗദർശകമായി ത്തീരട്ടെ.

## അ. കേ. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ശ്രീമാൻ വി. സി. ജോർജിന്റെ അദ്ധ്യക്ഷപ്രസംഗ സംഗ്രഹം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ നാല്പത്തി മൂന്നാം വാർഷിക സമ്മേളനം മംഗളാലംകൃതമാക്കിത്തീർക്കുവാൻ കാരുണ്യപൂർവ്വം ഇവിടെ സാന്നിദ്ധ്യം വഹിക്കുന്ന ഈ മഹാസദസ്സിനു ആനന്ദതുന്ദിലവും കൃതജ്ഞതാസംഭൃതവും ആയ ഹൃദയത്തോടുകൂടി ഈ വിനീതൻ നമസ്കൃതി അർപ്പിച്ചുകൊള്ളുന്നു. ചരിത്രപ്രകീർത്തിതമായ ഈ ആലങ്ങാട്ടുവെച്ച് കേരള ക്രൈസ്തവ സമുദായ നഭോമണ്ഡലത്തിൽ ഉജ്ജ്വലതാരമായി വിളങ്ങിയ മഹാൻ മാർ ജോസഫ് കരിയാറ്റിയുടെ ഭൗതികാവശിഷ്ട പുനഃസംസ്ക്കരണ കർമ്മത്തോടനുബന്ധിച്ച്, ഈ വാർഷികം ആഘോഷിക്കുവാനിടയായതിൽ കോൺഗ്രസ് ഭാരവാഹികൾക്കുള്ള സംതൃപ്തി വാച്യമാണെന്ന് പ്രസ്താവിക്കുന്നതോടുകൂടി, ആ ഭാഗധേയം ഞങ്ങൾക്കു കൈവരുവാൻ ഹേതുഭൂതനായ എറണാകുളം മെത്രാപ്പോലീത്താ മാർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ പേർക്കുള്ള ഞങ്ങളുടെ ഹൃദയനിർഭരമായ കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ആലങ്ങാടിനു ചരിത്രത്തിലുള്ള സ്ഥാനത്തെപ്പറ്റിയും സഭാപുനരൈക്യത്തിനുള്ള മാർഗ്ഗം വിസ്മൃതമാകേണ്ട കാര്യത്തെപ്പറ്റിയും പരാമർശിച്ചതിനുശേഷം ഇപ്രകാരം പറഞ്ഞു.

ആലങ്ങാടിനു ശ്രദ്ധാവിഷയവും ശ്ലാഘാർഹവുമാക്കുന്നത്, ഈ സ്ഥലം നിസ്തുലസമുദായാഭിമാനിയും സേവനസമ്പന്നനും പണ്ഡിതാഗ്രേസരനും പുനരൈക്യപ്രവാചകനുമായ ഡോക്ടർകരിയാറ്റി ജോസഫ്

www.malankaralibrary.com

മല്പാന് ജന്മംകൊടുത്തുവെന്നുള്ളതാണ്. അദ്ദേഹത്തിന്റെ മഹനീയാശയങ്ങളും നിസ്വാർത്ഥോദ്യമങ്ങളും സാഫല്യത്തിലെത്തുവാനിടയായിരുന്നുവെങ്കിൽ, കേരളത്തിലെ ക്രൈസ്തവ സമുദായചിത്രം ഇന്നത്തെതിനെ അപേക്ഷിച്ച് വളരെയധികം പ്രകാശമാനമാകുമായിരുന്നുവെന്നുള്ളത് തർക്കരഹിതം തന്നെ. മാർതോമ്മാശ്ലീഹായുടെ സുവിശേഷ ഘോഷണഫലമായി ഈ കേരളക്കരയിൽ ആവിർഭവിച്ച നസ്രാണിസമുദായം മാത്സര്യ ബുദ്ധിയും വിഭാഗിക ചിന്തകളുമുപേക്ഷിച്ചു മുൻപോലെ ഒരേ ആദ്ധ്യാത്മികാദ്ധ്യക്ഷന്റെ കീഴിൽ ഒരേ വിശ്വാസാചാരങ്ങളോടുകൂടി ഏകീഭാവത്തിലെത്തുവാൻ തന്റെ ആയുഷ്കാലത്തിൽതന്നെ സാധിക്കുമെന്നു കരുതി ആ സുഭഗാവസ്ഥ കൈവരുത്തുന്നതിലേയ്ക്ക് അവാച്യങ്ങളായ ക്ലേശങ്ങളും ത്യാഗങ്ങളും ഡോക്ടർ കരിയാറ്റി സസന്തോഷം സഹിച്ചുവെങ്കിലും അവയെല്ലാം നിഷ്ഫലമാക്കിത്തീർത്ത് പഴയപിളർപ്പുകൾ നിലനിൽക്കുന്നെവെന്നു മാത്രമല്ല, പുതിയ മതഭേദങ്ങൾ രൂപം പ്രാപിച്ചുവരുന്നുവെന്നുള്ളത് അത്യധികം ഖേദകരമാണ്.

ഈ ഭൗതികാവശിഷ്ടങ്ങൾ ശബ്ദരഹിതമായി "പിതാവേ നീ എന്നിലും ഞാൻ നിന്നിലും ഒന്നായിരിക്കുന്നതുപോലെ, ഇവരും ആയിരിക്കുവാൻ ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. നീ എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുവേണ്ടി ഇവരേയും നമ്മിൽ ഒന്നാക്കിത്തീർത്തരുളേണമെ" (യോഹന്നാൻ 17:21) എന്നീ ദിവ്യ രക്ഷകന്റെ പ്രാർത്ഥന കത്തോലിക്കരേയും അകത്തോലിക്കാ സഹോദരരേയും ഒരുപോലെ അനുസ്മരിപ്പിച്ച്, കേരളത്തെ സംബന്ധിച്ചിടത്തോളം സഭാപുനരൈക്യത്തിനുള്ള മാർഗ്ഗം വിസ്തൃത തരമാക്കിത്തീർക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

ക. കോൺഗ്രസ്സിന്റെ പ്രവർത്തന പരിധികളെപ്പറ്റിയും ചുമതലകളെപ്പറ്റിയും ആധുനിക പ്രശ്നങ്ങളെപ്പറ്റിയും സവിസ്തരം പ്രതിപാദിച്ചശേഷം ഇങ്ങനെ തുടർന്നു.:

ഗോവയിൽവച്ചു ചരമമടഞ്ഞ് അവിടെ സംസ്കരിക്കപ്പെട്ട കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തായുടെ കബറിടത്തിങ്കൽ കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരിലും വൈദികരിലും ഒട്ടധികംപേർ പ്രാർത്ഥിക്കുകയും കബറിടത്തിനു സമീപമുള്ള ബലിപീഠത്തിങ്കൽ ദിവ്യബലി അർപ്പിക്കുകയുണ്ടായിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്നു പുഃനസംസ്ക്കാരം നടത്തുന്നതിലേയ്ക്കു ഇദംപ്രഥമമായി പൊതുജനശ്രദ്ധ ക്ഷണിച്ചത് പരേതനായ ഏണേക്കാട്ടു ബ. ജോസഫ് കത്തനാർ ആയിരുന്നു, അദ്ദേഹത്തെ തുടർന്ന് പരേതനായ മോൺ. കച്ചിറമറ്റം പതിയിൽ മി. അബ്രഹാം ആദിയായവർ പത്രലേഖനങ്ങൾ വഴി ഈ ആശയം ആവർത്തിച്ചുകൊണ്ടിരുന്നു. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുവാനുള്ള നടപടികൾ കൈക്കൊള്ളണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് 1954 -ൽ ഞാൻ പ്രതിനിധി സഭയിലേയ്ക്കു അയച്ച

www.malankaralibrary.com

ഒരു പ്രമേയം വർക്കിംഗ് കമ്മിറ്റി ഔദ്യോഗികപ്രമേയമായി അംഗീകരിക്കുകയും ഉദ്ദിഷ്ടകാര്യസിദ്ധിക്കായി മോൺ ജോൺ കച്ചിറമറ്റം കൺവീനറായി ഒരു കമ്മറ്റിയെ നിയമിക്കുകയും ചെയ്തു. ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്നു കൊണ്ടുപോരുന്നതിനു ആവശ്യമായ അനുവാദം പോർത്തുഗീസ് ഗവൺമെന്റധികാരികളിൽനിന്നും പാത്രിയാർക്കീസിൽ നിന്നും സമ്പാദിക്കുവാൻ മോൺ. കച്ചിറമറ്റത്തിനു സാധിച്ചുവെങ്കിലും ഇന്ത്യാഗവൺമെന്റിന്റെ അനുവാദം ലഭിക്കുന്നതിനുമുമ്പ് അദ്ദേഹം ദിവംഗതനായതിനാൽ അദ്ദേഹത്തിന്റെ സ്ഥാനത്തു കമ്മിറ്റി കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട വെരി. റവ. ഫാദർ തോമസ് അരയത്തിനാൽ അവർകളും മുൻ ജനറൽ സെക്രട്ടറി ശ്രീ. ഇ. എം. ജോസഫ് തുടർന്നു നടത്തിയ ശ്രമഫലമായിട്ടാണ് എല്ലാ സ്ഥാനങ്ങളിൽനിന്നും അനുവാദം ലഭിച്ച് ആറംഗങ്ങൾ ഉൾപ്പെട്ട ഒരു ഡലിഗേഷൻ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ ഗോവയിൽ പോയി ഭൗതികാവശിഷ്ടങ്ങൾ എറണാകുളത്ത് മെത്രാപ്പോലീത്തൻ അരമനയിൽ ആനയിക്കുവാൻ സാധിച്ചത്. റവ. ഫാദർ തോമസ് അരയത്തിനാൽ, റവ. ഡോക്ടർ സി. റ്റി. കൊട്ടാരം, സർവ്വശ്രീ. ഇ. എം. ജോസഫ്, ടി. കെ. വർക്കി, പി. സി. ലൂക്കോസ് എന്നിവരും ഞാനും ഉൾപ്പെട്ട ഡെലിഗേഷൻ അംഗങ്ങൾക്കു ഞങ്ങൾക്കു കർത്തവ്യനിർവ്വഹണത്തിനു ആവശ്യമായിരുന്ന സകലവിധ സഹായസഹകരണങ്ങളും ഗോവാപാത്രീയർക്കീസ് മോസ്റ്റ് റവ. ദോംജോസ് വിയേറ അൾവെർനാസ്സ് തിരുമേനിയിൽനിന്നും കാനൻസ്ഥാനികളിൽ നിന്നും ലഭിക്കുകയുണ്ടായെന്നു അത്യധികമായ കൃതജ്ഞതയോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഡലിഗേഷൻ അംഗങ്ങളെ സ്വീകരിക്കുന്നതിനും ഭൗതികാവശിഷ്ട സ്ഥലം മാറ്റക്കാര്യത്തിൽ ഞങ്ങളെ സഹായിക്കുന്നതിനും അഞ്ചുകാനൻ സ്ഥാനികളാൽ ഉപകല്പിതമായ ഒരു കമ്മറ്റിയെ പാത്രിയാർക്കീസ് തിരുമേനി നിയമിച്ചിരുന്നു. പ്രസ്തുത കമ്മറ്റിയംഗങ്ങളുടേയും ഞങ്ങളുടേയും വേറെ ഒട്ടധികം വൈദികരുടേയും അവൈദികരുടേയും സാന്നിദ്ധ്യത്തിലാണ് മാർ കരിയാറ്റിയുടെ സമാധിയിങ്കലുണ്ടായിരുന്ന ലിഖിതാങ്കിതമായ ചൈതന്യം മാറ്റി ശവക്കുഴിയിലെ സാധനങ്ങൾ സംഭരിച്ചത്, "അസ്ഥിക്കഷണങ്ങളും മണ്ണുകലർന്ന അസ്ഥിശകലങ്ങളും" മറ്റു വസ്തുക്കളും ഞങ്ങളെ ഏല്പിക്കുകയും ഞങ്ങൾ വാങ്ങുകയും ചെയ്ത വിവരത്തിനു ഒരു പ്രമാണം കാനൺസ്ഥാനികളായ കമ്മറ്റിയംഗങ്ങളും ഗോവ അതിരൂപത ചാൻസലരും കത്തീഡ്രൽ സഹായവികാരിയും ഡെലഗേഷനംഗങ്ങളും ഒപ്പുവെച്ചു പാത്രയാർക്കീസ് തിരുമേനിയുടെ കയ്യൊപ്പോടുകൂടി ഗോവയിൽ സൂക്ഷിച്ചിട്ടുണ്ടെന്നുള്ളതും സ്മരണീയമാണ്. കരിയാറ്റി കമ്മറ്റിയുടെ പ്രവർത്തനങ്ങളോട് സഹകരിച്ച എല്ലാവർക്കും നന്ദിപ്രകാശിപ്പിച്ചുകൊണ്ടു പ്രസംഗം ഉപസംഹരിച്ചു.

www.malankaralibrary.com

# 10. പുനഃസംസ്കാര നടപടികളെപ്പറ്റി അഭിവന്ദ്യപിതാക്കന്മാർ

## ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് തിരുമേനിയുടെ കത്ത്

പ്രിയ അഗസ്റ്റിനച്ചന്,

മോൺ. ജോൺ കച്ചിറമറ്റം സ്മാരകഗ്രന്ഥം അയച്ചുതന്നത് കിട്ടി. വളരെ സന്തോഷം. മോൺ. ജോണച്ചനുമായി ദീർഘനാളത്തെ പരിചയം എനിക്കുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയിൽ അദ്ദേഹം വഹിച്ച പങ്ക് മഹത്തരമാണ്. വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിലും അദ്ദേഹം വലിയ സേവനം കാഴ്ചവച്ചിട്ടുണ്ട്.



1952 ലെ ഒരു സംഭവം ഞാനോർക്കുന്നു. വി. ഫ്രാൻസിസ് സേവ്യറുടെ പൂജ്യദേഹം സന്ദർശിക്കാനായി ഞങ്ങൾ ഗോവയിലെത്തി. ഡിസംബർ 4-ാം തീയതി രാവിലെ ഞങ്ങൾ ഗോവവിടുകയായിരുന്നു. ഞാനും പാലാ രൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിലും ഭദ്രാസന ദേവാലയത്തിൽ എത്തി. വി. ശൗരിയാർ പുണ്യവാന്റെ പൂജ്യദേഹത്തിന് സമീപം മോൺ. ജോണച്ചനും അദ്ദേഹത്തിന്റെ രണ്ടും സഹോദരങ്ങളും മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ മദ്ബഹായിൽനിന്ന് ജോണച്ചനെ ആംഗ്യംകാണിച്ചു വിളിച്ചു. ഡോക്ടർ കരിയാറ്റിയുടെ കബറിടത്തുങ്കിൽ നമുക്ക് ഒപ്പീസ് എത്തിക്കാം എന്ന് ഞാൻ ജോണച്ചനോടു പറഞ്ഞു. ഞാനും വയലിൽ പിതാവും പാലാരൂപതയുടെ വികാരി ജനറാൾ ഫാ. എമ്മാനുവേൽ മേച്ചേരിക്കുന്നിലും കരിക്കമ്പള്ളിൽ ഗ്രിഗറി അച്ചനും മോൺ ജോൺ കച്ചിറമറ്റവും കൂടി കരിയാറ്റിയുടെ ശവകുടീരത്തിൽ ഒപ്പീസ് എത്തിച്ചു.

ഞങ്ങൾ എല്ലാം ഗോവയിൽ നിന്നും തിരിച്ച് കേരളത്തിലേയ്ക്കു പോന്നു. രണ്ടുമൂന്നാഴ്ച കഴിഞ്ഞപ്പോൾ സത്യദീപത്തിൽ മോൺ ജോൺ കച്ചിറമറ്റത്തിന്റെ ഒരു ലേഖനം കണ്ടും മാർ കരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുവാൻ ശ്രമിക്കേണ്ട ആവശ്യം ചൂണ്ടിക്കാട്ടിയിട്ടുള്ളതായിരുന്നു ആ ലേഖനം. ഞങ്ങളാരും ചിന്തിക്കാതിരുന്ന ഒരു കാര്യം ആയിരുന്നു അത്. കാര്യമായ പ്രതികരണം ഉണ്ടാകാത്തതിനാലായിരിക്കും ഏതാനും മാസങ്ങൾ കഴിഞ്ഞ് വീണ്ടും ഒരു ലേഖനം കൂടി ഈ വിഷയത്തെക്കുറിച്ച് അദ്ദേഹം എഴുതി. ഈ സന്ദർഭത്തിലാണ് കത്തോലിക്കാ കോൺഗ്രസ് ഈ വിഷയത്തിൽ ഏർപ്പെടുന്നത്. മോൺ കച്ചിറ

www.malankaralibrary.com

മറ്റത്തെ കൺവീനറായി ആ കാര്യത്തിന്റെ നടത്തിപ്പിനായി ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കുന്നത്.

കരിയാറ്റി കമ്മറ്റിയുടേയും മോൺ കച്ചിറമറ്റത്തിന്റേയും പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചുകൊണ്ട് മാർ കരിയാറ്റി കമ്മറ്റിയുടെ സെക്രട്ടറി ടി. കെ. വർക്കി ചേർത്തല തയ്യാറാക്കിയ റിപ്പോർട്ട് ഈ സ്മാരകഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത് സമുചിതമായി. കത്തോലിക്കാ കോൺഗ്രസ്സും മോൺ ജോൺ കച്ചിറമറ്റവും നടത്തിയ ശ്രമങ്ങളെ ഓർമ്മിക്കുവാൻ ഇത് സഹായിക്കും. കച്ചിറമറ്റത്തിന്റെ സ്മാരകഗ്രന്ഥം അയച്ചുതന്നതിന് പ്രത്യേകം നന്ദിപറയുന്നു.

14.06.1961

എന്ന്,


**മാർ മാത്യു കാവുകാട്ട്**

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ

(മോൺ ജോൺ കച്ചിറമറ്റത്തിന്റെ പിതൃസഹോദരപുത്രൻ ഫാ. അഗസ്റ്റിൻ കച്ചിറമറ്റത്തിന് അയച്ച കത്ത്.)

## മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അഭിമാനസ്തംഭമായിരുന്ന കരിയാറ്റി മെത്രാപ്പോലീത്തായുടെ ശതാബ്ധിയാഘോഷങ്ങൾ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന പാറേമാക്കൽ തോമ്മാക്കത്തനാരുടെ ജന്മദേശമായ രാമപുരത്തുവച്ച് നടത്തുവാൻ തീരുമാനിച്ച കേരളകത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരെ ഞാൻ അഭിനന്ദിക്കുന്നു. മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്നും കൊണ്ടുവന്ന് അദ്ദേഹത്തിന്റെ ജന്മദേശമായ ആലങ്ങാട്ടിൽ സ്ഥാപിക്കുവാൻ മുൻകൈയെടുത്തു പ്രവർത്തിച്ചത് ഇന്നാട്ടുകാരനായ മോൺ. ജോൺ കച്ചിറമറ്റവും കത്തോലിക്കാ കോൺഗ്രസ്സുമായിരുന്നുവെന്ന കാര്യം കൃതജ്ഞതാപൂർവ്വം ഞാൻ സ്മരിക്കുന്നു.




(മാർ കരിയാറ്റിയുടെ മെത്രാഭിഷേക ശതാബ്ദിയാഘോഷം 1983 ൽ രാമപുരത്തുവച്ച് രാഷ്ട്രപതി ഗ്യാങ്സെൽസിംഗ് ഉദ്ഘാടനം ചെയ്തു. ആ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ട് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി നടത്തിയ പ്രസംഗത്തിൽ നിന്ന്)

## മാർ സെബാസ്റ്റ്യൻ വയലിൽ

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ഭാരതക്രൈസ്തവ സഭയുടെ അഭിമാനസ്തംഭമായ മാർ കരിയാറ്റി യൗസേപ്പ്

www.malankaralibrary.com

മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 200-ാം വാർഷികം വിപുലമായ തോതിൽ ആഘോഷിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ



സന്തോഷമുണ്ട്.......മാർത്തോമ്മ ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിക്കാൻ വേണ്ടി പാറേമാക്കൽ തോമ്മാക്കത്തനാരുമൊരുമിച്ച് റോമിലേയ്ക്ക് പുറപ്പെട്ടു. പോർട്ടുഗലിലും റോമിലും എല്ലാം എത്തി ബന്ധപ്പെട്ടവരെ മാർതോമ്മാ ക്രിസ്ത്യാനികളുടെ പ്രശ്നങ്ങൾ ഗ്രഹിപ്പിച്ചതിനുശേഷം വീണ്ടും പോർട്ടുഗലെത്തി അവിടെ വച്ച് മാർ കരിയാറ്റിമല്പാനെ മെത്രപ്പോലീത്തായായി വാഴിക്കുകയുണ്ടായി. ഭരണസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി ഗോവയിൽ എത്തി അവിടെ താമസിച്ചുവരവേ അപ്രതീക്ഷിതമായി മാർകരിയാറ്റി ദിവംഗതനായി. മാർത്തോമ്മാക്രിസ്ത്യാനികളെ ദുഖത്തിലാഴ്ത്തിയ ഒരു സംഭവമായിരുന്നു അത്. മാർ കരിയാറ്റിയുടെ മൃതദേഹം ഗോവ കത്തീഡ്രൽ ദേവാലയത്തിൽ സംസ്കരിച്ചു. 174 വർഷങ്ങൾക്കുശേഷം മാർകരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കത്തോലിക്കാ കോൺഗ്രസിന്റെ ശ്രമഫലമായി ആലങ്ങാട് കൊണ്ടുവന്ന് പുനസംസ്കരിച്ചു. ആ പുനസംസ്കരണ ചടങ്ങ് കേരളസഭയുടേയും കത്തോലിക്കാ കോൺഗ്രസിന്റേയും ചരിത്രത്തിൽ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. (മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയോടനുബന്ധിച്ച് സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗത്തിൽ നിന്ന്.)

## ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്

പ്രാരംഭകാലഘട്ടത്തിൽ സംഘടന സമൂഹവും സമുദായവും നേരിട്ടിരുന്ന പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും സാമൂഹിക മാറ്റ



ങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു എന്നുള്ളത് ഇന്നത്തെ തലമുറ വിസ്മരിക്കുന്ന യാഥാർത്ഥ്യമാണ്. മലയാളി മെമ്മോറിയൽ പ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭം, ദിവാൻ സി.പി.ക്കെതിരെ നടന്ന പ്രക്ഷോഭണങ്ങൾ, വിമോചനസമരത്തിന് കളമൊരുക്കിയ വിദ്യാഭ്യാസ സമരം, അമരാവതി കുടിയിരുത്തൽ, ചുരുളി കീരിത്തോട് കുടിയിറക്ക് എന്നിവക്കെതിരെ നടന്ന സമരം, 1972-ലെ കോളേജ് സമരം തുടങ്ങിയവയ്ക്ക് നേതൃത്വം നല്കിയത് കത്തോലിക്കാ കോൺഗ്രസ്സ് ആയിരുന്നു. മാർകരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്ന് പുനഃപ്രതിഷ്ഠ നടത്തിയതും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലായിരുന്നു. (മാർ ജോസഫ് കല്ലറങ്ങാട്ട് 2015 ഏപ്രിൽ മാസത്തിൽ പുറപ്പെടുവിച്ച സർക്കുലറിൽ നിന്ന്. സ്വാന്തനപ്രകാശം)

www.malankaralibrary.com

# 11. മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷം

മാർ കരിയാറ്റി മെത്രാഭിഷേക ദ്വിശതാബ്ധി അതിവിപുലമായ രീതിയിൽ ആഘോഷിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു. ആലങ്ങാട്ട് വച്ചു നടത്തണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. അതിനായി ശ്രമിച്ചു എറണാകുളത്തോ ആലങ്ങട്ടോ അതിനുള്ള സാഹചര്യമുണ്ടായില്ല. അപ്പോഴാണ് ഈ ലേഖകന്റെ രൂപതയിലെ രാമപുരം ഫൊ. പള്ളിയിൽ വച്ച് നടത്താമെന്ന് തീരുമാനിച്ചത്. മാർ. സെബാസ്റ്റ്യൻ വയലിൽ പിതാവിനേയും മാർ. ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനേയും രാമപുരം ഫൊ. പള്ളി വികാരിയേയും സന്ദർശിച്ചു സംസാരിച്ചു. അവരെല്ലാം സന്തോഷപൂർവ്വം ആ തീരുമാനം അംഗീകരിച്ചു. കേരളം കണ്ട ഏറ്റവും വലിയ സംഘാടകനായിരുന്ന രാമപുരം ഫൊറോന പള്ളി വികാരി ഫാ. എമ്മാനുവേൽ ചെറുകരകുന്നേലിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. അന്ന് എം പി ആയിരുന്ന എം. എം ജേക്കബിനെ വിവരം അറിയിക്കുകയും ഒരു കേന്ദ്രമന്ത്രിയേയോ ഇന്ത്യൻ വൈസ് പ്രസിഡന്റിനേയോ മുഖ്യാതിഥിയായി ക്ഷണിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ശ്രീ. ജേക്കബ് പറഞ്ഞു. "എന്തിന് കേന്ദ്രമന്ത്രിയെ ആക്കണം ഇന്ത്യൻ പ്രസിഡന്റിനെത്തന്നെ കൊണ്ടുവരണം." പ്രവർത്തകർക്ക് ആവേശമായി. എം. എം ജേക്കബ് ചെയർമാനും ഫാ. ചെറുകരക്കുന്നേൽ പ്രസിഡന്റും ഈ ലേഖകൻ ജനറൽ കൺവീനറുമായി ഒരു കമ്മറ്റിയെ തിരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രപതിയെ ക്ഷണിച്ചു. സഭയുടെ ചരിത്രത്തിലെ ഏറ്റം വലിയ സംഭവമായി ഈ സമ്മേളനം മാറി.

പ്രവർത്തനം ഊർജ്ജിതമയി മുന്നോട്ടു നീങ്ങിയപ്പോൾ സത്യദീപത്തിൽ ഒരു കുറിപ്പ്. പി.ടി വെള്ളാരപ്പള്ളി വായനക്കാരുടെ പംക്തിയിൽ എഴുതിയതിന്റെ ചുരുക്കം താഴെ ചേർക്കുന്നു. "കേരളത്തിലെ പ്രഥമ ഏതദേശീയ മെത്രാപ്പോലീത്തായുടെ ജന്മസ്ഥലവും അന്ത്യവിശ്രമ സ്ഥലവും രൂപതയുമൊക്കെ അജ്ഞാതമായതുകൊണ്ടാണോ മാർ കരിയാറ്റിയുടെ സഹപ്രവർത്തകന്റെ കുഴിമാടം അന്വേഷിച്ച് ദ്വിശതാബ്ദിയാഘോഷത്തിന് കത്തോലിക്കാ കോൺഗ്രസ് ഇറങ്ങിപ്പുറപ്പെട്ടത്." കത്തോലിക്കാ കോൺഗ്രസിനെതിരായി വെള്ളാരപ്പള്ളിയെപ്പോലുള്ള നാമധാരികൾ സത്യദീപത്തിലൂടെയും മലബാർ മെയിലിലൂടെയും പല സന്ദർഭങ്ങളിലും എഴുതിയിട്ടുണ്ട്.

www.malankaralibrary.com

ഈ കുറിപ്പിൽ എഴുതിയിരിക്കുന്ന പ്രശ്നത്തെപ്പറ്റി സത്യസന്ധമായ ഒരു റിപ്പോർട്ട് എഴുതിയാൽ സത്യദീപത്തിന്റേയും മറ്റു പലരുടേയും അഭ്യാസങ്ങൾ പുറത്തുവരും. മാർ കരിയാറ്റിയുടെ മെത്രാഭിഷേക ദ്വിശതാബ്ദിയാഘോഷിക്കുന്നതിനെപ്പറ്റി കേരളത്തിലെ സീറോ - മലബാർ സഭയിലെ എല്ലാ മെത്രാന്മാരെയും എ. കെ.സി. സി സെക്രട്ടറിയെന്ന നിലയിൽ ഈ ലേഖകൻ കണ്ടു സംസാരിച്ചിരുന്നു. പലരുടേയും സമീപനം ദുഖകരവും വേദനാജനകവുമായിരുന്നു. രണ്ടു നൂറ്റാണ്ടുമുൻപ് മരിച്ചുപോയ ഒരു മെത്രാപ്പോലീത്തായുടെ ജൂബിലിയാഘോഷത്തിൽ അവർ താൽപര്യം കാണിക്കാത്തതിൽ എനിക്ക് പരാതിയില്ല. രാഷ്ട്രപതി പങ്കെടുക്കുന്ന ആഘോഷപരിപാടികളുടെ നടത്തിപ്പിന് രൂപീകരിച്ച കമ്മറ്റിയുടെ രക്ഷാധികാരിയായിരിക്കുവാൻ വിസമ്മതിച്ച സഭാദ്ധ്യക്ഷന്മാരോടെനിക്ക് പരാതിയില്ല. ഇന്നത്തെ സീറോ മലബാർ സഭയുടെ വളർച്ചയിൽ മാർ കരിയാറ്റിയോടും പാറേമ്മാക്കൽ തോമ്മാക്കത്തനാരോടും സമുദായം കടപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവ് സഭയിലെ എല്ലാ വൈദിക മേലദ്ധ്യക്ഷന്മാർക്കും ഉണ്ടാകേണ്ടതാണ്.

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടം കേരളത്തിലേയ്ക്ക് കൊണ്ടുവരികയെന്ന ആശയം ആദ്യം അവതരിപ്പിച്ചപ്പോൾ അത് ഉൾക്കൊള്ളുവാൻ സന്മനസ്സ് കാണിച്ചത് കത്തോലിക്കാ കോൺഗ്രസ് മാത്രമായിരുന്നു. രാമപുരംകാരനായ മോൺ. ജോൺ കച്ചിറമറ്റവും കത്തോലിക്കാ കോൺഗ്രസും എന്തുകൊണ്ടാണ് മാർകരിയാറ്റിയുടെ ഭൗതീകാവശിഷ്ടങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്നതെന്നും ആലങ്ങാട്ടുകാരും എറണാകുളംകാരുമാണ് അതിന് ശ്രമിക്കേണ്ടതെന്നും സത്യദീപം അന്നെഴുതിയോ എന്ന് എനിക്ക് നിശ്ചയമില്ല.

സീറോ-മലബാർ സഭയിലെ പല പ്രമുഖന്മാരുടേയും പ്രവർത്തനങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ഇന്ത്യയുടെ ദേശീയ നവോത്ഥാന പ്രസ്ഥാനത്തിന് വിലപ്പെട്ട സംഭാവന നൽകിയെന്ന തിരിച്ചറിവ് സമുദായത്തിലെ അംഗങ്ങൾക്കുണ്ടാകണം. ആ ലക്ഷ്യം വച്ചുകൊണ്ടാണ് കത്തോലിക്കാ കോൺഗ്രസ് ഈ നിലയിലുള്ള പ്രവർത്തനം നടത്തുന്നത്.

ലക്ഷക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് രാമപുരത്ത് കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രപതിയെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ മഹാസമ്മേളനം കുറേ കഴിയുമ്പോൾ കത്തോലിക്കാ കോൺഗ്രസ് നടത്തിയതല്ലെന്ന് ആരെങ്കിലും പറയുവാൻ ധൈര്യപ്പെട്ടെന്ന് വരാം.

○

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



# മാർ കരിയാറ്റിയും
## കത്തോലിക്കാ കോൺഗ്രസ്സും

**ജോൺ കച്ചിറമറ്റം**

മാർ തോമ്മാ ക്രിസ്ത്യാനികളുടെ അഭിമാനസ്തംഭമായ മാർ കരിയാറ്റി 1886 സെപ്റ്റംബർ 10-ാം തീയതി ഗോവായിൽവച്ച് ദിവംഗതനായി. മൃതശരീരം ഗോവാ ഭദ്രാസനദേവാലയത്തിൽ സംസ്കരിച്ചു.

137 വർഷങ്ങൾക്കുശേഷം സീറോ-മലബാർ ഹൈരാർക്കി സ്ഥാപിതമായി. 1925-ൽ റോമിൽവച്ച് ദിവംഗതനായ മാർ തോമസ് കുര്യാളശ്ശേരിയുടെ ഭൗതികാവശിഷ്ടങ്ങൾ 10 വർഷത്തിനുശേഷം റോമിൽനിന്നും കൊണ്ടുവന്ന് ചങ്ങനാശ്ശേരി ഭദ്രാസനദൈവാലയത്തിൽ സംസ്കരിച്ചു. ആ സമയങ്ങളിൽ ഒന്നും മാർ കരിയാറ്റിയെപ്പറ്റി ആരെങ്കിലും ചിന്തിച്ചുവെന്ന് പറയുവാൻ സാദ്ധ്യമല്ല.

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ കൊണ്ടുവന്ന് പുനഃസംസ്ക്കരിക്കണമെന്ന് ആദ്യമായി അഭിപ്രായപ്പെട്ടത് 1952-ൽ മോൺ. ജോൺ കച്ചിറമറ്റമാണ്. കാര്യമായ പ്രതികരണം ഒന്നും ഉണ്ടായില്ല. രണ്ടുവർഷം കഴിഞ്ഞപ്പോൾ അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് ആ ദൗത്യം ഏറ്റെടുത്തു. 1955-ൽ മേൽ നടപടികൾക്കായി കത്തോലിക്കാ കോൺഗ്രസ് മോൺ. കച്ചിറമറ്റം കൺവീനറായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. ആ കമ്മിറ്റിയുടെ ശ്രമഫലമായിട്ടാണ് മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ എത്തിച്ചത്. ഇന്നുവരെ ചോദ്യം ചെയ്യപ്പെടാത്ത ഒരു വസ്തുതയാണിത്.

"സിറോ-മലബാർ ഹൈരാർക്കിയുടെ നേതൃത്വത്തിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ സഹകരണത്തിലുമാണ്" എന്നു പറയുന്നതായിരിക്കും കൂടുതൽ അഭികാമ്യമെന്ന് ചില വൈദികമേലദ്ധ്യക്ഷന്മാർ ഈയിടെ അഭിപ്രായപ്പെടുകയുണ്ടായി. എന്താണ് സത്യം? ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു.

ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ പിഴക് പോസ്റ്റ്, 686 651 കോട്ടയം

Design : Joseph Francis Pala 9447137342

www.malankaralibrary.com